# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2014 പുസ്തകം 1 ലക്കം 2

October 2014 Volume1 Issue 2

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസിസ്റ്റന്റ് എഡിറ്റർ
**അരുൺ എസ്.എസ്.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **നാഫിഹ് എം.,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** ***സമകാലിക ജനപഥം*** തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2517036**


## മുഖക്കുറിപ്പ്

# ജാഗ്രത്തായിരിക്കേണ്ട കാലം

ഒരു രാഷ്ട്രത്തിന്റെ വളർച്ചയും പുരോഗതിയും നിലനില്പും ശക്തമായ നേതൃത്വത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകൾക്കനുസരിച്ചായിരിക്കും. 1947 ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ പുതുരഷ്ട്രത്തെ നയിക്കാൻ പ്രാപ്തരായ വിദ്യാസമ്പന്നരും വിശാലവീക്ഷണമുള്ളവരുമായ ഒരുകൂട്ടം നേതാക്കൾ നമുക്കുണ്ടായിരുന്നു. ഗാന്ധിജിയും നെഹ്രുവും സ്വതന്ത്രഭാരതത്തിന്റെ രണ്ടു ശക്തിസ്തംഭങ്ങളായിരുന്നു. സ്വന്തം മൂല്യസങ്കല്പങ്ങളും ആശയദൃഢതയും കൊണ്ട് ഗാന്ധിജി രാജ്യത്തിന്റെ ആത്മാവിനെ സ്വാധീനിച്ചപ്പോൾ, ശക്തമായ വികസനകാഴ്ചപ്പാടും ദൃഢമായ പ്രായോഗികതയും ഉയർത്തിപ്പിടിച്ച് നെഹ്രു രാജ്യത്തെ നയിച്ചു.

സ്വതന്ത്ര ഭാരതത്തിന്റെ ആദ്യ പ്രധാനമന്ത്രി നെഹ്രുവിന്റെ 125 ാം ജന്മവാർഷികമാണിത്. നെഹ്രുവിന്റെ വിടപറയലിനുശേഷം അര നൂറ്റാണ്ടും പിന്നിടുന്നു. നാനാത്വത്തിൽ ഏകത്വമെന്ന ഭാരതീയ ചിന്താധാരയ്ക്ക് അർഥവത്തായ അടിത്തറപാകിയതിൽ ചെറുതല്ലാത്ത പങ്ക് നെഹ്രുവിനുണ്ട്. വ്യത്യസ്ത മതവിശ്വാസങ്ങളും ജീവിതരീതികളും സാംസ്കാരിക വൈവിധ്യങ്ങളുമുള്ള നാടിനെ വിശാലമായ കാഴ്ചപ്പാടോടുകൂടി നയിക്കാനും ഒരുമിച്ചു നിർത്താനും കഴിഞ്ഞത് ചരിത്രമാണ്. ഇന്ത്യൻ സമൂഹത്തിലെയും രാഷ്ട്രീയത്തിലെയും വ്യത്യസ്തമായ ആശയഗതികളെ വ്യക്തമായ ദിശാബോധത്തോടെ സമീപിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും അടിത്തറ അതിസൂക്ഷ്മമായി നിലനിർത്തി പരിപാലിച്ചതിൽ നെഹ്രുവിനോട് നാം കടപ്പെട്ടിരിക്കുന്നു. അക്കാലത്ത് ബ്രിട്ടീഷ് കോളനി വാഴ്ചയിൽനിന്ന് സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും ഏകാധിപത്യത്തിന്റെയും മതഭ്രാന്തിന്റെയും ഈറ്റില്ലങ്ങളായിത്തീർന്നപ്പോൾ, ജനാധിപത്യത്തിന്റെ പതാക ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ വലിയ രാജ്യത്തിന്റെ അഖണ്ഡത കാത്തുസൂക്ഷിക്കാൻ നെഹ്രുവിന് കഴിഞ്ഞു.

ആധുനിക ഇന്ത്യയുടെ ശില്പിയെന്ന നിലയിൽ വികസനത്തിന് സ്വന്തമായ വഴി വെട്ടിത്തുറക്കുവാനും നെഹ്രുവിന് സാധിച്ചു. വിപണി സമ്പദ്‌വ്യവസ്ഥയുടെയും സാമൂഹികനീതിയുടെയും ആശയങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള വികസന സങ്കല്പം ഇന്നും നാം സംരക്ഷിക്കുന്നു. പഞ്ചവത്സരപദ്ധതികളിലൂടെ രാജ്യത്തിന്റെ എല്ലാ കോണുകളിലും വികസനത്തിന്റെ വിത്തുപാകുവാൻ അക്കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്.

ക്രാന്തദർശിയായ രാഷ്ട്രതന്ത്രജ്ഞന്റെ എല്ലാ ഗുണങ്ങളും ഒത്തിണങ്ങിയ വ്യക്തിത്വമായിരുന്നു നെഹ്രുവിന്റേത്. സമാധാനം, ജനാധിപത്യം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള നെഹ്രുവിന്റെ കാഴ്ചപ്പാടിന്റെ മഹത്വം നാം ഇനിയും കൂടുതൽ ആഴത്തിൽ പഠിക്കേണ്ടതുണ്ട്. തത്വചിന്തകൻ, എഴുത്തുകാരൻ, ജനാധിപത്യവാദി, വിശ്വപൗരൻ, മാനവികതാവാദി എന്നിങ്ങനെ ആശയപരമായി വിയോജിക്കുന്നവരുടെപോലും ആദരവ് വിവിധ തലങ്ങളിൽ പിടിച്ചുപറ്റാൻ നെഹ്രുവിന് കഴിഞ്ഞിട്ടുണ്ട്.

ഏറെ വെല്ലുവിളികൾ നേരിടുന്ന ഒരു കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഗാന്ധിജിയും നെഹ്രുവും സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ ധീര ദേശാഭിമാനികളും അടിത്തറയിട്ട മൂല്യസങ്കല്പങ്ങൾ തകർന്നുപോകാതെ കാത്തുസൂക്ഷിക്കുവാൻ ചരിത്രത്തിലേക്ക് ഇടയ്ക്കൊന്നു തിരിഞ്ഞുനോക്കുന്നത് നന്ന്.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

ഉള്ളടക്കം


10
**ഇന്ത്യയെ കണ്ടെത്തിയ നെഹ്റു**
ശശിതരൂർ

15
**നെഹ്റുവിന്റെ ജനാധിപത്യ പാത**
ബി.ആർ.പി. ഭാസ്കർ/അരുൺ ടി. വിജയൻ

20
**മകനേ മഴവില്ല് കുലയ്ക്കാനാവില്ല**
എസ്. ഗോപാലകൃഷ്ണൻ

22
**പൂർണമാകാത്ത ഭാരതാന്വേഷണം**
ബാബു തളിയത്ത്

24
**നവഭാരതശില്പി ഒരോർമ**
സുജീഷ് ചൂഴാറ്റുകോട്ട

30
**ഭാഗധേയസമാഗമം**

32
**സൂര്യനും മഞ്ഞുതുള്ളിയും**
വിനു എ.

34
**കത്തിലൂടെ അറിവ്**
ദേവി വിഷ്ണുപ്രിയ ടി.വി.







28
ഫോട്ടോ ഫീച്ചർ

35
വശ്യചാരുത
വലംവെക്കുന്ന ചിറ്റാർ
പി.എം. മണി, വെള്ളറട

38
വരുന്നു വയോധികരുടെ ലോകം
അഷ്റഫ് കാവിൽ






41
വടകരയിലെ ഗതാഗതവിപ്ലവം
കെ. പ്രദീപൻ

6 മംഗൾയാനിന്റെ വിജയം

8 കേരള വാർത്തകൾ

44 ജാലകം


46 ജില്ലകളിലൂടെ

50 പദപാഠം

51 പുസ്തക പരിചയം

52 ഭരണഭാഷ

54 കാലത്തിനൊപ്പം


നെഹ്റു ചിത്രങ്ങൾക്ക് കടപ്പാട് - photodivision.gov.in

## 7:41 സൗവർണ നിമിഷം

# 121 കോടി ജനതയുടെ പ്രാർഥനകൾ സഫലമാക്കി

# മംഗൾയാനിന്റെ വിജയം

ഇന്ത്യൻ ജനതയുടെ പ്രത്യാശകളായിരുന്നു പത്തുമാസം മുമ്പ് ബഹിരാകാശത്തേക്ക് ജ്വലിച്ചുയർന്നത്. അത് 66.5 കോടി കിലോമീറ്റർ താണ്ടി ചൊവ്വയുടെ ഭ്രമണപഥത്തിലെത്തിയപ്പോൾ ഒരു ജനതയുടെ അഭിമാനവും ഗ്രഹാന്തരങ്ങളോളം ഉയരുകയായിരുന്നു. സെപ്റ്റംബർ 25-ന്റെ പ്രഭാതത്തിൽ 7.41ന് ഇന്ത്യയുടെ മംഗൾയാൻ എന്ന ചൊവ്വാപര്യവേഷണ ഉപഗ്രഹം വിജയപഥത്തിലെത്തിയപ്പോൾ ഇന്ത്യയുടെ ശാസ്ത്രലോകവും ചരിത്രത്തിലേക്ക് നടന്നുകയറുകയായിരുന്നു. പുതുതായി പിറന്നുവീണ ഒരു രാഷ്ട്രത്തിന്റെ ബാലാരിഷ്ടതകളെയും നിരവധി വെല്ലുവിളികളെയും പിന്നിട്ട് ഡോ. വിക്രം സാരാഭായിയുടെ നേതൃത്വത്തിൽ തുടക്കമിടുകയും നാടിന്റെ പ്രൗഢ ബഹിരാകാശഗവേഷണ സ്ഥാപനമായി മാറുകയുംചെയ്ത ഇന്ത്യൻ സ്പേസ് റിസർച് ഓർഗനൈസേഷനിലെ ശാസ്ത്രസമൂഹത്തിനും അണിയാൻ അനവധി പൊൻതൂവലുകളാണ് ഈ ദൗത്യം സമ്മാനിച്ചത്.

ചൊവ്വയെ അറിയാൻ അമ്പത്തിമൂന്നോളം ദൗത്യങ്ങളുണ്ടായെങ്കിലും അമേരിക്കയുടെ നാസ, പഴയ സോവിയറ്റ് യൂണിയന്റെ റോസ്കോസ്മോസ്, യൂറോപ്യൻ സ്പേസ് ഏജൻസി എന്നിവ മാത്രമാണ് ഇതുവരെ വിജയം കണ്ടത്. (1964 നവംബർ 28-ന് നാസയുടെ മാരിനറാണ് ആദ്യം ദൗത്യം ജയിച്ചത്, 1971-ൽ സോവിയറ്റ് യൂണിയനും യൂറോപ്യൻ സ്പേസ് ഏജൻസിയും ആദ്യമായി തങ്ങളുടെ പേടകങ്ങളെ ചൊവ്വയുടെ ഭ്രമണപഥത്തിലെത്തിച്ചു.) അതിനൊപ്പം നാലാമതായി ഇന്ത്യയെയും എത്തിച്ചതുമാത്രമല്ല ഐ.എസ്.ആർ.ഒ ശാസ്ത്രസമൂഹത്തെ ശ്രദ്ധേയമാക്കുന്നത്. മറ്റു ചൊവ്വാദൗത്യങ്ങളെല്ലാം പരാജയപ്പെട്ട പല പരിശ്രമങ്ങൾക്കുശേഷമാണ് ലക്ഷ്യം കണ്ടതെങ്കിൽ ആദ്യപരീക്ഷണത്തിൽതന്നെ വിജയിക്കാനായത് ഇന്ത്യയുടെ തിളക്കം പതിന്മടങ്ങേറ്റുന്നു. ചൈനയും ജപ്പാനുമുൾപ്പെടെ ഏഷ്യൻ വൻശക്തികൾ പരാജയപ്പെട്ടപ്പോൾ ഇന്ത്യക്ക് വിജയിക്കാനായതും അഭിമാനകരമാണ്. മംഗൾയാന് അല്പദിവസം മുമ്പ് ചൊവ്വയെ വലംവെച്ചുതുടങ്ങിയ മേവൻ പര്യവേഷണദൗത്യത്തിന്റെ ചെലവ് 671 ദശലക്ഷം ഡോളറാണെങ്കിൽ കേവലം 75 ദശലക്ഷം ഡോളറിന് മംഗൾയാന് ദൗത്യം പൂർത്തിയാക്കാനായതും ആഗോളതലത്തിൽ സവിശേഷ ശ്രദ്ധ നേടി.

പ്രധാനമായും മംഗൾയാന്റെ ലക്ഷ്യങ്ങൾ ജീവന്റെ സാന്നിധ്യം ചൊവ്വയിലുണ്ടോയെന്ന് അറിയാൻ മീഥേൻ ഘടകം അന്തരീക്ഷത്തിലുണ്ടോയെന്ന് പരിശോധിക്കുക, ജലസാന്നിധ്യം കണ്ടെത്താൻ ഹൈഡ്രജന്റെയും ഡ്യൂട്ടീരിയത്തിന്റെയും അനുപാതം പരിശോധിക്കുക, മണ്ണിന്റെ ഘടന, ചൊവ്വ അന്തരീക്ഷത്തിലുള്ള മറ്റു ഘടകങ്ങളെയും പഠിക്കുക എന്നിവയാണ്.

2012-ലാണ് ഇന്ത്യ ചൊവ്വ ദൗത്യം പ്രഖ്യാപിക്കുന്നത്. 2013 നവംബർ അഞ്ചിന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്ന് പിഎസ് എൽവി സി-25 റോക്കറ്റ് മംഗൾയാൻ വിക്ഷേപിക്കുന്നത്. അതുമുതൽ താത്കാലികപഥത്തിൽ ഭൂമിയെ വലംവെച്ച പേടകത്തെ ഡിസംബർ ഒന്നിനാണ് ഭൂമിയുടെ സ്വാധീനത്തിൽനിന്ന് മോചിപ്പിച്ച് സൂര്യനുചുറ്റുമുള്ള ഭ്രമണപഥത്തിലാക്കിയത്. സൂര്യനെ പകുതിവലംവെച്ച് 227 ദിവസങ്ങൾക്കുശേഷമാണ് പേടകത്തിന്റെ ദിശ തിരിച്ചുവിട്ടത്. മംഗൾയാൻ ചൊവ്വയെ ഒരുതവണ ചുറ്റാൻ 72 മണിക്കൂറും 51 സെക്കൻഡുമെടുക്കുമെന്നാണ് കണക്കാക്കുന്നത്. ചൊവ്വയിൽനിന്ന് അടുത്തായിരിക്കുമ്പോൾ മംഗൾയാൻ 421.7 കി.മീറ്ററും അകലത്തായിരിക്കുമ്പോൾ 76,993.6 കി.മീറ്ററും അകലം പുലർത്തുന്നു.

1961 നവംബർ 21-ന് അന്നത്തെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങളുടെയും ശാസ്ത്രജ്ഞാനത്തിന്റെയും പിന്തുണയാൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത്, കേരളത്തിലെ തുമ്പയിൽ നിന്ന് ആദ്യമായി വിക്ഷേപിച്ച റോക്കറ്റിൽനിന്നാരംഭിച്ച ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ മുന്നേറ്റത്തിലെ നാഴികക്കല്ലായിരുന്നു ചാന്ദ്രപഠനങ്ങൾക്കായി വിക്ഷേപിച്ച ചാന്ദ്രയാൻ. ഇപ്പോഴിതാ മംഗൾയാൻ ഇന്ത്യൻ ശാസ്ത്രലോകത്തിന് അപാരമായ ആത്മവിശ്വാസം സൃഷ്ടിക്കുന്ന മറ്റൊരു സൗവർണനിമിഷംകൂടി സമ്മാനിച്ചിരിക്കുന്നു.



# ഗാന്ധിജിയുടെ സ്മരണ പുതുക്കി കേരളം



ഗാന്ധിജയന്തി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

സമൂഹത്തിൽ നന്മയും പുരോഗതിയുമുണ്ടാവാൻ ഗാന്ധിമാർഗത്തിലൂടെ സഞ്ചരിക്കണമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളും ഗാന്ധിയൻ സംഘടനകളുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ഗാന്ധിജയന്തി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗാന്ധിമാർഗത്തിൽ നിന്ന് വ്യതിചലിച്ചാൽ തിന്മയാണ് സംഭവിക്കുക.

# ആർ.സി.സി ഇനി സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്




ആർ.സി.സി.യെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി കേന്ദ്ര ആരോഗ്യമന്ത്രി ഹർഷവർദ്ധൻ പ്രഖ്യപിക്കുന്നു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ആരോഗ്യ മന്ത്രി വി.എസ്. ശിവകുമാർ സമീപം.

തിരുവനന്തപുരം റീജ്യണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനെ (ആർ.സി.സി.) സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി ഹർഷവർദ്ധൻ പ്രഖ്യാപിച്ചു. ആർ.സി.സിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പദ്ധതി വിഹിതമായി 117 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് ആർ.സി.സിയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സംസ്ഥാനത്ത് ക്യാൻസർ ബാധിതരുടെ എണ്ണത്തിൽ വർധനവ് ഉണ്ടായിട്ടുണ്ട്. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും താങ്ങാനാവാത്ത ചെലവ് വരുന്നതു മൂലം സാധാരണക്കാർക്ക് രോഗം കണ്ടെത്തി ചികിത്സിക്കാൻ കഴിയാതെ വരുന്നു. ജനസമ്പർക്ക പരിപാടികളിൽ ഇത്തരത്തിലുള്ള നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് എല്ലാ ക്യാൻസർ ബാധിതർക്കും സൗജന്യ ചികിത്സയ്ക്കുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു. ആർ.സി.സിക്ക് ദേശീയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പദവി നൽകണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. 1981 ലാണ് തിരുവനന്തപുരത്ത് റീജ്യണൽ ക്യാൻസർ സെന്റർ പ്രവർത്തനം തുടങ്ങിയത്.

മഹത്തായ രക്തസാക്ഷിത്വത്തിന് വർഷങ്ങൾക്കു ശേഷവും മഹാത്മജി നമ്മുടെ സമൂഹത്തിൽ അനശ്വരനായി നിലനിൽക്കുകയാണ്. ഗാന്ധിയൻ സന്ദേശങ്ങളുടെ പ്രസക്തിയും പ്രാധാന്യവും വർധിച്ചുവരികയാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. മദ്യവിമുക്തവും ശുചിത്വപൂർണവുമായ കേരളം കെട്ടിപ്പടുക്കാൻ സംസ്ഥാന സർക്കാർ കൈക്കൊണ്ട തീരുമാനം മഹാത്മജിക്ക് കേരളം നൽകുന്ന ആദരാഞ്ജലിയാണ്. ആദ്യശ്രമത്തിൽ ചൊവ്വാ ദൗത്യത്തിൽ വിജയിക്കാനായെങ്കിലും രാജ്യത്ത് വർഗീയതയും തീവ്രവാദവും പോലുള്ള അപമാനകരമായ അവസ്ഥ നിലനിൽക്കുന്നുണ്ട്. ഗാന്ധിമാർഗത്തിൽ അടിയുറച്ചുനിന്ന് പ്രവർത്തിച്ചാൽ മാത്രമേ ഇതിന് പരിഹാരം കാണാനാകു എന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന പരിപാടിയിൽ ഗാന്ധിജി ജീവിതവും ദർശനവും ഓൺലൈൻ പ്രശ്നോത്തരിയ്ക്കും പി.ആർ.ഡി. വെബ്സൈറ്റിൽ ലഹരിവിരുദ്ധ സന്ദേശ ഫോട്ടോ ഗാലറിയ്ക്കും മുഖ്യമന്ത്രി തുടക്കം കുറിച്ചു. ലഹരി വിരുദ്ധ സന്ദേശ ഗാനങ്ങൾ സി.ഡി. കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. പി.കെ. രാധാകൃഷ്ണന് നൽകി മുഖ്യമന്ത്രി പ്രകാശിപ്പിച്ചു. ചടങ്ങിൽ കെ. മുരളീധരൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. മേയർ അഡ്വ. കെ. ചന്ദ്രിക, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ.കെ. അൻസജിത റസൽ, നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പാളയം രാജൻ എന്നിവർ ആശംസകൾ നേർന്നു. പി.ആർ.ഡി. ഡയറക്ടർ മിനി ആന്റണി സ്വാഗതവും അഡീഷണൽ ഡയറക്ടർ സി. രമേശ് കുമാർ കൃതജ്ഞതയും രേഖപ്പെടുത്തി. തുടർന്ന് ഗ്ലോബൽ ഗാന്ധിയൻ ഫൗണ്ടേഷന്റെയും തിമോത്തീസ് ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന വീൽ ചെയർ വിതരണം മന്ത്രി കെ.സി. ജോസഫ് നിർവഹിച്ചു

മദ്യത്തിനും മയക്കുമരുന്നിനും സാമൂഹിക അനാചാരങ്ങൾക്കുമെതിരെയുള്ള ഗാന്ധിജിയുടെ ആശയങ്ങൾ നടപ്പിൽ വരുത്താൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന സാർഥകമായ നടപടികൾക്ക് പൊതുസമൂഹത്തിന്റെ പിന്തുണ വേണമെന്ന് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ കിഴക്കേക്കോട്ട ഗാന്ധിപാർക്കിൽ സംഘടിപ്പിച്ച അനുസ്മരണച്ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. മദ്യവർജനം, മദ്യനിരോധനം എന്നീ ലക്ഷ്യങ്ങളിലേക്ക് സംസ്ഥാനം നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോവുകയാണ്. നിയമവും നടപടികളും കൊണ്ടുമാത്രം സർക്കാർ തീരുമാനങ്ങൾ നടപ്പാക്കാനാവില്ല. പൊതുസമൂഹത്തിന്റെ ഒരേ മനസ്സോടെയുള്ള പിന്തുണയും ഇതിന് അനിവാര്യമാണ്. പത്ത് വർഷം കഴിയുമ്പോൾ ബിവറേജസിന്റെ വില്പനകേന്ദ്രങ്ങൾ മുഴുവൻ അടച്ചുപൂട്ടി മദ്യവിമുക്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. കലാലയങ്ങളിലൂടെയും മറ്റുമുള്ള ബോധവത്കരണ പരിപാടികളിലൂടെ സമൂഹത്തെ ഈ ലക്ഷ്യത്തിന് സജ്ജമാക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. വർത്തമാനകാല സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഗാന്ധിജിയൻ ആശയങ്ങളാണ് പരിഹാരമെന്ന് ലോകം തിരിച്ചറിയുമ്പോഴും ചിലർ വിലകുറഞ്ഞ പ്രശസ്തിക്കായി ഗാന്ധിജിയെ അപഹസിക്കുന്നത് വേദനാജനകമാണ്. ഇത്തരം ശബ്ദങ്ങളെ ഒറ്റപ്പെടുത്താൻ നമുക്ക് കടമയുണ്ടെന്നും മന്ത്രി പറഞ്ഞു. ഗാന്ധി പാർക്കിലെ ചടങ്ങുകൾക്ക് മന്ത്രിയും ഗായകൻ ഡോ.കെ.ജെ.യേശുദാസും ചേർന്ന് ഭദ്രദീപം കൊളുത്തി തുടക്കം കുറിച്ചു. തുടർന്ന് ഗാന്ധി പ്രതിമയിൽ ഹാരാർപ്പണവും പുഷ്പാഞ്ജലിയും നടത്തി. ദേശീയ ബാലതരംഗത്തിന്റെയും സ്വരാഞ്ജലിയുടെയും ആഭിമുഖ്യത്തിൽ നടന്ന സർവമതപ്രാർഥനയും ദേശഭക്തി ഗാനാഞ്ജലിയും ചടങ്ങുകൾക്ക് ധന്യത പകർന്നു. ചടങ്ങിൽ ദേശീയബാലതാരംഗം ചെയർമാൻ ടി. ശരത്ചന്ദ്രപ്രസാദ് ആശംസകൾ നേർന്നു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ മിനി ആന്റണി സ്വാഗതവും, വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ആർ.ശക്തികുമാർ കൃതജ്ഞതയും രേഖപ്പെടുത്തി. ഗാന്ധിജയന്തിയുടെ ഭാഗമായി പുലർച്ചെ 5.30ന് തൈക്കാട് ഗാന്ധിഭവന്റെ ആഭിമുഖ്യത്തിൽ പ്രഭാതഭേരിയും തുടർന്ന് മാനവസന്ദേശയാത്രയും സംഘടിപ്പിച്ചിരുന്നു



**ഗാന്ധി പ്രതിമയിൽ കെ.ജെ. യേശുദാസ് ഹാരാർപ്പണം നടത്തുന്നു**

■ ശശി തരൂർ



**നെഹ്റുവിന്റെ രാഷ്ട്രീയ പാരമ്പര്യത്തിന്റെ പേരിൽ ഭിന്നിക്കുന്ന ഇന്ത്യയ്ക്കും എഴുത്തുകാരനെന്ന നിലയിൽ നെഹ്റു നൽകിയ സംഭാവനകളെ ആദരവോടെയേ കാണാനാകൂ.**

# ഇന്ത്യയെ കണ്ടെത്തിയ നെഹ്റു

സ്തുതിയും അപകീർത്തിയും ആവശ്യത്തിലധികം കിട്ടിയ ജവഹർലാൽ നെഹ്റുവിന്റെ ജീവിതത്തിലെ ഏറ്റവും കുറച്ച് വിലയിരുത്തപ്പെട്ട ഒരു വശം, എഴുത്തുകാരനെന്ന നിലയിൽ അദ്ദേഹം കൈവരിച്ച അസാധാരണ നേട്ടങ്ങളായിരുന്നു. നെഹ്റു: ദ് ഇൻവെൻഷൻ ഓഫ് ഇന്ത്യ എന്ന എന്റെ 2003ലെ പുസ്തകത്തിനു വേണ്ടി അദ്ദേഹത്തിന്റെ പുസ്തകങ്ങളിലും രചനകളിലും വിപുലമായി തിരഞ്ഞ ഞാൻ, ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച രാഷ്ട്രീയ എഴുത്തുകാരനാണ് അദ്ദേഹം എന്ന ബോധ്യത്തിലാണെത്തിച്ചേർന്നത്. അദ്ദേഹത്തിന്റെ രാഷ്ട്രീയപൈതൃകത്തിനെച്ചൊല്ലി ഭിന്നിക്കുന്ന ഇന്ത്യയ്ക്ക് ഇന്ത്യൻ സാഹിത്യത്തിന് അദ്ദേഹം നൽകിയ ഗംഭീരമായ സംഭാവനകളുടെ പേരിൽ അദ്ദേഹത്തെ ആദരിച്ചുകൊണ്ട് യോജിക്കാവുന്നതാണ്.

സ്മരണീയമായ ഗദ്യം സൃഷ്ടിക്കുന്നതിനായി ഒരു പക്ഷെ, ജീവിതത്തിൽ ലഭിച്ച ഒരേയൊരവസരമായ തടവിന്റെ പരാധീനതകൾക്കിടയിൽ വെച്ചാണ് അദ്ദേഹത്തിന്റെ മിക്ക എഴുത്തുകളും സംഭവിച്ചത്. 1922നും 1945നും ഇടയിലുള്ള എട്ട് തവണകളിലായി 3262 ദിവസങ്ങളായി എട്ട് ജയിലുകളിലാണ് അദ്ദേഹം കഴിഞ്ഞത്. ഏകദേശം പത്ത് വർഷങ്ങളാണ് പാഴായിപ്പോകേണ്ടിയിരുന്നത്. പക്ഷെ പരിചിന്തനവും ദേശീയോദ്ധാരണവും സ്മരണകളും പ്രമേയമായ ശ്രദ്ധേയമായ ഒട്ടേറെ പുസ്തകങ്ങൾ രചിക്കാൻ അക്കാലം അദ്ദേഹത്തെ സഹായിച്ചു.

പരന്ന വായനയിലേർപ്പെടാൻ അദ്ദേഹം തടവുകാലം ഉപയോഗിച്ചു. ആദ്യത്തെ തവണ ജയിലിലായിരുന്നപ്പോൾ, ഖുർആൻ, ഭഗവദ്ഗീത, വിശുദ്ധ റോമയുടെ ചരിത്രം, ഇന്ത്യയുടെ ശോഭനകാലത്തെക്കുറിച്ച് സ്തുതികളുള്ള ഹാവെൽസിന്റെ ആര്യൻ റൂൾ ഇൻ ഇന്ത്യ, മുഗൾ ചക്രവർത്തി ബാബറുടെയും ഫ്രഞ്ച് സഞ്ചാരി ബെർണിയറുടെയും ഓർമക്കുറിപ്പുകൾ എന്നിവയായിരുന്നു അദ്ദേഹം വായിച്ചിരുന്നത്. ബർട്രന്റ് റസ്സലിന്റെ പുസ്തകങ്ങളെക്കുറിച്ചുള്ള ഒരു പഠനകോഴ്സാണ് ഇന്ത്യയിൽ ഏറ്റവും ആവശ്യമെന്ന് 1926ൽ അദ്ദേഹം കുറിച്ചു. 1931ലെ മറ്റൊരു തടവുകാലഘട്ടത്തിൽ റസ്സൽ, ബുഖാറിൻ, സ്പെൻഗ്ലർ എന്നിവരെ അദ്ദേഹം അരച്ചുകുടിച്ചു. റോമെൻ റോളണ്ടിനെയും മൗറോയിസിനെയും ഫ്രഞ്ചിൽ വായിച്ചു. ലോയ്ഡ് ജോർജിന്റെ പ്രഭാഷണങ്ങളും ഷേക്സ്പിയറിന്റെ പ്രഭാഷണങ്ങളും അദ്ദേഹം വായനയിൽ ഉൾപ്പെടുത്തി. കുറിപ്പുകളെടുക്കാൻ അനുമതിയുണ്ടായിരുന്നിട്ടുപോലും വളരെക്കുറച്ച് മാത്രമെ കുറിപ്പുകളെ അദ്ദേഹത്തിന് ആശ്രയിക്കേണ്ടി വന്നുള്ളൂ. ഒരിക്കൽ ഒരു പുസ്തകം തീർത്തുകഴിഞ്ഞാൽ, അദ്ദേഹത്തിന്റെ മനസ്സാകുന്ന ഗവേഷണഗ്രന്ഥാലയത്തിൽ അതിന് സ്ഥിരമൊരിടമായി.

ഇപ്രകാരം സുഭഗാലംകൃതമായ ബൗദ്ധികശേഷിയിൽ നിന്നാണ്, തീവ്രജിജ്ഞാസുവും പുതുക്കത്തെ എപ്പോഴും തേടിക്കൊണ്ടിരുന്നതുമായ ഒരു മനസ്സിൽ നിന്നാണ് നെഹ്റു, നൈരന്തര്യത്തോടെ സ്വന്തം രചനകളെ ഉൽപാദിപ്പിച്ചത്. പിതാവ് മോത്തിലാൽ നെഹ്റുവിനെയും മഹാത്മാഗാന്ധിയെയും ഭയഭക്തിബഹുമാനത്തോടെ ആരാധിച്ച ഒരു ദശാബ്ദത്തിനുശേഷം 1926–27ന്റെ ഭൂരിഭാഗവും നെഹ്റു യൂറോപ്പിലാണ് ചെലവിട്ടത്. ഈ ഇരുപത് മാസങ്ങൾ നെഹ്റുവിന്റെ രാഷ്ട്രീയജീവിതത്തിലെ, രാഷ്ട്രീയ ചിന്തകളിലെയല്ല ഒരു ഇടവേളയായിരുന്നു. ജേണൽ ദ് ജനീവിൽ കത്തും ഇന്ത്യൻ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങളും പ്രസിദ്ധീകരിച്ച്, നെഹ്റു എഴുത്ത് തുടർന്നുകൊണ്ടേയിരുന്നു. മഹാത്മയുടെ പ്രചോദനാധ്യയനങ്ങളാൽ ലോകവീക്ഷണം രൂപപ്പെട്ട, ആത്മാർപ്പണം ചെയ്ത ഒരു ഗാന്ധിയനായാണ് നെഹ്റു ബോംബെയിൽ നിന്ന് കപ്പൽ കയറുന്നത്. യൂറോപ്യൻ ബൗദ്ധികപ്രവാഹത്തെ കണ്ടറിഞ്ഞും തന്റെ തന്നെ നിഗമനങ്ങളെ പുനർവിചാരം ചെയ്തും ആ ഇടക്കാലം ചെലവിട്ട് 1927 ഡിസംബറിൽ മടങ്ങിയെത്തിയപ്പോൾ തന്റെ പഴയ ഗുരുവിനെ കാണാൻ പോലും ചെറിയൊരു കാലത്തേക്ക് അദ്ദേഹം വിസമ്മതിച്ചു. ഈ വിമതത്വത്തിന് അൽപ്പായുസ്സേ ഉണ്ടായിരുന്നുള്ളൂ. ദേശീയസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടുണ്ടായ എന്തെങ്കിലും മൗലിക വ്യത്യാസങ്ങളിൽ നിന്ന് ഉരുവം കൊണ്ടതായിരുന്നതുമല്ല അത്. പക്ഷെ ഒരു കാര്യം

വ്യക്തമാക്കുന്നുണ്ടായിരുന്നു അത്, മോത്തിലാൽ നെഹ്റുവിന്റെ മകനും മഹാത്മാഗാന്ധിയുടെ അനുചരനുമായി ഇന്ത്യ വിട്ട ജവഹർലാൽ സ്വതന്ത്രനായ ഒരു മനുഷ്യനായി തിരിച്ചുവന്നിരിക്കുന്നു.

## കൊളോണിയൽ വിരുദ്ധ കാഴ്ചപ്പാട്

1927ലെ അദ്ദേഹത്തിന്റെ സോവിയറ്റ് യൂണിയനിലേക്കുള്ള സന്ദർശനവും റഷ്യയെക്കുറിച്ച് ഇംഗ്ലീഷിലുള്ള വിപുലമായ വായനയും ഇന്ത്യൻ ദിനപ്പത്രങ്ങളിൽ ഒരു കൂട്ടം ലേഖനങ്ങൾ എഴുതുന്നതിലേക്ക് അദ്ദേഹത്തെ നയിച്ചു. സോവിയറ്റ് റഷ്യ: സം റാൻഡം സ്കെച്ചസ് ആന്റ് ഇംപ്രഷൻസ് എന്ന വിരസമായൊരു തലക്കെട്ടോടെ 1928 ഡിസംബറിൽ അവ ഒരു പുസ്തകത്തിൽ സമാഹരിക്കപ്പെട്ടു. കൃഷിയും സാക്ഷരതയും പോലുള്ള വ്യത്യസ്തമായ മേഖലകളിൽ സോവിയറ്റ് യൂണിയൻ കൈവരിച്ച പുരോഗതിയും, ലിംഗവർഗ വിവേചനങ്ങളെ അത് നിർമാർജനം ചെയ്തതും, ന്യൂനപക്ഷങ്ങളോടുള്ള അതിന്റെ സമീപനവും, ലെനിനിസ്റ്റ് വിപ്ലവകാരികളുടെ നൈപുണ്യവും ആവേശവുമൊക്കെ ആ ഇന്ത്യൻ ദേശീയവാദിയിൽ അഗാധവും ഗുണപരവുമായ സ്വാധീനമുണ്ടാക്കി. അങ്ങനെയാണ് ജവഹർലാൽ നെഹ്റുവിന്റെ ആദ്യത്തെ പുസ്തകം സോവിയറ്റ് യൂണിയനെക്കുറിച്ചാവുന്നത്. എങ്കിലും അദ്ദേഹത്തെ സോവിയറ്റ് അനുകൂലിയെന്ന് കണ്ടവർ അദ്ദേഹത്തിന്റെ ഏറ്റവും ആകർഷകമായ സ്വഭാവഗുണമായ സ്വതന്ത്രചിന്താഗതിയെ കാണാൻ വിസമ്മതിച്ചു.

ലോകകാര്യങ്ങളിലുള്ള ഉൾക്കാഴ്ചകൾ അദ്ദേഹത്തിന്റെ കൂർമതയും തീവ്രതയും വെളിവാക്കുന്നു. 'സ്വയം നശിച്ചില്ലാതായിപ്പോകുന്നതിൽ നിന്ന് ഒഴിവാകാനായി ഇംഗ്ലണ്ട് അമേരിക്കയുടെ ഉപഗ്രഹമായിത്തീരുകയും അമേരിക്കയുടെ മുതലാളിത്ത സാമ്രാജ്യത്വത്തെ തങ്ങൾക്കൊപ്പം ചേർന്ന് പോരാടാനായി പ്രേരിപ്പിക്കുകയും ചെയ്യും' എന്ന് 1927-ൽ അദ്ദേഹം എഴുതി. ചൈനയിലെ കമ്യൂണിസ്റ്റ് വിജയം ആ രാജ്യം മാർക്സിന്റെ തത്വങ്ങൾക്കനുസരിച്ച് ഭരിക്കപ്പെടുമെന്ന് അർഥമാക്കണമെന്നില്ലെന്നും ചെറുകിട കർഷകന്റെ പങ്ക് ശുദ്ധകമ്യൂണിസത്തിൽ നിന്നുള്ള വ്യതിചലനത്തിന് കാരണമാക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അതേസമയം തന്നെ കൊളോണിയൽ വിരുദ്ധ സ്വാതന്ത്ര്യസമര സേനാനിയുടെ കാഴ്ചപ്പാട് തന്നിൽ നിന്ന് മാറ്റുക അദ്ദേഹത്തിന് പ്രയാസകരമായിരുന്നു; റഷ്യൻചൈനീസ് കമ്യൂണിസത്തെക്കുറിച്ച് മുറിപ്പെടുത്താത്ത അഭിപ്രായമെടുക്കവെ തന്നെ അദ്ദേഹം ഇങ്ങനെ പറഞ്ഞു:'സമീപഭാവിയിലെ ഏറ്റവും വലിയ പ്രശ്നം ബ്രിട്ടീഷ് സാമ്രാജ്യത്വത്തേക്കാൾ അമേരിക്കൻ സാമ്രാജ്യത്വമായിരിക്കും. അല്ലെങ്കിൽ ഒരു പക്ഷെ... അവർ രണ്ടുപേരും ചേർന്ന് ലോകത്തെ നിയന്ത്രിക്കാൻ കരുത്തുറ്റൊരു ആംഗ്ലോസാക്സൺ ചേരിയുണ്ടാക്കും.'

ലോകകാര്യങ്ങളിലുള്ള ഉൾക്കാഴ്ചകൾ അദ്ദേഹത്തിന്റെ കൂർമതയും തീവ്രതയും വെളിവാക്കുന്നു. 'സ്വയം നശിച്ചില്ലാതായിപ്പോകുന്നതിൽ നിന്ന് ഒഴിവാകാനായി ഇംഗ്ലണ്ട് അമേരിക്കയുടെ ഉപഗ്രഹമായിത്തീരുകയും അമേരിക്കയുടെ മുതലാളിത്ത സാമ്രാജ്യത്വത്തെ തങ്ങൾക്കൊപ്പം ചേർന്ന് പോരാടാനായി പ്രേരിപ്പിക്കുകയും ചെയ്യും' എന്ന് 1927-ൽ അദ്ദേഹം എഴുതി

ഭാവിയെക്കുറിച്ച് വ്യക്തമായ ചിത്രം നെഹ്റുവിനുണ്ടായിരുന്നപ്പോഴും പക്ഷെ, ഭൂതകാലത്തെക്കുറിച്ചുള്ള ഗഹനമായ ധാരണകളിൽ ഊന്നിയുള്ളതായിരുന്നു അത്. 1930 നവംബറിൽ മകളുടെ പതിമൂന്നാം പിറന്നാളിന് നെഹ്റു അവൾക്കെഴുതി: 'എന്റെ സമ്മാനങ്ങൾ വളരെ ഖരരൂപത്തിലുള്ളതോ രൂപമുള്ളതോ ആയിരിക്കില്ല. ഭാവത്തിന്റെയും ആത്മാവിന്റെയും മനസ്സിന്റെയും രൂപത്തിലുള്ളതായിരിക്കും അത്. ഒരു മാന്ത്രികകഥാപാത്രം നിനക്ക് നൽകുന്നത് പോലുള്ളവ. ജയിലിന്റെ വൻമതിൽക്കെട്ടുകളെപ്പോലും ഭേദിക്കുന്നവ.' ഇന്ദിരയ്ക്ക് അഞ്ചുവയസ്സുള്ളപ്പോൾ, അവൾ ചർക്ക ഇതുവരെയും ഉപയോഗിക്കാൻ തുടങ്ങിയില്ലേയെന്ന് അന്വേഷിച്ചെഴുതിയ നെഹ്റുവിന്റെ ആദ്യത്തെ കത്ത് 1922ൽ ലഖ്നോ ജയിലിൽ നിന്നെഴുതിയതായിരുന്നു. മിക്ക




വാറും ഒരേഭാഗത്ത് നിന്ന് സഞ്ചരിച്ച ഈ എഴുത്തുകുത്തുകൾ, ജവഹർലാൽ നെഹ്റുവിന്റെ ചിന്തകളെയും ലോകവീക്ഷണത്തെയും വിശദമായി പ്രതിഫലിപ്പിക്കുന്ന രണ്ട് സ്മരണീയമായ പുസ്തകങ്ങളായിത്തീർന്നു. മോട്ടിലാൽ തന്റെ മകനിൽ ചെലുത്തിയ കാര്യങ്ങൾക്ക് സമാനമായ ഒന്ന് തന്റെ ഒരേയൊരു സന്തതിയിൽ ചെലുത്താൻ ജവഹർലാൽ ശ്രമിച്ചു. അഞ്ച് വയസ്സായപ്പോൾ മുതൽക്കു തന്നെ നെഹ്റു ഇന്ദിരയ്ക്ക് കത്തുകൾ എഴുതാൻ തുടങ്ങിയിരുന്നെങ്കിലും 1930ലെ തടവുകാലത്ത്, പിതാവെന്ന നിലയ്ക്കുള്ള തന്റെ അഭാവത്തിന് പരിഹാരമായി ബോധപൂർവം തന്നെ കത്തുകൾ വഴി മകൾക്ക് വിദ്യാഭ്യാസം നൽകാൻ അദ്ദേഹം തീരുമാനിച്ചു.

## മാനവികതാബോധം, ബൗദ്ധികശേഷി

മാനവകുലത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടിന്റെ രേഖാചിത്രം ഇന്ദിരയ്ക്ക് അനേകം കത്തുകളിലൂടെ നൽകാനുള്ള ശ്രമത്തിനിടയിൽ, ഒരു അലമാര നിറയെ റഫറൻസ് പുസ്തകങ്ങളില്ലാത്തതിന്റെ കുറവ്, നെഹ്റുവിന്റെ പരന്നതും വൈവിധ്യമാർന്നതുമായ വായനയും കുറിപ്പുകളും ചിന്തകളും ചേർന്ന് നികത്തേണ്ടിയിരുന്നു. കുറച്ചുകാലത്തേക്ക് ആ കത്തുകൾ അയക്കാൻ അദ്ദേഹത്തിന് അനുമതിയുണ്ടായിരുന്നില്ല. Raleighഉം Condorcetഉം ഇതിന് സമാനമായ കൃതികൾ തങ്ങളുടെ തടവുകാലത്ത് രചിച്ചിരുന്നു. പക്ഷെ അസാധാരണമായ ഈ പരിശ്രമത്തിന് ഇന്ത്യയിൽ കീഴ്വഴക്കമുണ്ടായിരുന്നില്ല. മോഹൻജദാരോയിലെ പൗരാണിക ഇന്ത്യൻ നാഗരികതയുടെ വേരുകളിൽ നിന്ന് തുടങ്ങി, പൗരാണിക ഗ്രീസിലും റോമിലും കറങ്ങി, ചൈനയിലൂടെ സഞ്ചരിച്ച്, അറബ് ലോകത്തൂടെ, പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ യൂറോപ്യൻ സാമ്രാജ്യത്വത്തിന്റെ വിജയത്തിലേക്കെത്തിച്ചേരുന്ന ഈ കത്തുകൾ, നെഹ്റുവിന്റെ ബൗദ്ധികശേഷിയ്ക്കും അദ്ദേഹത്തിന്റെ മാനവികതാബോധത്തിനുമുള്ള ശ്രദ്ധേയമായ സാക്ഷ്യപത്രങ്ങളാണ്. ഏതെങ്കിലും വിധത്തിലുള്ള ഗവേഷണസൗകര്യങ്ങളില്ലാതെ, മൂന്ന് വർഷക്കാലമെടുത്ത് ഒറ്റ വാള്യത്തിൽ ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി എന്ന പേരിൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെയും കവച്ച് രാഷ്ട്രീയരംഗത്ത് അപൂർവമായ ഒന്നിന് കാരണമായി. അതുല്യനായ ഒരു രാഷ്ട്രതന്ത്രജ്ഞനെ പ്രചോദിപ്പിച്ച, മാനവചരിത്രത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകൾ അത് വെളിവാക്കി.

ഈ കത്തുകളെക്കുറിച്ച് ന്യായമായ എന്തെങ്കിലും വിമർശം ഉയർത്താമെങ്കിൽ, അത്, അവയുടെ സ്വീകർത്താവായിരുന്നില്ല അതിന്റെ മുഖ്യ ലക്ഷ്യം എന്നുള്ളതാണ്. മകനുള്ള മോട്ടിലാലിന്റെ കത്തുകൾ, പ്രായോഗികനിർദേശങ്ങളും പിതൃസ്നേഹവും അഭിമാനവും സൗഹൃദത്തിലുള്ള ഉറപ്പു




കളും ചില രാഷ്ട്രീയനിരീക്ഷണങ്ങളും അടങ്ങിയതായിരുന്നുവെങ്കിൽ, ജവഹർലാലിന്റെ മകൾക്കുള്ള ബൗദ്ധികമാനമുള്ള കത്തുകൾ, അവളുടെ ഏകാന്തജീവിതത്തിന്റെ സർവസാധാരണമായ ആശങ്കകളിൽ നിന്ന് അകന്നുമാറിയുള്ളതായിരുന്നു. ആവശ്യത്തിലധികം മാർഗനിർദേശം നൽകിയ, ശ്രദ്ധാലുവായ ഒരു പിതാവിന്റെ മുദ്രകളാണ് മോത്തിലാൽ ജവഹർലാലിൽ അവശേഷിപ്പിച്ചതെങ്കിൽ, ഇന്ദിരയ്ക്കുള്ള ജവഹർലാലിന്റെ കത്തുകൾ, അവരുടെ ആവശ്യങ്ങളെ ഒട്ടും പരിഗണിക്കാത്ത ഒന്നിനെയാണ് സൂചിപ്പിക്കുന്നത്.


എങ്കിൽ പോലും, അപമാനവീകരണത്തിന്റെ കാലഘട്ടത്തെ അതിജീവിച്ച്, ലോകത്തെ സാധാരണക്കാരുടെ ജീവിതത്തെ കാര്യകാരണബന്ധത്തോടെ മെച്ചപ്പെടുത്തി മുന്നോട്ടുപോകുന്ന ഒന്നായി മനുഷ്യപുരോഗതിയെ കാണുന്ന ജവഹർലാലിന്റെ വീക്ഷണത്തെ അത് വെളിവാക്കുന്നു. ഉത്പാദനോപാധികളുടെ നിയന്ത്രണമാണ് രാഷ്ട്രീയമേൽക്കോയ്മയുടെ അനിവാര്യതയെന്നുള്ള, വർഗസംഘട്ടനത്തിന്റെ കഥയാണ് ചരിത്രമെന്നുള്ള മാർക്സിയൻ ആശയം അദ്ദേഹത്തെ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്. പക്ഷെ ബ്രിട്ടീഷ് ലിബറൽ വിദ്യാഭ്യാസവും, ഇന്ത്യൻ ദേശീയതയെക്കുറിച്ചുള്ള സങ്കലനവീക്ഷണവും കൂടി അവയിൽ കാണാം. തന്റെ കത്തുകൾ കുറച്ചുകൂടി വിശാലമായ ഒരു വൃത്തത്തിൽ വായിക്കപ്പെടുമെന്ന് അദ്ദേഹത്തിന് തീർച്ചയായും ബോധ്യമുണ്ടായിരുന്നു, അതിനാൽ തന്നെ എഴുത്തുകൾ തന്റെ രാഷ്ട്രീയാഭിപ്രായങ്ങളുമായി ഒത്തുപോവുന്നതാവാൻ അദ്ദേഹം ശ്രദ്ധിച്ചു. ഇന്ത്യൻ ഇതിഹാസങ്ങളായ രാമായണത്തെയും മഹാഭാരതത്തെയും പ്രത്യേകിച്ച് ഭഗവത്ഗീതയെയും വിശുദ്ധഗ്രന്ഥങ്ങളെന്നതിലുപരി സാഹിത്യസൃഷ്ടികളെന്ന നിലയ്ക്ക് അദ്ദേഹത്തിന് നല്ല മതിപ്പായിരുന്നു. അതേ സമയം തന്നെ ഇസ്ലാമിനെക്കുറിച്ച് ആദരപൂർവം എഴുതാനും അദ്ദേഹം ശ്രദ്ധിച്ചു. മുസ്ലിം അക്രമപരതയുടെ തെളിവായി ഹിന്ദു മൗലികവാദികൾ ചൂണ്ടിക്കാട്ടുന്ന പതിനൊന്നാം നൂറ്റാണ്ടിലെ മഹ്മൂദ് ഗസ്നിയുടെ അതിക്രമങ്ങളെപ്പോലും അക്കാലത്തെ ഒരു യുദ്ധോത്സുകന്റെ ചെയ്തികൾക്കപ്പുറമായി നെഹ്റു വിവരിച്ചില്ല. ഒരു യുവ രാഷ്ട്രതന്ത്രജ്ഞന്റെ മൗലികബോധ്യങ്ങൾ ഈ കത്തുകളിലൂടെ തെളിഞ്ഞുവരുന്നു. അദ്ദേഹത്തിന്റെ മതനിരപേക്ഷതയും സോഷ്യലിസവും അക്കാലത്തെ രൂക്ഷമായ ലോകസാമ്പത്തികമാന്ദ്യവും ആസന്നമെന്ന് തോന്നിച്ചിരുന്ന മുതലാളിത്തത്തിന്റെ മരണവും അതിന് അടിവരയിട്ടു. കരുത്തരായ നേതാക്കളോടുള്ള അവമതിപ്പും യൂറോപ്പിലെ ഫാസിസത്തിന്റെ ഉയർച്ചയുമായി ബന്ധപ്പെട്ട് കമ്യൂണിസത്തിന് മാത്രമേ അതിനെ തോൽപ്പിക്കാൻ കഴിയൂവെന്ന് അദ്ദേഹം വിശ്വസിച്ചു. ചരിത്രത്തോടുള്ള ശാസ്ത്രീയസമീപനത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസവും വെളിവാക്കുന്നു.

റാഡിക്കലായ തനിക്ക് യോജിക്കാനാവാത്ത വിധം, പിന്തിരിപ്പൻ സ്വഭാവമുള്ള സാമൂഹ്യ, രാഷ്ട്രീയ, മത ശക്തികളോട് മഹാത്മാ ഗാന്ധി വിസമ്മതമില്ലാതെ യോജിക്കുന്നുവെന്നുള്ള വർധിതമായ ബോധം നെഹ്റുവിന്റെ ജയിൽക്കുറിപ്പുകളിൽ കാണാം. മഹാത്മ തന്റെ ധർമബോധം ദൈവത്തിൽ നിന്നാണ് കടമെടുത്തതെങ്കിൽ, ഗ്ലിംസസ് ഓഫ് വേൾഡ് ഹിസ്റ്ററിയുടെ രചയിതാവ്, തന്റെ ധർമബോധം മനുഷ്യൻ അല്ലെങ്കിൽ മനുഷ്യകുലത്തെക്കുറിച്ചുള്ള തന്റെ ധർമബോധത്തിൽ നിന്നാണ് സ്വീകരിച്ചത്.

## ഉത്സാഹിയായ എഴുത്തുകാരൻ

ഇപ്പോഴത്തെ തലമുറയിലെ രാഷ്ട്രീയക്കാർക്ക് സങ്കൽപ്പിക്കാനാവാത്ത വിധം ഉത്സാഹിയായ എഴുത്തുകാരനായിരുന്നു നെഹ്റു. ഒരിക്കൽ, മസ്സൂറിയിൽ അസുഖബാധിതനായിരിക്കുന്ന പിതാവിനെക്കാണാൻ ഒരു ചെറിയ ഇടവേളയിൽ ജയിലിൽ നിന്ന് വിട്ടയക്കപ്പെട്ടപ്പോൾ, ദ് എയ്റ്റ് ഡേ ഇന്റർലൂഡ് എന്നപേരിൽ ഒരു ലഘുലേഖയുടെ രൂപത്തിൽ ആ അനുഭവത്തെ അദ്ദേഹം കുറിച്ചിട്ടു.

1934ൽ അങ്ങേയറ്റം വഷളായിക്കൊണ്ടിരിക്കുന്ന തന്റെ ഭാര്യയുടെ ആരോഗ്യസ്ഥിതിയിൽ നിന്ന് മനസ്സുമാറ്റാനെന്നോണം, തന്റെ ചിന്തകളുടെയും ത്രസിപ്പിക്കുന്നതും ഗംഭീരവുമായ ഒന്നാന്തരം രേഖാചിത്രമായി നെഹ്റു തന്റെ ആത്മകഥ എഴുതാനാരംഭിച്ചു. 976 പേജുള്ള അതിന്റെ കയ്യെഴുത്തുപ്രതി ഒമ്പതുമാസങ്ങൾകൊണ്ടാണ് പൂർത്തിയായത്. 1936ൽ അത് പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ, 'ഇപ്പോൾ ഇല്ലാത്ത കമലയ്ക്ക്' എന്ന ലളിതമായ സമർപ്പണം മാത്രമാണ് അതിനുണ്ടായിരുന്നത്. ബ്രിട്ടനിലും പാശ്ചാത്യലോകത്തും ആ പുസ്തകം ഗംഭീരമായി വിജയിച്ചു. ആധുനിക ഇന്ത്യയുടെ




നേതാവെന്ന നിലയ്ക്ക് ലോകത്തിന്റെ ഭാവനയിൽ നെഹ്റുവിന് ആ പുസ്തകം ചിരപ്രതിഷ്ഠ നൽകി. അമ്പരപ്പിക്കുന്ന നിരാഹാരങ്ങളും പ്രാർഥനകളുമായി സാമ്രാജ്യത്വത്തിന് അടിച്ചമർത്താൻ പറ്റാത്ത പഴയൊരു പാരമ്പര്യത്തിന്റെ ഉയിർപ്പിനായി ഗാന്ധിജി നിലകൊണ്ടപ്പോൾ, ഭാവിയിലേക്കുള്ള ഒരു സ്വതന്ത്ര ഇന്ത്യയ്ക്കുവേണ്ടിയാണ് ജവഹർലാലിന്റെ പുസ്തകം വാദിച്ചത്. ഒരു ബ്രിട്ടീഷ് ജയിലിനകത്തു വെച്ചാണ് അത് രചിക്കപ്പെട്ടതെങ്കിൽ കൂടി, സാമ്രാജ്യത്വത്തോടും ചൂഷണത്തോടുമല്ലാതെ, ബ്രിട്ടീഷുകാരോടുള്ള ഒരു കാലുഷ്യവും പുസ്തകത്തിലുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ യുക്തിചിന്തയും പരന്ന അറിവും മതേതരവീക്ഷണവും സ്വന്തം ആളുകളെ അടിച്ചമർത്തുന്നതിലുള്ള ധാർമികരോഷവും എഴുത്തിന്റെ ലാളിത്യസുഭഗതയും, അപ്പോൾ രൂപംകൊണ്ടുവരുന്ന ഇരുപതാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ രാജ്യത്തിന്റെയും സ്ഥാനം ഉറപ്പിച്ചു.

കോൺഗ്രസ് പാർട്ടിയുടെ തലപ്പത്ത്, ഗാന്ധിജിയുടെ ഏറ്റവും സാധ്യതയുള്ള പിൻഗാമി എന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ സ്ഥാനം 1937ലെ തെരഞ്ഞെടുപ്പ് വിജയം ഉറപ്പിച്ചു. എങ്കിൽ പോലും അധികാരം, പ്രത്യേകിച്ച് ജനകീയാരാധന ഒരാളുടെ ചിന്താഗതിയെ മാറ്റിമറിക്കുമെന്നുള്ള വസ്തുതയെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. തെരഞ്ഞെടുപ്പ് ജയിച്ച് ഒരു വർഷത്തിനകം തന്നെ, അസാധാരണക്കാരനായ ഈ ജനാധിപത്യവാദി കള്ളപ്പേരിൽ ശ്രദ്ധേയമായ ഒരു വിമർശനം തനിക്ക് നേരെ തന്നെ മോഡേൺ റിവ്യൂവിൽ എഴുതി. 'ഒരു സ്വേച്ഛാധിപതിയ്ക്ക് വേണ്ട എല്ലാം അദ്ദേഹത്തിൽ ഉണ്ട്. വിപുലമായ ജനകീയത, വ്യക്തമായ നിർവചിക്കപ്പെട്ട ഒരു ലക്ഷ്യത്തിലേക്ക് പോകാനുള്ള ഇച്ഛാശക്തി, ഊർജം, അഹംഭാവം, സംഘടനാശേഷി, കഴിവ്, ദാർഢ്യം എന്നിവ, ജനക്കൂട്ടത്തോടുള്ള ഇഷ്ടം, മറ്റുള്ളവരോടുള്ള അസഹിഷ്ണുത, കാര്യശേഷിയും കഴിവുമില്ലാത്തവരോടുമുള്ള ഒരു തരത്തിലുള്ള പുച്ഛം..... വടക്കിന്റെ അങ്ങേയറ്റം തൊട്ട് കേപ് കന്യാകുമാരി വരെ ഒരു സീസറിനെ പോലെ തനിക്ക് കീർത്തിയും പ്രശസ്തിയും ഉണ്ടാക്കി അദ്ദേഹം മുന്നോട്ട് പോകുന്നു.'

വിരസദൈർഘ്യമുള്ള ഈ ലേഖനത്തിന്റെ കർത്താവ് നെഹ്റു തന്നെയായിരുന്നുവെന്ന് പിന്നീടാണ് വെളിപ്പെട്ടത്.

## ഇന്ത്യയെ കണ്ടെത്തൽ

1940കളുടെ ഒടുക്കം വീണ്ടും ജയിലിലായപ്പോൾ, ഒരിക്കൽ കൂടി വായനയ്ക്കും പരിചിന്തനത്തിനുമുള്ള അവസരമായി. തന്റെ രാജ്യത്തെ രൂപപ്പെടുത്തിയ ചരിത്രശക്തികളിലേക്ക് ജവഹർലാലിന്റെ ചിന്തകൾ ഒരിക്കൽ കൂടി തിരിഞ്ഞു. അപ്പോഴേക്കും നൈരന്തര്യമാർജിച്ചിരുന്ന ഉൽസാഹത്തോടെ അദ്ദേഹം ഇന്ത്യൻ ദേശീയതയെക്കുറിച്ചുള്ള ആ ഗംഭീരപുസ്തകം ദ് ഡിസ്കവറി ഓഫ് ഇന്ത്യ എഴുതാൻ തുടങ്ങി. ഗ്ലിംസസ് ഓഫ് വേൾഡ് ഹിസ്റ്ററിയെ രൂപപ്പെടുത്തിയ സാമൂഹ്യസാമ്പത്തിക ശക്തികളെ സംബന്ധിച്ചുള്ള മാർക്സിയൻ ബാധയെ ഏതാണ്ട് കയ്യൊഴിച്ച്, ഇന്ത്യൻ ദേശീയതയെക്കുറിച്ച്, അതിന്റെ ചരിത്രപരവും സാംസ്കാരികവുമായ പാരമ്പര്യത്തെക്കുറിച്ച്, സിന്ധു നദീതട നാഗരികത തൊട്ട് ബ്രിട്ടീഷ് കാലത്തെ ക്ലേശങ്ങൾ വരെ തുടരുന്ന അതിന്റെ നൈരന്തര്യത്തെക്കുറിച്ചുള്ള അതീവതാല്പര്യം നെഹ്റു പുറത്തുകാട്ടി. ആ പുസ്തകത്തിന്റെ എല്ലാ പോരായ്മകളും അതിന്റെ രചനാവേളയിലെ സാഹചര്യവും ഗവേഷണസാമഗ്രികളുടെയും നിപുണനായ ഒരു എഡിറ്ററുടെയും അഭാവവും കണക്കിലെടുത്താൽ തന്നെ, മിക്ക ദേശീയതകളെയും ബാധിച്ച അൽപ്പാഭിമാനങ്ങളെ മറികടക്കുന്നൊരു ഇന്ത്യൻ ദേശീയത്വത്തിന്റെ പ്രകടനപത്രികയായിരുന്നു അത്. എല്ലാവരും തങ്ങളുടേതായ സംഭാവനകളെഴുതിച്ചേർത്ത, ആരെയും തള്ളിക്കളയാത്ത ഒരു പാട് പാളികളും വിശദാംശങ്ങളുമുള്ള ഒരു ആഖ്യാനമായിരുന്നു ഇന്ത്യ നെഹ്റുവിന്. ഇന്ത്യയുടെ വൈവിധ്യം നിലകൊള്ളുന്നത് അവളുടെ വൈവിധ്യത്തിലും വ്യത്യസ്തനാഗരികതകളുടെ സമ്പത്തിലും വ്യത്യസ്തങ്ങളായ മതങ്ങളെയും വംശീയതകളെയും ആഗിരണം ചെയ്യാനുള്ള ശേഷിയിലുമാണ്. വർത്തമാനത്തെ വിശദീകരിക്കാനും ഭാവിക്ക് പ്രത്യാശ നൽകാനുമായി ഭൂതകാലത്തെ ത്രസിപ്പിക്കുന്നൊരുപകരണമായി ഉപയോഗപ്പെടുത്തുകയായിരുന്നു നെഹ്റു. ജവഹർലാൽ നെഹ്റുവിന്റെ ഇന്ത്യയെ കണ്ടുപിടിക്കൽ സംഭവിക്കുന്നത് ആദ്യമായി ഈ പാഠത്തിലാണെന്നാണ് എന്റെ വാദം.

നെഹ്റുവിന്റെ ഏറ്റവും വലിയ സംഭാവനയായ ഇന്ത്യത്തം എന്ന കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്ന, നെഹ്റുവിന്റെ ജീവിതകാലം മുഴുക്കെയുള്ള എഴുത്തിന്റെ പരമകാഷ്ഠയെയാണ് ഈ പുസ്തകം അടയാളപ്പെടുത്തുന്നത്. നാട്ടുരാജ്യങ്ങളുടെയും സാമന്തന്മാരുടെയും ഒരു സമ്മിശ്രത്തിൽ നിന്ന് ഒരു ഇറ്റാലിയൻ രാഷ്ട്രത്തെ പടുത്ത മാസ്സിമോ തപ്പാറെല്ലിദ് അസെഗ്ലിയേ സ്മരണീയമായ രീതിയിൽ എഴുതിയത് ഇവിടെ ഓർക്കുന്നത് സമുചിതമാണ്: 'ഞങ്ങൾ ഇറ്റലിയെ സൃഷ്ടിച്ചു. ഇറ്റലിക്കാരെയാണ് ഇനി സൃഷ്ടിക്കാനുള്ളത്.' അത്തരത്തിലൊരു ചിന്ത പ്രകടിപ്പിക്കാനുള്ള പ്രലോഭനത്തിലേക്ക് അദ്ദേഹം ഒരിക്കലും വഴുതിവീണില്ല; കാരണം താൻ അവരുടെ കാത്തിരിപ്പിനെ വാക്കുകളിലൂടെ ആവിഷ്കരിക്കുന്നതിന് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് തന്നെ ഇന്ത്യത്തം നിലനിന്നിരുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു. എക്കാലവും നിലനിന്ന, എന്നാൽ എപ്പോഴും അടിച്ചമർത്തപ്പെട്ട ഒരു കാര്യം ആവർത്തിച്ചുറപ്പിക്കുന്നതിന്റെ നിർവാഹകൻ എന്ന നിലയ്ക്ക്, ഇന്ത്യയെയോ ഇന്ത്യക്കാരെയോ സൃഷ്ടിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ഒരിക്കലും സംസാരിക്കുമായിരുന്നില്ല. എങ്കിലും, 1947ൽ ജനിച്ച എല്ലാ അർഥത്തിലും ഒരു പുതിയ സൃഷ്ടിയായിരുന്നു: പക്ഷെ ലഡാക്കികളെയും ലക്ഷദ്വീപുകാരെയും സഹപൗരൻമാരാക്കിയ, പഞ്ചാബിയെയും പഞ്ചാബിനെയും ആദ്യമായി വിഭജിച്ച, ഡൽഹിയിലിരുന്ന ഭരിക്കുന്ന കാശ്മീരി പണ്ഡിറ്റിനോട് കൂറുകാണിക്കാൻ കേരള കർഷകനോട് ആവശ്യപ്പെട്ട ഒരു സ്റ്റേറ്റ്. ഇന്ത്യക്കാരെ സൃഷ്ടിക്കുന്നതിന്റെ വെല്ലുവിളികളെക്കുറിച്ച് നെഹ്റു എഴുതിയിട്ടുണ്ടാവില്ല; പക്ഷെ കൃത്യമായി പറഞ്ഞാൽ ഇന്ത്യക്കാരെ സൃഷ്ടിക്കുകയായിരുന്നു ദേശീയപ്രസ്ഥാനം ചെയ്തത്. എല്ലാറ്റിലുമുപരി നെഹ്റുവായിരുന്നു ഇന്ത്യക്കാരെ കൊള്ളാവുന്നൊരു രാഷ്ട്രമായി വിളക്കിച്ചേർത്തത്. നാമിന്നറിയുന്ന ആ ഇന്ത്യയെ തന്റെ എഴുത്തുകളിലൂടെ, പ്രസംഗങ്ങളിലൂടെ, ജീവിതത്തിലൂടെ, നേതൃത്വത്തിലൂടെ കണ്ടുപിടിച്ചതിന്റെ ക്രെഡിറ്റ് നെഹ്റുവിനുള്ളതാണ്.

ഇന്ത്യയെ അതിന്റെ ആന്തരികവൈരുധ്യങ്ങളുടെ സാകല്യത്തിലുപരിയായൊരു സംഗതിയായി നെഹ്റു എപ്പോഴും കണ്ടു. കരുത്തുറ്റതും അദൃശ്യവുമായൊരു ചരടിനാൽ ബന്ധിതമായ ഒരു രാജ്യമായി ഡിസ്കവറി ഓഫ് ഇന്ത്യയിൽ അദ്ദേഹം ഇന്ത്യയെ എഴുതി. 'അവളൊരു മിത്തും ആശയവുമാണ്; കിനാവും കാഴ്ചപ്പാടുമാണ്. എങ്കിലും നിലനിൽക്കുന്നതും സർവവ്യാപിയുമായ ഒന്ന്'. നെഹ്റു എപ്പോഴും ഇന്ത്യയെ ഒരു സ്ത്രീലിംഗത്തിലാണ് വിളിച്ചത്. നെഹ്റുവല്ലാതെ ആരാണ് ഈ ഇന്ത്യയെ, ഈ ആശയത്തെ, ഈ വർത്തമാന യാഥാർഥ്യത്തെ ഇത്ര നന്നായി അവതരിപ്പിച്ചത്? ചരിത്രം ഊട്ടിയുറപ്പിച്ച ബഹുസ്വരതയെന്ന നിലയിലുള്ള ഒരു ഇന്ത്യയെക്കുറിച്ചുള്ള വീക്ഷണത്തിന് നെഹ്റു രൂപം നൽകി.

വൈവിധ്യവും അസംഖ്യം വ്യതിരിക്ത

തകളും നമ്മുടെ ആളുകൾക്കിടയിൽ പുറമേക്ക് കാണാമെങ്കിലും, കാലങ്ങളോളം നമ്മെ ബന്ധിച്ചുനിർത്തിയ ഏകതത്വത്തിന്റെ മുദ്രകളാണ് എല്ലായിടത്തുമുള്ളത്. ഇന്ത്യ... ഒരു ലോകം തന്നെയാണ്. എല്ലാറ്റിനും രൂപം നൽകിയ ഒരു സംസ്കാരവും നാഗരികതയും. വൈദേശികസ്വാധീനം ഒഴുകിവരികയും...അതൊക്കെ ആഗിരണം ചെയ്യപ്പെടുകയും ചെയ്തു. ഒരു സമവായം കണ്ടെത്താനായി ഭിന്നിപ്പിന്റെ ലാഞ്ചനകൾ വഴിമാറിക്കൊടുത്തു. നാഗരികതയുടെ ഉദയം തൊട്ടേ ഇന്ത്യൻ മനസ്സിനെ ഒരു ഏകസ്വപ്നം കീഴടക്കിയിരുന്നു. പുറത്ത് നിന്ന് അടിച്ചേൽപ്പിച്ച ഒന്നായോ തള്ളിനിൽക്കുന്നതിനെയോ വിശ്വാസങ്ങളെയോ മാനകീകരിച്ചോ അല്ല ആ ഐക്യം സങ്കൽപ്പിക്കപ്പെട്ടത്. കുറേക്കൂടി ആഴത്തിലുള്ള ഒന്നായിരുന്നു അത്. വിശ്വാസാചാരങ്ങളോടുള്ള തുറന്ന സഹിഷ്ണുത പാലിക്കപ്പെട്ടു. ഓരോ വൈവിധ്യവും അംഗീകരിക്കപ്പെടുകയും എന്തിന്, പ്രോത്സാഹിപ്പിക്കപ്പെടുക പോലും ചെയ്തു.

## തുല്യതയില്ലാത്ത വ്യക്തിത്വം

ജ്ഞാനോദയത്തിന്റെ ശബ്ദത്തിൽ, ഒരു പാശ്ചാത്യബുദ്ധിജീവി ഇന്ത്യൻ പാരമ്പര്യത്തെ ആവിഷ്കരിക്കുന്നത് അദ്ദേഹത്തിന്റെ പുസ്തകത്തിൽ നാം കാണുന്നു. ഈയർഥത്തിൽ, സ്ഥാപനപരമായും മാനസികമായും ദർശനപരമായും ഇന്ത്യത്വത്തിൽ പാശ്ചാത്യതയെ കുത്തിച്ചെലുത്തിക്കൊണ്ട്, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആഗോളീകൃത ലോകത്തിലെ ഇന്ത്യയുടെ മത്സരശേഷി അദ്ദേഹം സാധ്യമാക്കി. വിശാലവീക്ഷണത്തിലും സമാനതയില്ലാത്ത വാഗ്മിതയിലും ഉന്നതചിന്തയിലും, തന്റെയും തനിക്കു ചുറ്റുമുള്ളവരുടെയും അപര്യാപ്തകളെക്കുറിച്ചുള്ള അന്ധതയിലും, താനുമായി ഒട്ടേറെ സാമ്യതകളുള്ള, അമേരിക്കയിലെ തോമസ് ജഫേഴ്സണെ പോലെ അനേകം വഴികളിലൂടെ, തന്റെ ആശയങ്ങളുടെ കരുത്തിലൂടെ നെഹ്റു ഇന്ത്യൻ ദേശീയതയെ നിർവചിച്ചു.

അദ്ദേഹത്തെക്കുറിച്ച് ഏറ്റവും സമഗ്രമായ ജീവചരിത്രം രചിച്ച സർവേപ്പള്ളി ഗോപാലിന്റെ വാക്കുകളിൽ: 'ഒരു തലമുറ മുഴുക്കെയുള്ള ഇന്ത്യക്കാർക്ക് അദ്ദേഹം നേതാവെന്നതിലുപരി, വർത്തമാനത്തെക്കുറിച്ച് ഒരു പ്രത്യേകകാഴ്ചപ്പാടും ഭാവിയെക്കുറിച്ച് ഒരു വീക്ഷണവും വ്യക്തമായി അവതരിപ്പിച്ച ഒരു സഖാവായിരുന്നു; ബൗദ്ധികതയുടെയും ധാർമികതയുടെയും ആ സമ്മിശ്രാധികാരരൂപം അദ്ദേഹത്തിന്റെ കാലം വെച്ചു നോക്കുമ്പോൾ തുല്യതയില്ലാത്തതായിരുന്നു.'

വൈരുധ്യമെന്നോണം, അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ വാക്കുകൾ ഒരു പുസ്തകത്തിലായിരുന്നില്ല, മറിച്ച് വിഭജനത്തിന്റെ ജ്വാലകൾ തനിക്കു ചുറ്റും കത്തിനിൽക്കവെ, ഒരു കവറിന്റെ പുറത്ത് അദ്ദേഹം കുറിച്ചിട്ട പ്രസംഗമായിരുന്നു. സൂര്യോദയത്തിന് തൊട്ടുമുമ്പ് ഇന്ത്യൻ ത്രിവർണപതാക ഉയർത്തിക്കഴിഞ്ഞിരുന്നു. സ്വർഗീയസമ്മാനമെന്നപോൽ മൺസൂണിന്റെ അന്ത്യത്തിലുള്ള മഴവിൽരാശിയിൽ കൊടിമരത്തിൽ അത് പാറിക്കളിച്ചു. തൊട്ടുമുമ്പുള്ള അർധരാത്രിയിൽ ഒരിന്ത്യക്കാരൻ നടത്തിയ ഏറ്റവും പ്രശസ്തമായ പ്രസംഗം നൽകാനായി ജവഹർലാൽ നെഹ്റു എഴുന്നേറ്റു നിന്നു:

"വളരെക്കാലം മുമ്പെ, നാം വിധിയുമായി കണ്ടുമുട്ടി. ഇപ്പോൾ നാം വാക്കുപാലിക്കേണ്ടുന്ന സമയം ആഗതമായിരിക്കുന്നു. മുഴുവനോ മൊത്തത്തിലോ ആയല്ല; മറിച്ച് എല്ലാ അർഥത്തിലും. അർധരാത്രി പൊട്ടിവിടർന്ന് ലോകം ഉറങ്ങുന്ന സമയത്ത് ഇന്ത്യ അവളുടെ സ്വാതന്ത്ര്യത്തിലേക്കും ജീവിതത്തിലേക്കും ഉണരും. നാം പഴയതിൽ നിന്ന് പുതിയതിലേക്ക് കടന്നുവരുമ്പോൾ, ഒരു യുഗം അവസാനിക്കുമ്പോൾ, ദീർഘകാലമായി അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ ആത്മാവിന് ശബ്ദം ലഭിക്കുന്ന ഒരു നിമിഷം, ചരിത്രത്തിൽ അപൂർവമായി വരുന്ന ഒരു നിമിഷം വരുന്നു"

ആരെയും കുറ്റപ്പെടുത്താനുള്ള സമയമല്ലിതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യക്ക് അവളുടെ എല്ലാ മക്കളെയും പാർപ്പിക്കാവുന്ന ഒരു പവിത്രഭവനം നാം കെട്ടിപ്പടുക്കണം. സ്വതസിദ്ധമെന്നോണം, രാജ്യാന്തരതലത്തിൽ ഇന്ത്യയ്ക്ക് കുറേക്കൂടി വലിയൊരു പങ്കെന്ന തന്റെ വൻ നേട്ടത്തെ ആവരണം ചെയ്തു നിൽക്കുന്ന ദുരന്തത്തെ മറികടന്ന്, വിനയവും അഭിലാഷവും കൂട്ടിച്ചേർത്ത ഒരു വാക്യത്തോടെയാണ് തന്റെ അനശ്വരമായ ഈ പ്രസംഗം നെഹ്റു അവസാനിപ്പിച്ചത്: 'ഈ ഗൗരവമുഹൂർത്തത്തിൽ ഇന്ത്യയുടെയും അവളുടെ ജനങ്ങളുടെയും അതിനേക്കാൾ വലുതായ മാനവകുലത്തിന്റെയും സേവനത്തിനായി അർപ്പണപ്രതിജ്ഞയെടുക്കേണ്ടത് ഈ അവസരത്തിൽ അങ്ങേയറ്റം ഉചിതമാണ്.'

വേണ്ടത്രയും വെല്ലുവിളികൾ മുമ്പിലുണ്ടാവാം, പക്ഷെ തന്റെ ഏറ്റവും മഹത്തായ വിജയത്തിന്റെ മുഹൂർത്തത്തിൽ പോലും, തന്നെ വലയം ചെയ്തിരിക്കുന്ന ക്ലേശങ്ങളെ മറി കടന്ന്, വിദൂരസ്വപ്നത്തിലേക്ക് കണ്ണു പായിക്കുന്നത് നെഹ്റു ഒരിക്കലും നിർത്തിയിരുന്നില്ല. ■

*ലോകസഭാംഗവും എഴുത്തുകാരനുമാണ് ലേഖകൻ*




**നെഹ്റുവും മുഹമ്മദാലി ജിന്നയും**

■ ബി.ആർ.പി. ഭാസ്കർ/അരുൺ ടി. വിജയൻ



**സ്വതന്ത്ര ഇന്ത്യയുടെ ആദ്യ നാളുകളിൽ മാധ്യമ പ്രവർത്തകനായ വ്യക്തിയാണ് ബിആർപി ഭാസ്കർ. രാജ്യത്തെ വിവിധ മാധ്യമങ്ങൾക്കായി ഒരു മാധ്യമ പ്രവർത്തകനെന്ന നിലയിലും പൗരനെന്ന നിലയിലും നെഹ്റുവിന്റെ കാലത്തെ ഇന്ത്യയെ അടുത്തറിഞ്ഞ വ്യക്തിയാണ് അദ്ദേഹം. നെഹ്റുവിന്റെ മൃദു സമീപനങ്ങളാണ് അയൽ രാജ്യങ്ങളെ പ്പോലെ സ്വേച്ഛാധിപത്യത്തിലേക്ക് നീങ്ങാതെ ഇന്ത്യൻ ജനാധിപത്യത്തെ നിലനിർത്തിയതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു**



പ്രഥമ രാഷ്ട്രപതി
ഡോ. രാജേന്ദ്രപ്രസാദിനൊപ്പം

# നെഹ്റുവിന്റെ ജനാധിപത്യപാത



ബി.ആർ.പി. ഭാസ്കർ

*ആദ്യ പ്രധാനമന്ത്രിയായി അധികാരമേറ്റപ്പോൾ നെഹ്റുവിന്റെ കൈകളിലെത്തിയ ഇന്ത്യയെക്കുറിച്ച് -അതായത് സ്വാതന്ത്ര്യത്തിന് തൊട്ട് പിന്നാലെയുള്ള ഇന്ത്യ- ഒന്ന് വിശദീകരിക്കാമോ?*

സ്വാതന്ത്ര്യം കിട്ടുന്ന കാലത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വളരെ ശക്തമായി മനസിൽ കടന്നുവരുന്ന ഒരു ചിത്രം വിഭജനത്തിന്റെ ഫലമായുണ്ടായ കലാപമാണ്. ഇവിടെ നിന്ന് പാകിസ്ഥാനിലേക്ക് മുസ്ലിംകൾ ഒഴുകുന്നു, അവിടെ നിന്ന് ഹിന്ദുക്കൾ തിരിച്ചും. ഈ പലായനത്തിനിടെ പല അക്രമങ്ങളും നടന്നു, ധാരാളം ആളുകൾ മരിച്ചു. ഡൽഹിയിൽ പാകിസ്ഥാനിൽ നിന്നും വന്ന അഭയാർത്ഥികളായ ഹിന്ദുക്കളെ വിവിധ ക്യാമ്പുകളിൽ താമസിപ്പിച്ചിട്ടുണ്ടായിരുന്നു.

ഇതാണ് ആദ്യ കേന്ദ്ര സർക്കാരിന് നേരിടേണ്ടി വന്ന ആദ്യ പ്രശ്നം. ഈ ആക്രമണങ്ങളെയും കലാപങ്ങളെയും നേരിടാൻ പല ശക്തമായ നടപടികളും സർക്കാർ സ്വീകരിച്ചു. ഡൽഹിയിൽ അക്രമം നടക്കുന്നതായി വിവരം കിട്ടിയ ഒരു സ്ഥലത്ത് ജവഹർലാൽ നെഹ്റു നേരിട്ടെത്തി ജനങ്ങളെ ശകാരിച്ച സംഭവം വരെയുണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള നിലപാടുകൾ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുണ്ടായത് വർഗീയ ശക്തികൾക്ക് വേരുറപ്പിക്കുന്നതിന് തടസ്സമായി നിന്നു. അദ്ദേഹത്തിന്റെ ഈ നിലപാടുകൊണ്ട് തന്നെയാണ് വർഗീയ ശക്തികൾക്ക് നെഹ്റുവിന്റെ കാലത്ത് ഇന്ത്യയിൽ ആധിപത്യം ലഭിക്കാതിരുന്നത്. വർഗീയ വിചാരം രാജ്യത്ത് ഏറ്റവുമധികം ഉണ്ടായിരുന്ന ഒരു കാലമായിരുന്നു സ്വാതന്ത്ര്യത്തിന് ശേഷമുള്ള കാലം. സാഹചര്യം അനുകൂലമായിരുന്നിട്ടും നെഹ്റുവിനെ പോലെ ഒരാൾ രാ

ഷ്ട്രത്തലവനായിരുന്നതിനാലാണ് സാഹചര്യങ്ങളെ ഉപയോഗപ്പെടുത്താൻ വർഗീയ ശക്തികൾക്ക് സാധിക്കാതിരുന്നത്. 1952ലെ പൊതുതെരഞ്ഞെടുപ്പിൽ അത് പ്രതിഫലിച്ചിട്ടുണ്ട്. ആ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ സ്വാതന്ത്ര്യം ലഭിച്ചിട്ട് അഞ്ച് കൊല്ലം തികഞ്ഞിരുന്നില്ല. പക്ഷെ കോൺഗ്രസിന് വെല്ലുവിളി ഉയർത്തുമെന്ന് കരുതിയ ഹിന്ദു മഹാസഭയും പുതുതായി രൂപീകരിച്ച ജനസംഘവും സന്യാസിമാർ രൂപീകരിച്ച രാമരാജ്യ പരിഷത്തും എല്ലാം നിലംപരിശായി.

## കൊളോണിയൽ സംവിധാനവും ജനാധിപത്യവും

*കൊളോണിയൽ സംവിധാനത്തിൽ നിന്നുള്ള ഭരണ മാറ്റത്തെ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസിനും രാജ്യത്തിനും എത്രമാത്രം അംഗീകരിക്കാൻ സാധിച്ചിട്ടുണ്ട്?*

സർക്കാരിന്റെ മുന്നിലുണ്ടായിരുന്ന പ്രധാന കടമ കൊളോണിയൽ സമ്പ്രദായത്തിൽ നിന്ന് ജനാധിപത്യ സംവിധാനത്തിലേക്ക് മാറുക എന്നതായിരുന്നു. ജനാധിപത്യ സംവിധാനത്തിന്റെ പ്രധാന ഉപകരണം ഭരണഘടനയാണ്. ഭരണഘടന രൂപീകരിക്കുന്നതിൽ ആദ്യമേ സംവിധാനമുണ്ടാക്കി. ഭരണഘടനയുടെ രൂപീകരണം യഥാർഥത്തിൽ ബ്രിട്ടീഷുകാരുടെ കാലത്തു തന്നെ തുടങ്ങിയിരുന്നു. ആ രൂപീകരണത്തിൽ പങ്കാളികളായിരുന്നവരിൽ കുറെപ്പേർ പാകിസ്ഥാനിലേക്ക് പോയി, ബാക്കിയുള്ളവർ ഭരണഘടനാ രൂപീകരണ പ്രക്രിയയിൽ തുടർന്നു. അതിനായി അംബേദ്കറുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ചു. ഇതിന്റെ ആദ്യപടിയായി ഭരണഘടനാ ലക്ഷ്യങ്ങൾ തയാറാക്കി. അത് സംബന്ധിച്ച പ്രമേയങ്ങൾ അവതരിപ്പിച്ചത് ജവഹർലാൽ നെഹ്റുവാണ്.

വളരെ വേഗതയിലാണ് ഭരണഘടന രൂപീകരിച്ചതെന്ന് പറയാം. സ്വാതന്ത്ര്യം ലഭിച്ച് രണ്ടു വർഷത്തിനകം 1949 ആയപ്പോഴേക്കും ഭരണഘടന തയാറായിരുന്നു. 1950 ജനുവരിയിൽ ഭരണഘടന പ്രാബല്യത്തിൽ വരികയും ചെയ്തു. യഥാർഥത്തിൽ ഒരു പുതിയ ഭരണ സംവിധാനം ഉണ്ടാക്കുകയല്ല, ബ്രിട്ടീഷുകാർ ഉണ്ടാക്കിയ ഭരണ സംവിധാനം ഏറ്റെടുക്കുകയാണ് ചെയ്തത്. ചൈനയിൽ മാവോ സെ തുങ് വിപ്ലവത്തിലൂടെ അധികാരത്തിൽ വന്നപ്പോൾ ഒന്നും ഏറ്റെടുക്കുകയായിരുന്നില്ല, പുതിയ ഒരു ഭരണ സംവിധാനം സൃഷ്ടിക്കുകയായിരുന്നു. തങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ച് ഒരു പുതിയ ഭരണ സംവിധാനം സൃഷ്ടിക്കാൻ അവിടുത്തെ ഭരണാധികാരികൾക്ക് കഴിഞ്ഞു. ഇന്ത്യയിൽ നടന്നത് ഒരു അധികാര കൈമാറ്റമാണ്. അന്നത്തെ ഉദ്യോഗസ്ഥ സംവിധാനം ബ്രിട്ടീഷുകാരുടേതാണ്. ബ്രിട്ടീഷുകാർ നിയമിക്കുകയും അവർ പരിശീലിപ്പിക്കുകയും അവർ തങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്ത ആളുകളാണ് അന്നത്തെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ഭാഗമായിരുന്നത്. അന്നത്തെ കോടതികളും ബ്രിട്ടീഷുകാർ രൂപീകരിച്ചതാണ്. ബ്രിട്ടീഷ് ഇന്ത്യയിലെ കോടതികളിൽ അംഗങ്ങളായിരുന്നവർ തന്നെ സ്വതന്ത്ര ഇന്ത്യയിലെ കോടതികളിലും അംഗങ്ങളായി. 1947 ഓഗസ്റ്റ് 14ന് രാത്രിയിലും 1950 ജനുവരി 25ന് രാത്രിയിലും ഒരു പഴയ സംവിധാനത്തിന്റെ ഭാഗമായി ഉറങ്ങാൻ കിടന്ന ആളുകൾ ഉണർന്ന് എഴുന്നേൽക്കുന്നത് ഒരു പുതിയ സംവിധാനത്തിലേക്ക് ആണ്. ഒരു സംവിധാനത്തിന്റെ ഭാഗമാകുകയെന്നാൽ അതിന്റെ പാരമ്പര്യങ്ങൾ ഉൾക്കൊള്ളുക എന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ കൊളോണിയൽ പാരമ്പര്യത്തെ ഉൾക്കൊണ്ട ഒരു വിഭാഗമാണ് ഇവിടെ പുതിയ ഒരു സംവിധാനം നടപ്പാക്കിയത്. അങ്ങനെയുള്ള സാഹചര്യത്തിൽ എന്ത് തരത്തിലുള്ള മാറ്റമാണ് രാജ്യത്ത് പ്രതീക്ഷിക്കാൻ സാധിക്കുക?

> ഒരു പുതിയ ഭരണഘടന വരുന്നു, ആ ഭരണഘടന ഒരു പുതിയ സമീപനം മുന്നോട്ടു വയ്ക്കുന്നു. പക്ഷെ, പഴയ സംവിധാനത്തോട് ആഭിമുഖ്യമുള്ളവരാണ് അതിന്റെ നടത്തിപ്പുകാരായ ഉദ്യോഗസ്ഥർ. ഇതിനെക്കുറിച്ച് ജവഹർലാൽ നെഹ്റുവിന് ബോധ്യമുണ്ടായിരുന്നു

ഒരു പുതിയ ഭരണഘടന വരുന്നു, ആ ഭരണഘടന ഒരു പുതിയ സമീപനം മുന്നോട്ടു വയ്ക്കുന്നു. പക്ഷെ, പഴയ സംവിധാനത്തോട് ആഭിമുഖ്യമുള്ളവരാണ് അതിന്റെ നടത്തിപ്പുകാരായ ഉദ്യോഗസ്ഥർ. ഇതിനെക്കുറിച്ച് ജവഹർലാൽ നെഹ്റുവിന് ബോധ്യമുണ്ടായിരുന്നു. അദ്ദേഹം പല പ്രസംഗങ്ങളിലും ഇക്കാര്യം ആവർത്തിച്ച് പറഞ്ഞിട്ടുമുണ്ട്. നമ്മുടെ ഭരണയന്ത്രം പുതിയ കാലത്തിന്റെ ആവശ്യത്തിനൊത്ത് പുതുക്കിപ്പണിയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. പൊലീസ് സംവിധാനത്തിലെല്ലാം ഈ മാറ്റം ഉണ്ടാകണം എന്നാണ് അദ്ദേഹം ആഗ്രഹിച്ചത്. പക്ഷെ ആ കാര്യങ്ങളിലൊന്നും വലിയ മാറ്റം ഉണ്ടായിട്ടില്ല. അതിന്റെ ഫലമായി ഉണ്ടായ പല പ്രശ്നങ്ങളും ഇവിടെ കാണാനുമുണ്ട്. കൊളോണിയൽ കാലഘട്ടത്തിൽ തുടങ്ങിയ ഒരു സ്ഥാപനത്തിലേക്കാണ് പുതിയ ആളുകൾ വരുന്നത്. ഒരാൾ ഒരു സ്ഥാപനത്തിൽ ജോലിക്കെത്തുമ്പോൾ ആ സ്ഥാപനത്തിന്റെ പാരമ്പര്യത്തെ ഉൾക്കൊള്ളാൻ നിർബന്ധിതനാകുന്നത് പോലെ അവരും ആ സ്ഥാപനത്തിന്റെ പാരമ്പര്യം പിന്തുടരുന്നു. അതായത് പുതിയ സംവിധാനത്തിന്റെ പ്രവർത്തനത്തിൽ പഴയതിന്റെ നിഴൽപ്പാടുകൾ ഉണ്ടാകും. പുതിയ സംവിധാനത്തിലെത്തിയ ഇന്ത്യയിൽ വലിയ അഴിച്ചു പണികൾ യഥാർത്ഥത്തിൽ ഉണ്ടായില്ല. സ്വതന്ത്ര ഇന്ത്യയിൽ ഭരണഘടന വേഗതയിൽ നിലവിൽ വന്നെങ്കിലും ഇവിടെ സംഭവിച്ച മാറ്റം വളരെ സാവധാനത്തിലുള്ളതായിരുന്നു. ഒരു വിപ്ലവത്തെ തുടർന്നുണ്ടായ മാറ്റമായിരുന്നെങ്കിൽ പഴയ സംവിധാനത്തെ ഉപേക്ഷിച്ച് പുതിയതിലേക്ക് ചാടും. അങ്ങനെയുള്ള മാറ്റം ഇന്ത്യയിൽ ഉണ്ടായില്ല. അതിന്റെ പോരായ്മകളൊക്കെ ഇപ്പോഴും കാണാം. പല സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ പഴയ ഫ്യൂഡൽ കാലഘട്ടത്തിന്റെ സ്വാധീനം കണ്ടെത്താൻ സാധിക്കും.

*ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഉപേക്ഷിച്ച് പോയത് ഒരു കാലിപ്പത്തായമല്ലെ? അധികാരമേറ്റെടുത്ത നെഹ്റുവിന് രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ ചെയ്യേണ്ടി വന്നിട്ടുണ്ട്? അദ്ദേഹം അധികാരമേറ്റ ഇന്ത്യയുടെ അപ്പോഴത്തെ സാമ്പത്തിക ചിത്രം എന്തായിരുന്നു?*

സ്വാതന്ത്ര്യം കിട്ടുന്ന സമയത്ത് സാമ്പത്തികമായി രാജ്യം അത്ര വലിയ മോശം അവസ്ഥയിലായിരുന്നില്ല. പക്ഷെ രണ്ടാം ലോക മഹായുദ്ധത്തിന്റെ കെടുതികളുടെ ഫലമായ സാമ്പത്തിക പ്രശ്നങ്ങൾ ഇവിടെയുണ്ടായിരുന്നു. പല സർക്കാർ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ യുദ്ധാവശ്യത്തിനായുള്ളതായിരുന്നു. അതുകൊണ്ട് തന്നെ ആ കാലഘട്ടത്തിൽ മറ്റ് അവസരങ്ങൾ കുറവായിരുന്നു. ആളുകൾക്ക് ജോലി കിട്ടുന്നില്ല എന്നതായിരുന്നു പ്രധാന പ്രശ്നം. അവസരങ്ങളുള്ളത് പട്ടാളത്തിലാണ്. ഇരുപത് ലക്ഷം പേരെ വരെ പട്ടാളത്തിൽ എടുത്ത കാലമുണ്ടായിരുന്നു. പിന്നെ ആസാമിൽ റോഡ് പണിക്കാണ് തൊഴിലാളികളെ ആവശ്യമുള്ളത്. ഈ റോഡ് നിർമാണവും പട്ടാളത്തിന്റെ ആവശ്യത്തിന് വേണ്ടിയാണ്.

പക്ഷെ ഇന്ത്യാ രാജ്യം വലിയ സാമ്പത്തിക പ്രശ്നം അക്കാലത്ത് നേരിടുന്നുണ്ടായിരുന്നില്ല. മാത്രമല്ല, ഇവിടുത്തെ പണം യുദ്ധം ചെയ്യാനായി അന്ന് ബ്രിട്ടീഷുകാർക്ക് കൊടുക്കുന്നുമുണ്ട്. ഇന്ത്യയുടെ പണം ഉപയോഗിച്ചാണ് ബ്രിട്ടൻ പ്രധാനമായും യുദ്ധാവശ്യങ്ങൾ നേരിട്ടത്. രണ്ട് രാജ്യങ്ങളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. യുദ്ധം കഴിഞ്ഞ് ഈ പണം തിരികെ നൽകും എന്നതായിരുന്നു കരാർ. അതിന്റെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യം നേടുന്ന സമയത്ത് സ്റ്റെർലിംഗ് ബാലൻസ് (അതായത് ബ്രിട്ടീഷ് കറൻസിയിൽ പൗണ്ടായി നമുക്ക് തരാനുള്ള പണം) തിരികെ തരുന്നുണ്ട്. ലോകത്തിന്റെ സാമ്പത്തിക ക്രമം പരിശോധിച്ചാൽ അന്നുണ്ടായിരുന്നത് ഇന്നത്തെ തരത്തിലുള്ള സാമ്പത്തിക ക്രമമായിരുന്നില്ല. ഇന്ന് മുൻനിരയിൽ നിൽക്കുന്നത് സേവന വ്യവസായങ്ങൾ ആണ്. എന്നാൽ അന്ന് നിർമ്മാണ

വ്യവസായങ്ങൾക്കായിരുന്നു പ്രാമുഖ്യം. സാമ്പത്തികമായി പരിശോധിച്ചാൽ അക്കാലഘട്ടത്തിൽ ഇന്ത്യ ലോകത്തിലെ പത്ത് രാജ്യങ്ങളിൽ ഒന്നാണ്.

പക്ഷെ വ്യാവസായിക പുരോഗതി ഉണ്ടായിട്ടുള്ള രാജ്യമല്ല ഇന്ത്യ. സാമ്പത്തികമായി നാം മുന്നിൽ നിന്നത് ഇവിടുത്തെ വിഭവങ്ങൾ വിറ്റുണ്ടാക്കുന്ന പണം കൊണ്ടായിരുന്നു. അസംസ്കൃത വസ്തുക്കൾ കയറ്റുമതി ചെയ്യുന്നതിൽ നിന്നു ണ്ടായ വരുമാനമാണ് നമ്മുടെ സമ്പദ് വ്യവസ്ഥയെ നിലനിർത്തിയത്. നെഹ്റുവിന്റെ കാലഘട്ടത്തിൽ തന്നെ ഇതിനെല്ലാം മാറ്റം വരുന്നുണ്ട്. സോവ്യറ്റ് യൂണിയന്റെ പത്താം വാർഷികം നടക്കുമ്പോൾ അവിടം സന്ദർശിച്ച അദ്ദേഹത്തിന് അവർ പത്ത് കൊല്ലം കൊണ്ട് കൈവരിച്ച പുരോഗതിയെക്കുറിച്ച് വലിയ മതിപ്പുണ്ടായിരുന്നു. അതിന്റെ ഫലമായി സോവ്യറ്റ് മോഡൽ വികസന മാതൃകയുടെ ആരാധകനായി തീർന്നു അദ്ദേഹം. സാമ്പത്തിക രംഗത്ത് അദ്ദേഹം ചെയ്ത പ്രധാന പ്രവർത്തനം ഇതായിരുന്നു. അതിന്റെ ഫലമായാണ് ആസൂത്രണ കമ്മിഷൻ രൂപീകരിക്കുകയും ആസൂത്രിതമായ വികസനത്തിന്റെ അടിത്തറ പാകുകയും ചെയ്തത്. പഞ്ചവത്സര പദ്ധതികൾ രൂപീകരിക്കുന്നതെല്ലാം അതിന്റെ ഭാഗമായിരുന്നു. 1951ലാണ് ആദ്യ പഞ്ചവത്സര പദ്ധതി നടക്കുന്നത്. അതായത് സ്വാതന്ത്ര്യം നേടി വെറും നാല് കൊല്ലത്തിനുള്ളിൽ ആസൂത്രിതമായ വികസനം എന്ന ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നതിൽ അദ്ദേഹം വിജയിച്ചു. എന്നാൽ ആദ്യ പഞ്ചവത്സര പദ്ധതി അത്ര വലിയ ആസൂത്രിതമായ ഒന്നാണെന്ന് പറയാൻ സാധിക്കില്ല. പെട്ടെന്ന് ഉണ്ടാക്കിയ ഒരു പദ്ധതിയായിരുന്നു അത്. പക്ഷെ രണ്ടാമത്തെ പദ്ധതി മുതൽ കൂടുതൽ ആഴത്തിലുള്ള പദ്ധതികൾ ആരംഭിച്ചു.

എങ്കിലും നെഹ്റുവിന്റെ കാലത്തുണ്ടായ മാറ്റങ്ങളുടെ ഫലമായി ഇന്നത്തെ വികസനം സാധ്യമാകുന്നതിനുള്ള അടിത്തറയുണ്ടായി. ചില അടിസ്ഥാന വ്യവസായങ്ങൾ ആരംഭിച്ചതിലൂടെയാണ് അത് സാധ്യമായത്. ചില പ്രധാനപ്പെട്ട വ്യവസായങ്ങൾ സർക്കാർ മേഖലയുടെ കീഴിലാക്കി, അത് സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയെ ലക്ഷ്യമാക്കി ചെയ്തതാണ്. മറ്റൊന്ന് ഇതിൽ നിന്ന് വ്യത്യസ്തമായി മിശ്ര ലമ്പദ് വ്യവസ്ഥയ്ക്ക് രൂപം നൽകി എന്നതാണ്. പൊതുമേഖലയെയും സ്വകാര്യ മേഖലയെയും ഒന്നിച്ചു നിർത്തുന്നതാണ് മിക്സഡ് എക്കണോമി. അതിനെ സോഷ്യലിസവുമായി അടുപ്പിക്കാൻ സാമ്പത്തിക മേഖലയുടെ നേതൃത്വം പൊതുമേഖലയിൽ തന്നെ നിക്ഷിപ്തമായി. അതിന്റെ ഫലമായി ധാരാളം പൊതുമേഖല സ്ഥാപനങ്ങളുണ്ടായി. ഒരു കാലത്ത് അവയൊക്കെ നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഇന്ന് അവയിൽ പലതും നശിച്ചു കൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ നശിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്റെ പ്രധാന കാരണം പുറത്തു നടക്കുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ഇവിടുത്തെ സംവിധാനങ്ങൾ മാറിയില്ല എന്നതാണ്. ഉദാഹരണമായി ഇവിടുത്തെ ഒരു പൊതുമേഖല സ്ഥാപനമായിരുന്നു മദ്രാസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ടെലിപ്രിന്റേഴ്സ് ലിമിറ്റഡ്. അവരാണ് ടെലിപ്രിന്റർ യന്ത്രങ്ങൾ ഉത്പാദിപ്പിച്ചിരുന്നത്. ഇലക്ട്രോണിക് യുഗത്തിന് മുമ്പായിരുന്നു അവരുടെ കാലഘട്ടം. അന്ന് ഇവയ്ക്കൊക്കെ പറയുന്നത് ഇലക്ട്രോ മെക്കാനിക്കൽ യന്ത്രങ്ങൾ എന്നാണ്. ഈ രീതിയിലുള്ള ടെലിപ്രിന്ററുകളാണ് ലോകത്തിലെല്ലായിടത്തും പ്രവർത്തിക്കുന്നത്. ഒലിവിറ്റി എന്ന ഇറ്റാലിയൻ കമ്പനിയുടെ സഹകരണത്തോടെയാണ് ഹിന്ദുസ്ഥാൻ ടെലിപ്രിന്റേഴ്സ് ഇത് ഉത്പാദിപ്പിച്ചത്. സർക്കാരിന്റെ ആവശ്യം ലക്ഷ്യമാക്കിയായിരുന്നു ഉത്പാദനം. ഭാരത സർക്കാർ തന്നെയായിരുന്നു അവരുടെ ഏറ്റവും വലിയ ഉപഭോക്താക്കൾ. പത്രങ്ങളും ടെലിപ്രിന്ററുകൾ വാങ്ങിയിരുന്നു. കമ്പി സന്ദേശങ്ങളയക്കാനും മറ്റുമായി ടെലഗ്രാഫ് വകുപ്പാണ് ഇത് ഏറ്റവുമധികം ഉപയോഗിക്കുന്നത്.

സർക്കാരിന് ടെലിപ്രിന്ററുകളിൽ ആവശ്യമായുള്ളത് ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ മാത്രമാണ്. പത്രങ്ങൾക്കും അന്ന് ഈ രണ്ട് ഭാഷകൾ മതി. ഹിന്ദുസ്ഥാൻ ടെലിപ്രിന്റേഴ്സ് അവരുടെ ഉപഭോക്താക്കളുടെ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റിയിൽ യുഎൻഐയെ പ്രതിനിധികരിച്ച് ഞാൻ അംഗമായിരുന്നു. മലയാളം ഉൾപ്പെടെയുള്ള ഇന്ത്യൻ പ്രാദേശിക ഭാഷകളിൽ ടെലിപ്രിന്ററുകൾ വേണമെന്ന് യുഎൻഐ ആവശ്യപ്പെട്ടു. എന്നാൽ അവർക്ക് അതിനോട് താത്പര്യമുണ്ടായിരുന്നില്ല. അതിന് കാരണം യുഎൻഐയ്ക്ക് വേണ്ടി ഒരേസമയം പത്ത് യന്ത്രങ്ങൾ മാത്രമായിരിക്കും വാങ്ങുന്നത്. അവർക്ക് ഉത്പാദനം ഏറ്റെടുക്കാൻ നൂറ് എണ്ണത്തിന്റെ ഓർഡർ വേണം. നൂറ് യന്ത്രങ്ങൾ ഒരേസമയം ആവശ്യപ്പെട്ടാൽ ഇന്ത്യൻ പ്രാദേശിക ഭാഷകളിലും ടെലിപ്രിന്ററുകൾ നിർമിക്കാമെന്നായിരുന്നു അവരുടെ നിലപാട്. അതിനാൽ തന്നെ അത് നടന്നില്ല. പക്ഷെ, ഈജിപ്തിൽ നിന്ന് അന്നത്തെ പ്രധാനമന്ത്രി ഗമാൽ അബ്ദുൾ നാസർ വന്നപ്പോൾ അദ്ദേഹം അറബി ടെലിപ്രിന്ററുകൾ നിർമിച്ച് കൊടുക്കാമോ എന്ന് ചോദിച്ചു. നെഹ്റു ഉടൻ തന്നെ കമ്പനി അധികൃതരോട് അറബി ഭാഷയിൽ ടൈപ്പ് റൈറ്ററുകൾ നിർമിക്കാൻ ആവശ്യപ്പെട്ടു. അറബിക് വിപണി സാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞായിരുന്നു ഇത്. അതിന്റെ ഫലമായി അറബ് രാജ്യങ്ങളിലുള്ള ടെലിപ്രിന്ററുകളെല്ലാം ഇന്ത്യയിൽ നിർമ്മിച്ചവയായി തീർന്നു. ഞാൻ അറബ് വാർത്താ ഏജൻസിയായ മിഡിൽ ഈസ്റ്റ് ന്യൂസ് ഏജൻസിയുടെ കെയ്റോയിലെ ഓഫീസ് സന്ദർശിച്ചപ്പോൾ അതിന്റെ ഡയറക്ടർ അവരുടെ ടെലിപ്രിന്റർ മുറി കാണിച്ചു തന്നിട്ട് പറഞ്ഞത് ഞങ്ങളുടെ എല്ലാ ടെലിപ്രിന്ററുകളും ഇന്ത്യയിൽ നിർമിച്ചവയാണ് എന്നാണ്.

എഴുപതുകളുടെ അവസാനമായപ്പോഴേക്കും ഇലക്ട്രോ മെക്കാനിക്കൽ ടെലിപ്രിന്ററുകളുടെ കാലം കഴിഞ്ഞു. ഇലക്ട്രോണിക് യന്ത്രങ്ങൾക്കായി പിന്നീട് വിപണി സാഹചര്യം. ഇലക്ട്രോണിക് യന്ത്രങ്ങൾ നിർമിക്കാൻ സഹായിക്കാൻ തയാറാണെന്ന് അന്ന് ഒലിവിറ്റി കമ്പനി ഹിന്ദുസ്ഥാൻ ടെലിപ്രിന്റേഴ്സിനെ അറിയിച്ചു. എന്നാൽ അതിന്റെ അധികൃതരോ ഭാരത സർക്കാരോ ഇലക്ട്രോണിക് യന്ത്രങ്ങളിലേക്ക് മാറാൻ തയാറായില്ല. അതിന്റെ ഫലമായി അറബ് ലോകത്തെ വിപണി നമുക്ക് നഷ്ടമായി. എൺപതുകളായപ്പോഴേക്കും ജർമൻ യന്ത്രങ്ങൾ ആ വിപണി പിടിച്ചെടുത്തു. ആ മാർക്കറ്റ് നിലനിർത്താൻ സാധിക്കാതിരുന്നത് കാലോചിതമായ മാറ്റം വരുത്താൻ നമുക്ക് സാധിക്കാതിരുന്നതിനാലാണ്.



**ജപ്പാനിലെ ഹിരോഷിമ സ്മാരകത്തിൽ നെഹ്റു. 1957 ഒക്ടോബറിലെ ചിത്രം**

അതുപോലെ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് ഒരു കാലത്ത് വലിയ കമ്പനിയായിരുന്നു. ഇന്ന് അതിന് വിപണിയിൽ ഒരു സ്ഥാനവുമില്ല. എച്ച്.എം.ടി വാച്ചുകളുടെ വിപണിയൊക്കെ നഷ്ടമായതും ഇതേ രീതിയിലാണ്. പക്ഷെ, ഇതിനെയെല്ലാം സർക്കാരിന്റെ നയപരിപാടികളുമായി ബന്ധപ്പെടുത്തി മാത്രം നമുക്ക് കാണാൻ കഴിയില്ല. ഈ മേഖലകളിലെല്ലാം തീരുമാനമെടുക്കുന്നത് ഉദ്യോഗസ്ഥ തലങ്ങളിലെ നിലപാടുകളാണ്.

നെഹ്രു അടിത്തറ പാകിയതിന്റെ ഫലമായി രാജ്യത്തിനുണ്ടായ വലിയൊരു നേട്ടമാണ് സാങ്കേതിക വിദ്യാഭ്യാസത്തിലെ മുന്നേറ്റം. അതിൽ പ്രത്യേകിച്ചു പറയാനുള്ളത് ഐഐടികൾ സ്ഥാപിച്ചതാണ്. ഉന്നത നിലവാരമുള്ള സാങ്കേതിക സ്ഥാപനങ്ങളാണ് അതിന്റെ ഫലമായി ആരംഭിച്ചത്. വിദേശ രാജ്യങ്ങളുടെ സഹായത്തോടെയാണ് ഈ സ്ഥാപനങ്ങളെല്ലാം സ്ഥാപിച്ചത്. എൻജിനിയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് ഇത് സഹായിച്ചു.

ഈ കാലഘട്ടത്തിലൊന്നും അമേരിക്കയിൽ നിന്ന് കാര്യമായ സഹകരണം ലഭിച്ചിരുന്നില്ല. അതുകൊണ്ടാണ് മറ്റ് രാജ്യങ്ങളെ ആശ്രയിക്കേണ്ടി വന്നത്. ഐഐടികൾ സ്ഥാപിക്കുമ്പോഴെല്ലാം ഇന്ത്യക്ക് സഹകരണം ലഭിച്ചത് യൂറോപ്യൻ രാജ്യങ്ങളിൽ നിന്നായിരുന്നു. പക്ഷെ അത്തരത്തിലുള്ള വികസനം മറ്റ് പല മേഖലകളിലും ഉണ്ടായില്ല. രാജ്യത്തെ ഒന്നോ രണ്ടോ സർവകലാശാലകൾ ഒഴിച്ചു നിർത്തിയാൽ മറ്റെല്ലാ സർവകലാശാലകളുടെയും ലോക റാങ്കുകൾ മോശമാണ്. ഇന്ത്യയിൽ ഐഐടികൾ മാത്രമാണ് ഇന്ന് ലോകനിലവാരത്തിൽ മുന്നിൽ നിൽക്കുന്നത്. നിരവധി സർവകലാശാലകൾ ഇന്ന് രാജ്യത്തുണ്ട്. നിലവാരമുള്ളവ തന്നെ നെഹ്രുവിന്റെ കാലഘട്ടത്തിലോ അതിന് തൊട്ടുപിന്നാലെയോ തുടങ്ങിയവയാണ്. ഇവിടെയൊക്കെയാണ് നമ്മുടെ മറ്റ് പരാധീനതകൾ തിരിച്ചറിയുന്നത്.

## നെഹ്റുവിന്റെ മൃദുസമീപനം

*രാജ്യത്തിൽ തന്നെയും കരുത്തനായിരുന്നിട്ടും നെഹ്രുവിന്റെ നിലപാടുകൾ പലപ്പോഴും മൃദുലമായിരുന്നില്ലെ? താങ്കളുടെയൊക്കെ തീവ്ര ചിന്താഗതിയുടെ കാലം കൂടിയായിരുന്നുവല്ലോ അത്?*

സ്വാതന്ത്ര്യം കിട്ടുന്ന സമയത്ത് ജവഹർലാൽ നെഹ്രുവിനെ പോലെ കരുത്തരായ നിരവധി നേതാക്കൾ ഇവിടെയുണ്ടായിരുന്നു. സമശീർഷകരെന്ന് തന്നെ വിശേഷിപ്പിക്കാവുന്ന സർദാർ പട്ടേൽ, സി. രാജഗോപാലാചാരി തുടങ്ങിയവർ. കോൺഗ്രസിന് അകത്തു തന്നെ നെഹ്രു സർവാധിപത്യം ഉള്ള ഒരു നേതാവായിരുന്നില്ല. പക്ഷെ നെഹ്രുവിന്റെ കരുത്ത് തെളിയിക്കുന്ന ഒട്ടനവധി സാഹചര്യങ്ങളുണ്ട്. ലോകമഹായുദ്ധം കഴിഞ്ഞുള്ള സാഹചര്യത്തിൽ കരിഞ്ചന്ത വ്യാപകമായിരുന്നു. അന്നത്തെ സമൂഹം നേരിട്ടിരുന്ന ഒരു പ്രധാന പ്രശ്നം അതായിരുന്നു. കരിഞ്ചന്തക്കാരെയെല്ലാം അടുത്തുള്ള വിളക്കുകമ്പിയിൽ തൂക്കി കൊല്ലണമെന്ന് നെഹ്രു അന്നത്തെ കാലത്തെ പല പ്രസംഗങ്ങളിലും പറയുമായിരുന്നു. അങ്ങനെ പറഞ്ഞിരുന്നെങ്കിലും അത്തരത്തിലുള്ള കടുത്ത നടപടികളിലേക്കൊന്നും അദ്ദേഹം പോയിരുന്നില്ല. പല വിഷയങ്ങളിലും കടുത്ത നിലപാടുകളായിരുന്നു അദ്ദേഹത്തിനെങ്കിലും അവ നടപ്പിലാക്കുന്നതിലേക്ക് അദ്ദേഹം നീങ്ങിയിരുന്നില്ല.

നെഹ്രു വേഗത കൂട്ടുവാൻ വേണ്ടി കർക്കശമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ നമ്മുടെ ജനാധിപത്യ വ്യവസ്ഥിതി ഇങ്ങനെ നിലനിൽക്കുമായിരുന്നോ? നമ്മളോടൊപ്പം ജനാധിപത്യം നേടിയ രാജ്യമായ പാകിസ്ഥാൻ, അവരിൽ നിന്നും വിട്ടുപോയ ബംഗ്ലാദേശ് എന്നിവിടങ്ങളിലൊക്കെ അട്ടിമറികൾ നടന്നു. ജനാധിപത്യത്തിലേക്ക് തിരിച്ചു വരാൻ അവരെല്ലാം വളരെ കാലം എടുക്കുകയും ചെയ്തു. ഇത്തരത്തിലൊരു സാഹചര്യം ഇന്ത്യയിൽ ഉണ്ടാകാതിരുന്നത് അദ്ദേഹം പല വിഷയങ്ങളിലും സ്വീകരിച്ച മൃദു സമീപനങ്ങളുടെ ഫലമായിട്ടാണ്. ഇത്രയും വൈവിധ്യങ്ങളുള്ള ഒരു രാജ്യത്തെ ജനാധിപത്യത്തിലൂടെ മാത്രമേ മുന്നോട്ട് കൊണ്ടു പോകാനാകൂവെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. നിർബന്ധിതമായി ഇവിടെ ഒന്നും നടപ്പിലാക്കാനാകുമായിരുന്നില്ല.

*ജവഹർലാൽ നെഹ്രുവിനെതിരായ വാർത്തകളിൽ പോലും അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം വ്യക്തമായിരുന്നു. താങ്കൾ പ്രവർത്തിച്ചിരുന്നവ ഉൾപ്പെടെയുള്ള മാധ്യമങ്ങളുടെ അദ്ദേഹത്തോടുള്ള സമീപനം എന്തായിരുന്നു?*

അന്നും മാധ്യമങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടെങ്കിലും ആരും തന്നെ ആ സ്വാതന്ത്ര്യം ഫലപ്രദമായി ഉപയോഗിച്ചിരുന്നില്ല. കാരണം അന്നത്തെ മാധ്യമങ്ങൾക്ക് സർക്കാരിനോട് വളരെയധികം മമത ഉണ്ടായിരുന്നു. രാജ്യത്തെ ജനാധിപത്യ പാതയിൽ നയിക്കുന്ന നെഹ്രുവിനോടും അതുണ്ടായിരുന്നു. അത് മാറുന്നത് അറുപതുകളിലെ ചൈന യുദ്ധത്തോടെയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ നെഹ്രുവിന്റെ സ്വാധീനം ക്ഷയിക്കുന്ന ഒരു കാലഘട്ടവുമാണ് അത്. അപ്പോഴാണ് മാധ്യമങ്ങൾ അദ്ദേഹത്തെ ചോദ്യം ചെയ്യാൻ തുടങ്ങുന്നത്. ഈ ചോദ്യം ചെയ്യൽ യഥാർത്ഥത്തിൽ വലതുപക്ഷ ഭാഗത്തു നിന്നു കൊണ്ട് തന്നെയുള്ള ചോദ്യം ചെയ്യലാണ്. വ്യക്തമായ മുതലാളിത്ത ചായ്‌വോടു കൂടിത്തന്നെയായിരുന്നു ആ ചോദ്യം ചെയ്യൽ. അന്താരാഷ്ട്ര വിഷയത്തിൽ അത് അമേരിക്കൻ പക്ഷപാതത്തോടെയുള്ള ചോദ്യം ചെയ്യലായി മാറിയിരുന്നു.

*മഹാത്മാ ഗാന്ധിയുടെയും നെഹ്രുവിന്റെയും മതേതര നിലപാടുകളെക്കുറിച്ച്?*

ഗാന്ധിയുടെയും നെഹ്രുവിന്റെ മതേതര സമീപനങ്ങളിൽ വലിയ വ്യത്യാസം ഉണ്ട്. ഗാന്ധി മതത്തിന്റെ ഭാഗമായി നിന്നുകൊണ്ട് മതേതരത്വം പറയുന്ന ഒരാളാണ്. അതേസമയം നെഹ്രു യഥാർഥത്തിൽ ഒരു അജ്ഞേയവാദി ആണ്. നിരീശ്വരവാദിയായിരുന്നോ എന്ന കാര്യം സംശയമാണ്. ദൈവം ഉണ്ടോ ഇല്ലയോ എന്നത് ഒരു പ്രശ്നമേയല്ല എന്ന സമീപനമായിരുന്നു അദ്ദേഹത്തിന്റേത്. ബുദ്ധൻ എടുത്ത നിലപാടിനോട് അതിന് സാമ്യമുണ്ട്. അതേസമയം പാരമ്പര്യത്തെ സംബന്ധിച്ച് വളരെ ബോധവാനായിരുന്ന അദ്ദേഹം അതിനോട് താദാത്മ്യപ്പെട്ട് പോകാൻ ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ഒസ്യത്ത് ശ്രദ്ധിച്ചാൽ അത് മനസിലാകും. അദ്ദേഹം ആവശ്യപ്പെടുന്ന ഒരു കാര്യം തന്റെ ചിതാഭസ്മം ഗംഗയിൽ ഒഴുക്കണമെന്നാണ്. നിമജ്ജനത്തിന് പരിപാവനമായി കാണുന്ന സ്ഥലം അലഹബാദിലെ ത്രിവേണി സംഗമമാണ്. അലഹബാദിൽ ഗംഗയിൽ ഒഴുക്കണം എന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും അതിൽ ത്രിവേണിയെന്ന് പറയുന്നില്ല. പക്ഷെ, പാരമ്പര്യത്തിന് പുറത്തു നിന്നു കൊണ്ട് അദ്ദേഹം തന്റെ ചിതാഭസ്മം ഹിമാചലിൽ വിതറണമെന്നും ആവശ്യപ്പെടുന്നു. ഇതിൽ നിന്നെല്ലാം അദ്ദേഹത്തിന്റെ സമീപനം പാരമ്പര്യത്തെ വെല്ലുവിളിക്കലല്ല, പകരം അതിനെ ഉൾക്കൊണ്ടു തന്നെ അതിനെ മറികടക്കുക എന്നതാണെന്ന് വ്യക്തമാണ്.

പാരമ്പര്യം നമുക്ക് നേരിട്ട് കിട്ടിയതാണെന്നാണ് ആളുകളുടെയൊക്കെ ധാരണ. യഥാർഥത്തിൽ പാരമ്പര്യമെന്നത് നമുക്ക് മുമ്പെ പോയവർ ചെയ്ത പ്രവൃത്തിയുടെ ആകെത്തുകയാണ്. നമ്മൾ അതിനെ ഉൾക്കൊണ്ടു കൊണ്ട് പുതിയ കാര്യങ്ങൾ ചെയ്യുമ്പോഴാണ് പാരമ്പര്യം നിലനിന്ന് പോകുന്നത്. അങ്ങനെ ചെയ്ത ഒരു വ്യക്തിയാണ് നെഹ്രു. ഗാന്ധി ഇടപെട്ടതുപോലെ ജാതി പ്രശ്നങ്ങളിലൊന്നും നെഹ്രു പ്രകടമായി ഇടപെട്ടിട്ടില്ല. ഗാന്ധിയും അംബേദ്കറും തമ്മിൽ നിലനിന്നിരുന്ന തർക്കങ്ങളിൽ പോലും അദ്ദേഹം കാര്യമായ ഇടപെടൽ നടത്തിയതായി അറിയുന്നില്ല. ഭരണഘടന നിലവിൽ വന്ന് ആറു മാസത്തിനകം മദ്രാസിൽ നിലവിലിരുന്ന സംവരണത്തിനെതിരെ ഹൈക്കോടതിയിൽ ഒരു കേസ് വന്നിരുന്നു. ജാതി സംവരണം ആണ് അന്ന് നിലവിലിരുന്നത്. 1930 കളിൽ ബ്രിട്ടീഷ് ഭരണകാലത്തു തന്നെ അത് തുടങ്ങിയതാണ്. അബ്രാഹ്മണ സംഘടനകളുടെ സമരത്തെത്തുടർന്നായിരുന്നു സംവരണം ആരംഭിച്ചത്. വിദ്യാഭ്യാസപരമായി മുന്നിട്ടു നിന്ന വിഭാഗമായിരുന്നു ബ്രാഹ്മണരെങ്കിലും അവർ എണ്ണത്തിൽ പിന്നിലായിരുന്നു. വിദ്യാഭ്യാസ യോഗ്യത പരിഗണിച്ചാൽ എൻജിനിയറിംഗ് കോളജുകളിലും മെഡിക്കൽ കോളജുകളിലും ബ്രാഹ്മണ വിദ്യാർഥികൾ മാത്രമായി തീരുമായിരുന്നു. അങ്ങനെ വന്നപ്പോൾ ഓരോ ജില്ലയിലെ ജനസംഖ്യാനുപാതം കണക്കിലെടുത്ത് സീറ്റ് അനുവദിക്കാമെന്ന് വ്യവസ്ഥ വന്നു. അതോടെ ഒരു ജില്ലയിൽ രണ്ട് ബ്രാഹ്മണർക്കേ സീറ്റ് ലഭിക്കൂ എന്ന അവസ്ഥയും ഉണ്ടായി. എൻ

ജിനിയറിംഗിന്റെയും മെഡിസിന്റെയും സംവരണ വിഷയത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ട് രണ്ട് കേസുകളാണ് പോയത്. ഭരണഘടന അനുസരിച്ച് എല്ലാവരും തുല്യരാണെന്നും ജാതിയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ലെന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും ബ്രാഹ്മണർ വാദിച്ചു. ഹൈക്കോടതി ഇത് ശരിവച്ചു. ഇതിനെതിരെ മദ്രാസ് സർക്കാർ സുപ്രിംകോടതിയിൽ പോയപ്പോൾ അവിടെയും സംവരണം ഭരണഘടനാ വിരുദ്ധമാണെന്നാണ് വിധി വന്നത്. ഇതോടെ ഇന്ത്യ ഗവൺമെന്റ് ഭരണഘടന ഭേദഗതി ചെയ്തു. നമ്മുടെ ആദ്യത്തെ ഭരണഘടന ഭേദഗതി ഇതാണ്. എല്ലാവരും തുല്യരാണ്, എന്നാൽ വിദ്യാഭ്യാസപരമായും സാമൂഹികപരമായും പിന്നാക്കം നിൽക്കുന്നവരുടെ ഉന്നമനത്തിന് വേണ്ടി പ്രത്യേക നടപടികൾ എടുക്കുന്നതിന് ഇത് തടസ്സമല്ല എന്നതായിരുന്നു ഭേദഗതി. ജാതി പ്രശ്നത്തിൽ നെഹ്റുവിന്റെ ഭാഗത്തു നിന്നും ഉണ്ടായ സുപ്രധാന നീക്കം ഇതായിരുന്നു.

*ചോദ്യം: ലോകത്തിന്റെ രണ്ട് ചേരികളുടെയും ഇടയിലാണ് ഇന്ത്യയുടെ സ്ഥാനം. ചേരിചേരാ നയത്തിന്റെ ഉപജ്ഞാതാവു തന്നെ നെഹ്റു ആണ്. ഈജിപ്തിലെ ഗമാൽ അബ്ദുൽ നാസറെ പോലുള്ള ചുരുക്കം ചില രാഷ്ട്ര തലവൻമാരുടെ പിന്തുണ മാത്രമാണ് അന്ന് നെഹ്റുവിന് ലഭിച്ചത്. ഈ ആശയം അന്ന് എങ്ങനെയാണ് വിലയിരുത്തപ്പെട്ടത്?*

അന്താരാഷ്ട്ര തലത്തിൽ നോക്കിയാൽ ലോകം രണ്ട് ചേരികളാണ്. അമേരിക്കയ്ക്കൊപ്പമുള്ള ഒരു ചേരിയും റഷ്യയ്ക്കൊപ്പമുള്ള മറ്റൊരു ചേരിയും. ഇതിൽ നമ്മൾ ആരുടെയും കൂടെ നിൽക്കില്ല എന്ന ചേരിചേരാ നയമാണ് സ്വീകരിച്ചത്. അതിനും ഒരു കാരണമുള്ളത് നമുക്ക് ഈ രണ്ട് ചേരികളിലും നിൽക്കാൻ കഴിയില്ല എന്നതാണ്. കാരണം ഈ രണ്ട് ചേരികളുടെയും ചില അംശങ്ങൾ സ്വീകരിച്ച് ഒരു പുതിയ സംവിധാനം മുന്നോട്ട് വെക്കാനാണ് നെഹ്റു ശ്രമിച്ചത്. അപ്പോൾ പിന്നെ ഏതെങ്കിലും ഒരു ചേരിയിൽ നിൽക്കാൻ കഴിയുമായിരുന്നില്ല.

എന്നു മാത്രമല്ല, ഇന്ത്യ ഒരു വലിയ രാജ്യമാണ്, ഇതിന് ആരുടെയും വാലാകാൻ പറ്റില്ല. ഇന്നത്തെ കാലത്ത് രാജ്യത്തിന്റെ പല പ്രശ്നങ്ങളും നെഹ്റുവിയൻ സമീപനത്തിന്റെ ഫലമാണ് എന്ന് വരുത്തി തീർക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതൊക്കെ ആ പ്രശ്നങ്ങളെ ശരിയായ അർഥത്തിൽ ഉൾക്കൊള്ളാനാകാത്തതിന്റെ ഫലമായുള്ള വിലയിരുത്തലുകളാണ്. ജവഹർലാൽ നെഹ്റു അല്ലാതെ രാജ്യത്തെ ജനാധിപത്യ പാതയിൽ വിജയകരമായി നയിക്കാൻ കഴിയുന്ന നേതാക്കൾ കോൺഗ്രസിൽ പോലുമുണ്ടായിരുന്നുവെന്ന് ഞാൻ കരുതുന്നില്ല. ■

# മതേതരത്വത്തിന്റെ പ്രസക്തി



ഇന്ത്യ ഒരു മതേതരരാഷ്ട്രമാണെന്ന് നാം ഭരണഘടനയിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു. മതരഹിതമെന്ന് അതിനർഥമില്ല. എല്ലാ വിശ്വാസങ്ങൾക്കും തുല്യമായ ആദരവെന്നും ഏതു മതം സ്വീകരിച്ചയാൾക്കും തുല്യാവസരങ്ങളെന്നുമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ നമ്മുടെ സംസ്കാരത്തിന്റെ ചൈതന്യവത്തായ ഈ വശം എല്ലായ്പ്പോഴും നമ്മുടെ മനസ്സിലുണ്ടാവണം. സമകാലിക ഇന്ത്യയിൽ അതിന് അങ്ങേയറ്റം പ്രാധാന്യവുമുണ്ട്. രണ്ടിന്ത്യക്കാർക്കിടയിൽ മതിൽക്കെട്ടുകൾ തീർക്കുന്നവരും വിഘടന പ്രവണതകൾ വളർത്തുന്നവരും ഇന്ത്യയെയും അതിന്റെ സംസ്കാരത്തിനെയും സേവിക്കുന്നവരല്ല. നാട്ടിൽ അത് നമ്മെ പരിക്ഷീണിപ്പിക്കുകയും വിദേശത്ത് നമ്മെ അപകീർത്തിപ്പെടുത്തുകയും ചെയ്യും. അതുകൊണ്ട് ഇന്ത്യയുടെ ഈ വൈകാരിക ഉദ്ഗ്രഥനത്തിനായി നാം പ്രവർത്തിക്കേണ്ടത് ഏറെ പ്രധാനമാണ്.

ഭാഷാവ്യത്യാസങ്ങളുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. പരസ്പരം ആഴത്തിൽ ചാർച്ചയുള്ള മഹത്തായ ഭാഷകൾ നമ്മുടെ അഭിമാനമാണ്. അവയെ എല്ലാം നമുക്ക് പരിപോഷിപ്പിക്കാം. നമ്മുടെ മാതൃഭാഷയല്ലാത്ത ഭാഷകളെ ശത്രുവായി കാണാതിരിക്കുക. നൂറ്റാണ്ടുകളിലൂടെ വളർന്ന ഈ ഭാഷകളെല്ലാം ഇന്ത്യയുടെ രക്തവും മാംസവുമാണ്. ഏതെങ്കിലുമൊന്നിനു മുറിവേറ്റാൽ അത് ഇന്ത്യയുടെ മുറിവാണ്.

അതിനാൽ നമ്മുടെ മുഴുവൻ ജനതയുടെയും വൈകാരിക ഉദ്ഗ്രഥനത്തിന് നാം ഓരോരുത്തരുടെയും ഭാഗത്തുനിന്ന് ബോധപൂർവമായ പ്രയത്നം വേണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ഔദ്യോഗികമോ അനൗദ്യോഗികമോ ആയ നമ്മുടെ ദൈനംദിന പ്രവർത്തികളിലേക്ക് അത് പകരണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അങ്ങനെ നമ്മുടെ സ്വപ്നങ്ങളിലെ ഇന്ത്യയെ നമുക്ക് കെട്ടിപ്പടുക്കാനാകും.

**1961 ജൂലൈ അഞ്ചിന് രാഷ്ട്രത്തോടായി നടത്തിയ അഭ്യർഥന**

വിവിധ സമുദായങ്ങളുടെ രാജ്യമാണ് ഇന്ത്യ. പരസ്പരം സഹവർത്തിത്വത്തോടെ ജീവിക്കാനും മറ്റുള്ളവരുടെ വിശ്വാസങ്ങളും ശീലങ്ങളും ആദരിക്കാനും കഴിഞ്ഞില്ലെങ്കിൽ നമുക്ക് മഹത്തായ ഒരു ഐക്യരാഷ്ട്രം സ്ഥാപിക്കാൻ സാധിക്കില്ല.

വിദൂരഭൂതകാലം മുതൽ പരസ്പര സഹവർത്തിത്വത്തോടെ ജീവിക്കുന്നതാണ് ഇന്ത്യയുടെ അഭിമാനം. അതാണ് ഇന്ത്യയുടെ സംസ്കാരത്തിന്റെ അടിസ്ഥാനം. ഏറെക്കാലം മുമ്പ് ബുദ്ധൻ നമ്മെ പഠിപ്പിച്ച പാഠം ഇതാണ്. 2300 വർഷംമുമ്പ് അശോകന്റെ കാലം മുതൽ നമ്മുടെ ചിന്തയിലെ ഈ വശം നിരന്തരം പ്രഖ്യാപിക്കപ്പെടുകയും പ്രാവർത്തികമാക്കുകയും ചെയ്തിരുന്നു. നമ്മുടെ കാലഘട്ടത്തിൽ മഹാത്മാഗാന്ധിയും ഇതിന് ഏറെ ഊന്നൽ നൽകിയിട്ടുണ്ട്. വാസ്തവത്തിൽ സാമുദായിക സൗമനസ്യത്തിലും സഹവർത്തിത്വത്തിലും വലിയ ഊന്നൽ നൽകിയതിനാലാണ് അദ്ദേഹത്തിന് ജീവൻതന്നെ നഷ്ടപ്പെട്ടത്. അതിനാൽ നമുക്ക് കാത്തുസൂക്ഷിക്കാനുള്ളത് അമൂല്യമായ ഒരു പാരമ്പര്യമാണ്. അതിന് സ്വയം വിരുദ്ധമായി പ്രവർത്തിക്കാൻ നാം അനുവദിക്കരുത്.

വെറുപ്പിന്റെയും അസഹിഷ്ണുതയുടെയും അടിസ്ഥാനത്തിലാണ് പാകിസ്ഥാൻ നിലവിൽവന്നത്. നമ്മുടെ പ്രതികരണവും അതേരീതിയിലാവാൻ വിട്ടുകൂടാ. അത് നമ്മുടെ തോൽവിയാവുമെന്ന് തീർച്ച. നമ്മുടെ അനാദിയായ സംസ്കാരത്തിനു യോജ്യമായ രീതിയിൽ ജീവിച്ചുകൊണ്ട് നമ്മെ എതിർക്കുന്നവർക്കുമേൽ വിജയം നേടാൻ പരിശ്രമിക്കേണ്ടതുണ്ട്. വെറുപ്പിലും പ്രാകൃതത്വത്തിലും പരസ്പരം മത്സരിക്കുന്നത് മാനുഷികതയുടെ അധ:പതനവും നമ്മുടെ സംസ്കാരത്തിന്റെയും ജനതയുടെയും പേര് കളങ്കപ്പെടുത്തലുമാണ്. ഒരു ദുഷ്പ്രവൃത്തി മറ്റൊന്നിലേക്ക് നയിക്കും. അങ്ങനെ തിന്മ വളരുന്നു. മനുഷ്യത്വ രഹിതമായ ചെയ്തികളെ തടയുന്നതിന് അതൊരു വഴിയല്ല. സഹിഷ്ണുതയിലും സൗഭ്രാത്രത്തിലും പരസ്പരം പെരുമാറാൻ നമുക്കു കഴിയുകയാണെങ്കിൽ മറ്റിടങ്ങളിലും അതിന്റെ ഫലമുണ്ടാവുമെന്നു തീർച്ച. അല്ലെങ്കിൽ ഈ ദൂഷിതവലയം തുടരുകയും എല്ലാവർക്കും ദു:ഖവും ദുരന്തവും കൊണ്ടുവരികയും ചെയ്യും. അതിനാൽ നമ്മുടെ രാജ്യത്തെ ജനങ്ങളോടുള്ള കടമ, അവർ ആരായിരുന്നാലും തിരിച്ചറിയുന്നത് അങ്ങേയറ്റം പ്രധാനമാണ്. ഏതൊരു ഇന്ത്യക്കാരനും, അയാൾ ഏതു മതത്തിൽപ്പെട്ടയാളായാലും ഒരു സഹോദരനാണെന്ന് എല്ലായ്പ്പോഴും ഓർമിക്കുകയും അതിനനുസൃതമായി പെരുമാറുകയും വേണം.

**1964 മാർച്ച് 26 – ന് രാഷ്ട്രത്തിനോടായി ചെയ്ത റേഡിയോ പ്രക്ഷേപണത്തിൽനിന്ന്. രണ്ടുമാസത്തിനുശേഷം 1964 മെയ് 27ന് നെഹ്റു അന്തരിച്ചു.**

എസ്. ഗോപാലകൃഷ്ണൻ

# മകനേ മഴവില്ല് കുലയ്ക്കാനാവില്ല



## ഗാന്ധിജി എന്ന ആശയത്തിന്റെയും നെഹ്റു എന്ന പ്രായോഗികതയുടെയും മഴവിൽ മനോഹാരിതകൾ

നന്ദലാൽ മേത്ത ഒരിക്കലും വിചാരിച്ചിരുന്നതല്ല ഗാന്ധിജി ആ വാച്ച് ഇങ്ങനെ നിരസിച്ചുകളയുമെന്ന്. ഗാന്ധിജിക്കും വലിയ വിഷമമുണ്ടായിരുന്നു ഒരാൾ സ്നേഹപൂർവം അയച്ചത് അങ്ങനെ നിരസിക്കുവാൻ. പക്ഷേ, ചില കാലങ്ങളിൽ ജീവിക്കുമ്പോൾ ഘടികാരസൂചികൾ നിലച്ചുപോയോ എന്നു തോന്നിപ്പോകും. ആദ്യന്തഹീനമായ മഹാകാലത്തെ പന്ത്രണ്ടു മണിക്കൂറിന്റെ സൂചിയനക്കത്തിനുള്ളിൽ തളയ്ക്കാനുള്ള മനുഷ്യന്റെ മഠയത്തരത്തെയോർത്ത് സ്വയം ചിരിച്ചുപോയെന്നും വരാം. 1947 ആഗസ്റ്റ് പതിനഞ്ചാം തീയതി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ ദിവസത്തെ ഗാന്ധിജിയുടെ മാനസികാവസ്ഥയായിരിക്കണം നന്ദലാൽ മേത്ത അയച്ചുകൊടുത്ത വാച്ച് നിരസിക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്.

ഏവർക്കും അറിയാവുന്ന കാര്യമാണ് ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യദിനത്തിൽ അതിലൊന്നും പങ്കെടുക്കാതെ കൊൽക്കത്തയിലെ നവഖലിയിൽ ഹിന്ദു-മുസ്ലീം മൈത്രിക്കുവേണ്ടി രാപകലില്ലാതെ ശ്രമിക്കുകയായിരുന്നു ഗാന്ധിജിയെന്ന്. യഥാർഥത്തിൽ ആ ദിവസങ്ങളിൽ ഗാന്ധിജി എന്തു ചെയ്യുകയായിരുന്നു എന്നറിയാനുള്ള ഒരു കൗതുകമാണ് ഈ കുറിപ്പിൽ അവസാനിച്ചത്.

ആഗസ്റ്റ് മാസത്തിലെ ആദ്യദിവസങ്ങളിൽ അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരുന്ന വർത്തമാനങ്ങൾ നട്ടുച്ചയ്ക്ക് വീഴുന്ന ഇരുട്ടുപോലെ കഠിനമായിരുന്നു. ക്ഷോഭിച്ച കടൽ ഒരു വഞ്ചിയെ എന്നപോലെ വർഗീയകലാപങ്ങൾ ഗാന്ധിജിയുടെ ദൃഢനിശ്ചയങ്ങളെ ഉലച്ചിരുന്നു. താൻ ഘടികാരത്തെ തോല്പിച്ചു പുലർത്തിപ്പോന്നിരുന്ന കൃത്യനിഷ്ഠകളെ താറുമാറാക്കുകയും അപ്രസക്തമാക്കുകയും ചെയ്യുന്ന കാലത്തിൽ സമയം നോക്കുന്നതെന്തിന്? ഏതോ ഹിന്ദു ഒരു പന്നിയുടെ തല മുസ്ലീം പള്ളിയുടെ മുന്നിൽ വെക്കുകയും പകരം മുസ്ലീങ്ങൾ ഗർഭിണിയായ ഒരു പശുവിന്റെ കഴുത്ത് പാതി മുറിച്ച് ക്ഷേത്രനടയിൽ മരിക്കാൻ വിടുകയും ചെയ്തുവത്രെ. ഒരു വിവാഹഘോഷയാത്രയിൽവെച്ച് വരന്റെ വൃഷണങ്ങളും ലിംഗവും മുറിച്ചുമാറ്റി വധുവിന്റെ കയ്യിൽ കൊടുക്കുകയും പിന്നീട് മാറിമാറി ബലാത്കാരം ചെയ്ത് അവളുടെ അഭിമാനത്തെ പഴന്തുണിപോലെ ചീന്തുകയും ചെയ്തുവത്രെ. ഒന്നും രണ്ടും വയസ്സുള്ള കുഞ്ഞുങ്ങളെ എതിർ മതത്തിലുള്ളവർ കാലിൽ തൂക്കിയെടുത്ത് തുണി അലക്കുമ്പോലെ കല്ലിൽ അടിച്ചുവത്രെ. ഇതാരുടെ സ്വാതന്ത്ര്യം. ഭ്രാന്തിന്റെ നരകത്തിൽ തലച്ചോറിൽ കടന്നലുകൾ മൂളി നടക്കുമ്പോലെ ഗാന്ധിജിക്കു തോന്നി.



ദില്ലിയിൽ നിന്നും പാറ്റ്നവഴി അദ്ദേഹം കൊൽക്കത്തയിൽ എത്തിയത് ഓഗസ്റ്റ് ഒൻപതാം തീയതിയാണ്. കൊൽക്കത്തയിൽവെച്ച് ഡോ. സുശീല നയ്യാരോടും അരുണാ അസഫലിയോടും സംസാരിക്കവേ ഗാന്ധിജി ഇങ്ങനെ പറഞ്ഞു:

“ഞാൻ ദൈവത്തിന്റെ രൂക്ഷ വിമർശനത്തിന് ഇരയായിരിക്കുന്നു. ഇത്രയും വലിയ ഒരു പരീക്ഷ ഞാൻ ഇതുവരെ നേരിടേണ്ടിവന്നിട്ടില്ല. ബ്രിട്ടീഷുകാരുടെ അടിമകളായിരുന്നപ്പോൾ നമുക്കെന്തൊരു ഉയർന്ന സദാചാരമൂല്യങ്ങളായിരുന്നു. എന്നാൽ, വിലമതിക്കാനാവാത്ത സ്വാതന്ത്ര്യത്തിലേക്ക് അടുക്കുമ്പോൾ നാം കുത്തനെ താഴേക്ക് വീഴുകയാണല്ലോ. എന്റെ മനസ്സിൽ എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ഞാനെങ്ങനെ നിങ്ങളോട് പറയാനാണ്?”

ദില്ലിയിൽ നടക്കാൻ പോകുന്ന അധികാരമാറ്റത്തിന്റെ തിരക്കുകളോ ലഹരികളോ

അദ്ദേഹത്തെ അലട്ടിയിരുന്നില്ലല്ലോ. രാജ്യം രാഷ്ട്രീയസ്വാതന്ത്ര്യം നേടാൻ പോകുന്ന സമയത്ത് രാജ്യത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ കുശാഗ്രബുദ്ധിയുടെ ഉടമ താന ണിഞ്ഞിരുന്ന രാഷ്ട്രീയത്തിന്റെ അംഗവ സ്ത്രങ്ങൾ പൂർണമായും ഉപേക്ഷിക്കുന്നത് കാണണമെങ്കിൽ 1947 ഓഗസ്റ്റ് ഒൻപതു മുതൽക്കുള്ള ഒരാഴ്ചക്കാലത്തെ ഗാന്ധി ജിയെ നോക്കിയാൽ മതി. ഗണിതശാസ്ത്ര മറിയാത്ത കുട്ടി കാൽക്കുലസ്സിന്റെ കുഴപ്പം പിടിച്ച ഒരു പ്രശ്നത്തോടു കാട്ടുന്ന നിർമ മത അദ്ദേഹം രാഷ്ട്രീയം കലർന്ന ചോദ്യ ങ്ങളോടും കാണിച്ചു. ഹിന്ദു-മുസ്ലീം കലാ പത്തെ ഇന്ത്യയുടെ ഒരു രാഷ്ട്രീയ പ്രതി സന്ധിയായിട്ടല്ല അദ്ദേഹം ആ ദിവസങ്ങ ളിൽ കണ്ടത്, തന്റെ മതജീവിതത്തിലെ ആത്മീയ പ്രതിസന്ധിയായിട്ടാണ്. ആ പ്രതി സന്ധിയിൽ തന്റെ മതത്തിന് പേരില്ലെന്ന് മനസ്സിലാക്കി. ഈ കലാപത്തിനിടയിൽ വ്യവസ്ഥാപിത മതങ്ങളിലൊന്നിന്റെ ചോര പുരണ്ട വാളിൽ മരിച്ചിരുന്നുവെങ്കിൽ എന്ന് ഹതാശനായി അദ്ദേഹം ആഗ്രഹിച്ചുപോ യി. നൂറ്റിയിരുപത്തിയഞ്ചുകൊല്ലം ജീവിച്ചി രിക്കണമെന്നാവർത്തിച്ച് ആഗ്രഹിച്ചിരുന്ന ഗാന്ധിജി പുതിയ വാച്ച് നിരസിച്ചുകൊ ണ്ടെഴുതി: 'എന്റെ നാളുകൾ എണ്ണപ്പെട്ടു. എനിക്കെന്തിനീ പുതിയ വാച്ച്? നൂറ്റിയിരു പത്തിയഞ്ചുകൊല്ലം ജീവിക്കാൻ എനിക്കു സാധ്യമല്ല'.

## നവഖാലിയിലെ ഗാന്ധിജി

ഗാന്ധിജി രക്തരൂഷിതമായ ആ ദിവ സങ്ങളിൽ കൊൽക്കത്തയിൽ സുഹ്രവർദി യുടെ കൂടെ ഒരു മുസ്ലീം വീട്ടിലാണ് താമ സിച്ചത്. തീവ്രഹിന്ദുക്കൾ അദ്ദേഹത്തെ എതിർത്ത് പ്രകടനങ്ങൾ നടത്തിയിരുന്നു. എന്നാൽ ഗാന്ധിജി കലഹിച്ചിരുന്ന സമു ദായങ്ങളുടെ തൊപ്പികൾക്കിടയിൽ നിന്നും ഒരു മാന്ത്രികനെപ്പോലെ സമാധാനത്തിന്റെ പ്രാവുകളെ സൃഷ്ടിക്കുകയായിരുന്നു. അസാധ്യമെന്നു കരുതിയ ശാന്തി കൊൽക്കത്തയിൽ ഉണ്ടായി. അതുകൊണ്ടാ ണല്ലോ മൗണ്ട് ബാറ്റൺ പ്രഭു പറഞ്ഞത് വടക്കുപടിഞ്ഞാറേ ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മുഴുവൻ സായുധസേ നയ്ക്കും കഴിയാത്തത് ഇന്ത്യയുടെ ഒറ്റ യാൾപട്ടാളത്തിന് കിഴക്കേ ഇന്ത്യയിൽ കഴിഞ്ഞു എന്ന്.

എന്നാൽ, തന്നെ അഭിനന്ദനങ്ങൾ കൊണ്ടു പൊതിഞ്ഞ മൗണ്ട് ബാറ്റനോടും പുതിയ ബംഗാൾ ഗവർണർ രാജഗോപാലാ ചാരിയോടും കൊൽക്കത്തയിലെ സാധാരണ ക്കാരോടും ഗാന്ധിജി പറഞ്ഞത് ശാന്തി കൈവരിച്ചതിൽ സുഹ്രവർദിക്കും തനിക്കും പങ്കൊന്നുമില്ലെന്നും തങ്ങൾ ദൈവത്തിന്റെ ഉപകരണങ്ങൾ മാത്രമാണെന്നുമാണ്. 'ദൈവ ത്തിന്റെ സംഗീതമനുസരിച്ച് ഞങ്ങൾ നൃത്തം ചെയ്യുകയായിരുന്നു. നമുക്ക് ആകെ ചെയ്യാ നുള്ളത് അതിൽ ഇടപെടാതിരിക്കുക എന്ന തുമാത്രമാണ്". അദ്ദേഹം പറഞ്ഞു. ഓഗസ്റ്റ് 15 ന് അദ്ദേഹം കൊൽക്കത്തയിലെ ബലിയ ഘട്ടിലെ ഒരു മുസ്ലീം വീട്ടിലായിരുന്നു. പതി

> ഗാന്ധിജി രക്തരൂഷിതമായ ആ ദിവസങ്ങളിൽ കൊൽക്കത്തയിൽ സുഹ്രവർദിയുടെ കൂടെ ഒരു മുസ്ലീം വീട്ടിലാണ് താമസിച്ചത്. തീവ്രഹിന്ദുക്കൾ അദ്ദേഹത്തെ എതിർത്ത് പ്രകടനങ്ങൾ നടത്തിയിരുന്നു. എന്നാൽ ഗാന്ധിജി കലഹിച്ചിരുന്ന സമുദായങ്ങളുടെ തൊപ്പികൾക്കിടയിൽ നിന്നും ഒരു മാന്ത്രികനെ പ്പോലെ സമാധാനത്തിന്റെ പ്രാവുകളെ സൃഷ്ടിക്കുക യായിരുന്നു

വുപോലെ രാവിലെ മൂന്നരമണിക്ക് ഉണർന്നി രുന്നു. അന്നത്തെ അദ്ദേഹത്തിന്റെ ജീവിതം താഴെക്കൊടുക്കുന്നു.

1. അഗതാ ഹാരിസണിന് എഴുതിയ കത്ത്. ഇതിൽ അദ്ദേഹം ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യദിനത്തിൽ ഉപവസി ക്കുവാനും നൂൽനൂൽക്കുവാനും തീരു മാനിച്ച കാര്യം എഴുതിയിട്ടുണ്ട്.
2. രാമേന്ദ്ര ജി. സിൻഹയ്ക്ക് എഴുതിയ കത്ത്. രാമേന്ദ്രയുടെ അച്ഛന്റെ മരണ വാർത്ത അറിഞ്ഞ് അനുശോചനമറി യിച്ചെഴുതിയ കത്തിൽ അഹിംസാവാ ദിയുടെ മരണം കൊലപാതകമാണെ ങ്കിലും സ്വാഭാവികമാണെങ്കിലും മഹ ത്തരമാണെന്ന് കത്തിലെഴുതിയിരി ക്കുന്നു.
3. അന്ന് പകൽ ഗാന്ധിജി ബംഗാളിലെ മന്ത്രിമാരോട് സംസാരിച്ചു. ഓഗസ്റ്റ് 15 മുതൽ എല്ലാ മന്ത്രിമാരും ധരിച്ചിരിക്കു ന്നത് മുൾക്കിരീടമാണെന്നും ഏതു തീരു മാനമെടുക്കുമ്പോഴും പാവങ്ങളെ മന സ്സിൽ വിചാരിക്കണമെന്നും ഗാന്ധിജി പറഞ്ഞു.
4. ബംഗാളിൽ പുതിയ ഗവർണറായി വന്ന സി. രാജഗോപാലാചാരിയുമായുള്ള കൂടിക്കാഴ്ച. ഗാന്ധിജി കൊൽക്കത്ത യിൽ അത്ഭുതം കാട്ടിയെന്ന് രാജാജി പറഞ്ഞു.
5. കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളുമാ യുള്ള കൂടിക്കാഴ്ച. സ്വാതന്ത്ര്യത്തിന്റെ മൂല്യം കണ്ടെത്തുന്നതിൽ രാഷ്ട്രീയ അഭിപ്രായവ്യത്യാസം ഒരു തടസ്സമാക രുതെന്ന് ഗാന്ധിജി പറഞ്ഞു. സംയുക്ത സ്വാതന്ത്ര്യദിനാഘോഷ ത്തിൽ പങ്കെടുക്കണമെന്ന് അവർ പറ ഞ്ഞപ്പോൾ തനിക്ക് ആഘോഷങ്ങളിൽ പങ്കെടുക്കാൻ നിവർത്തിയില്ലെന്നും ഇത് ദുഃഖത്തിന്റെ അവസരമാണെന്നും പറഞ്ഞു.
6. തന്നെക്കാണുവാൻ വന്ന വിദ്യാർഥിക ളോട് സംസാരിച്ചു.
7. വൈകിട്ട് പ്രാർഥനായോഗത്തിൽ താര തമ്യേന സുദീർഘമായി സംസാരിച്ചു.

എന്നാൽ ഞാൻ ഈ കുറിപ്പിന്റെ ആദ്യം സൂചിപ്പിച്ച വാച്ചിനെ സംബന്ധിച്ച കത്ത് ആഗസ്റ്റ് 19 ാം തീയതിയാണെഴുതിയത്. ഗാന്ധിജിക്ക് നന്ദലാൽമേത്ത അയച്ചുകൊ ടുത്ത വാച്ച് നിരസിച്ചുകൊണ്ടെഴുതിയ കത്താണിത്. വാച്ച് നിരസിക്കുമ്പോൾ 12 മണിക്കൂറായി വെട്ടി മുറിക്കപ്പെടാത്ത ശാശ്വത സമയമെന്ന നിസ്തുലാശയവു മായി അദ്ദേഹം ഒരു സഖ്യം പ്രാപിച്ചതായി എനിക്കു തോന്നുന്നു.

ഈ വാച്ചുകൾ തനിക്ക് ഇനി എത്ര നാളു കൾ വേണ്ടിവരുമെന്നും ഉള്ളതുകൊണ്ടു ജീവിക്കാനുള്ള സമയമേ ബാക്കിയുള്ളു വെന്നും അദ്ദേഹം എഴുതി. സ്വർണനിറ മുള്ള വാച്ചായതുകൊണ്ടാണ് പ്രാഥമിക മായും താനത് നിരസിക്കുന്നതെന്ന് അദ്ദേഹം എഴുതി. നൂറ്റിയിരുപത്തിയഞ്ചു കൊല്ലം ഒരാൾക്ക് ജീവിക്കുവാൻ കഴിയണ മെങ്കിൽ പൂർണമായും വിരക്തനാകണ മെന്നും എന്നാൽ തന്നെക്കുറിച്ചുതന്നെ സ്വയം പലപ്പോഴും അരിശം തോന്നുന്ന ഒരാൾക്ക് അതിനു കഴിയില്ലെന്നും അദ്ദേഹം ഏറ്റുപറഞ്ഞു. അദ്ദേഹത്തിന്റെ കത്തിന്റെ അവസാനവാചകം കത്തിന്റെ പൊതുസ്വഭാവത്തിൽ നിന്നും മാറിനിൽക്കു കയും ഒരു ഇടിമിന്നൽപോലെ നമ്മുടെ ബോധങ്ങളിൽ വൈദ്യുതി പടർത്തുകയും ചെയ്യുന്നു. ഒറ്റയ്ക്ക് നിൽക്കുന്ന ഒരു ചോദ്യ മാണത്. Who belongs to me? എന്റേ തായി ആരുണ്ട് എന്ന ചോദ്യമാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിയപ്പോൾ അദ്ദേഹത്തെ ചൂഴ്ന്നുനിന്നത്. പക്ഷേ, Who belongs to me? എന്ന ഒരു ദാർശ നികസമസ്യ ആത്മീയവാദിയുടെ ഭൗതിക രാഷ്ട്രീയത്തിലെ നിലയ്ക്കാത്ത വേനലാ ണ്. ഗാന്ധിജി ഒരുപക്ഷേ, വേനലിനെ ത്തന്നെ കുടയായി ചൂടിയിരുന്നെങ്കിലും.

ആദ്യ സ്വാതന്ത്ര്യദിനത്തിൽ ദില്ലിയിൽ ചെറുതായി മഴ ചാറിയിരുന്നു. ദേശീയപ താകകൾ കൈകളിലേന്തി ആബാലവൃദ്ധം ജനങ്ങൾ നിരത്തിൽ രാജ്യത്തിനും നേതാ ക്കൾക്കും വിജയമാശംസിക്കുന്ന മുദ്രാ വാക്യം വിളിച്ചുനടന്നു. അപ്പോൾ മഴമാറി വെളിച്ചം പുറത്തുവന്നു. മഴവില്ലു വിരിഞ്ഞു. വഴിയരികിൽ നിന്നിരുന്ന സ്ത്രീ മഹാത്മാ ഗാന്ധികീ ജയ് എന്ന മുദ്രാവാക്യം നിർത്തി യിട്ട് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു, 'ഇന്ദ്രധ നുഷ്! ഇന്ദ്രധനുഷ്!' എന്ന്. അടുത്തുനിന്ന മകനു മനസ്സിലായി അമ്മയുടെ കൺപീ ലികളിൽ ഈറനണിഞ്ഞ സന്തോഷത്തിൽ ആനന്ദാശ്രുവിൽ പ്രകാശം പതിഞ്ഞ് ഏഴു നിറങ്ങളായി വേർപിരിഞ്ഞതാണെന്ന്. പ്രക ടനത്തിൽ പങ്കെടുത്ത് തിരിച്ചു വീട്ടിലേക്കു നടക്കുമ്പോൾ മകൻ അമ്മയോട് ചോദിച്ചു: 'അമ്മേ ഗാന്ധിജി എവിടെ? എന്തുകൊണ്ട് ദില്ലിയിൽ നെഹ്രുവിന്റെ കൂടെയില്ല."

അമ്മ മകന്റെ തലമുടിയിൽ വിരലോടിച്ചു പറഞ്ഞു: 'മകനേ മഴവില്ല് കുലയ്ക്കാനാ വില്ല; അതൊരാശയമാണ്. ഗാന്ധിജി ഒരാ ശയമാണ്. പണ്ഡിറ്റ് നെഹ്രുവാകട്ടെ കുല യ്ക്കാവുന്ന മനോഹരമായ വില്ലും" ■

*മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമാണ് ലേഖകൻ*

■ ബാബു തളിയത്ത്

**ഭാരതത്തിന്റെ പുരാതനചരിത്രത്തിലും പാരമ്പര്യങ്ങളിലും നെഹ്റു തിരഞ്ഞത് സംസ്കാരത്തിന്റെ പഴമയല്ല, ആധുനികതയാണ്**



# പൂർണമാകാത്ത ഭാരതാന്വേഷണം

ആധുനികത പൂർത്തിയാകാത്തൊരു പദ്ധതിയെന്ന് പ്രശസ്ത ജർമ്മൻ ഫിലോസഫർ യൂർഗൻ ഹാബർമാസ് സമർത്ഥിക്കുമ്പോൾ ഇത്തരമൊരു വീക്ഷണത്തിനു മുന്നോടിയാവാൻ കഴിയുന്ന, എന്നാൽ പാശ്ചാത്യസംസ്കാരത്തിന്റെ വർത്തമാനകാലപരിധികൾക്കപ്പുറത്തുനിന്നുള്ള ഒരു സങ്കല്പം ജവാഹർലാൽ നെഹ്റുവിന്റേതാണ് : ഭാരതാന്വേഷണം പൂർണമാവാത്ത സംരംഭമാണ്; ഭാരതത്തെ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ജീവിതദർശനത്തിലും രാഷ്ട്രീയ ഭാവനയിലും നെഹ്റു നിരന്തരം തിരഞ്ഞിരുന്നത് നീണ്ടൊരു ഭൂതകാലത്തിൽ തളയ്ക്കപ്പെട്ട സ്വന്തം സംസ്കാരത്തിന്റെ യാഥാസ്ഥിതികത്വമല്ല, പിന്നയോ, ഭാവിയിലേക്കു നോക്കുന്ന ആധുനികഭാരതത്തിന്റെ സത്തയും ദിശാബോധവും ആണ്. സ്വാതന്ത്ര്യസമരത്തിലും സ്വതന്ത്രഭാരതത്തിന്റെ ജനാധിപത്യപാരമ്പര്യത്തിലും മായാത്ത മുദ്ര പതിപ്പിച്ച നെഹ്റുവിന്റെ വ്യക്തിത്വം അന്വേഷകന്റേതായിരുന്നു.

സാന്നിധ്യങ്ങളുടെ കണ്ടെത്തലുകൾക്കുപരി വർത്തമാനകാലത്തിലെ അസാന്നിധ്യങ്ങളെക്കുറിച്ചുള്ള ബോധവത്കരണവും അവ തിരഞ്ഞുപോകലും അന്യൂനമായ ചരിത്രാന്വേഷണങ്ങളുടെ അടിസ്ഥാനസ്വഭാവങ്ങളിലൊന്നാണ്. വിദൂരമായ ഭൂതകാലത്തുനിന്ന് ബാക്കിയായ സാംസ്കാരികപൈതൃകത്തിന്റെ നിലനിൽക്കുന്ന സമ്പത്തുകളോ ഭഗ്നാവശിഷ്ടങ്ങളോ കണ്ടെത്തുന്നതിൽ ഇത്തരം അന്വേഷണങ്ങൾ അവസാനിക്കുന്നില്ല. ഏതന്വേഷണത്തിനുമെന്നപോലെ ചരിത്രാന്വേഷണത്തിനും ലക്ഷ്യബോധം അഥവാ ലക്ഷ്യങ്ങളുടെ തുടക്കത്തിലേയുള്ള നിർണ്ണയം അനിവാര്യമെങ്കിലും താത്കാലികമോ സ്ഥിരമോ ആയ ലക്ഷ്യപ്രാപ്തി അന്വേഷണത്തിന്റെ പൂർണ്ണതയാകണമെന്നില്ല. ഇവിടെ, അന്വേ



അതിർത്തിഗാന്ധി ഖാൻ അബ്ദുൾ ഗഫാർഖാനോടൊപ്പം

ഷണങ്ങളുടെ ഭൗതികസാഹചര്യങ്ങളെക്കാൾ അന്വേഷകമനസ്സിന്റെ തുടർച്ചയാണ് നിർണായകമാകുന്നത്. സംസ്കാരത്തിന്റെ ഭൂത- വർത്തമാനങ്ങളോട് പൂർണ്ണമായിടപഴകുവാൻ കഴിയുന്നൊരു വ്യക്തിക്ക് ഇത്തരമൊരു മാനസികാവസ്ഥയുണ്ടാകാനുള്ള സാഹചര്യം കുറവാണ്. നിലയ്ക്കാത്ത ചരിത്രാന്വേഷണത്വരയ്ക്ക് സ്വന്തം സംസ്കാരത്തോട് ഒരുതരത്തിലുള്ള അകൽച്ചയും അപരിചിതത്വവും അതുളവാക്കുന്ന അടങ്ങാത്ത അഭിനിവേശവും ആവശ്യമാണെന്നു തോന്നുന്നു.

ജന്മഗൃഹമായ അലഹാബാദിലെ ആനന്ദഭവനിൽ ശീലിച്ച തികച്ചും പാശ്ചാത്യശൈലിയിലുള്ള ജീവിതരീതികൾ, ബാല്യത്തിൽത്തന്നെ ഇംഗ്ലണ്ടിലെ പ്രശസ്തമായ ഹാരോ പബ്ലിക് സ്കൂളിലെ പഠനവും അതിന്റെ തുടർച്ചയായി കേംബ്രിഡ്ജിലെ ട്രിനിറ്റി കോളേജിൽ ഉപരിപഠനത്തിനുപോയ സാഹചര്യവും ഒക്കെയാണ് പൊതുവേ നെഹ്റുവിന് സ്വന്തം സംസ്കാരത്തോട് തുടക്കം മുതലേയുണ്ടായ അപരിചിതത്വത്തിന് പ്രധാന കാരണങ്ങളായി കരുതപ്പെടുന്നത്. പാശ്ചാത്യലോകത്തോടും വിദ്യാഭ്യാസത്തോടും ബാല്യകാലം തൊട്ടേയുള്ള നീണ്ട പരിചയത്തിനുശേഷം ഭാരതത്തിലേക്കു 'തിരിച്ചുവന്ന' വ്യക്തിയായിരുന്നു ജവാഹർലാൽ നെഹ്റു. എന്നാൽ, മാതൃസംസ്കാരത്തോടുള്ള തന്റെ ക്രിയാത്മകമായ അപരിചിതത്വത്തിനും അഭിനിവേശത്തിനും അതിൽനിന്നുളവായ ചരിത്ര-സാംസ്കാരികാന്വേഷണവ്യഗ്രതകൾക്കും ഇത്തരമൊരു തിരിച്ചുവരവുമാത്രം അടിസ്ഥാനമാവുന്നില്ല. ഏറെനാൾ വിദേശജീവിതം പരിചയിച്ച ഒരാൾക്ക് സ്വന്തം സംസ്കാരത്തോടു തോന്നാവുന്ന അസാധാരണമായൊരു കൗതുകത്തിനുപരി തന്നിൽത്തന്നെ ഒരു കുറവുപോലെ കണ്ട, പ്രത്യേകജീവിതസാഹചര്യങ്ങളിൽ അപരിചിതമായിക്കൊണ്ടേയിരുന്ന സ്വത്വമാണ് നെഹ്റുവിന്റെ അന്വേഷകമനസ്സിനെ എന്നും സജീവമായി നിലനിർത്തിയത്. ഭാരതത്തെ വീണ്ടും കണ്ടെത്തുകയെന്നത് സ്വയം കണ്ടെത്തുകയെന്ന തീരാത്ത പ്രക്രിയയും പ്രയാണവുമായി മാറുന്നു. ബൗദ്ധികവും ആത്മീയവുമായുള്ള ഈ അന്വേഷത്തിന്റെ അടിസ്ഥാനം പുരാതനഭാരതത്തിന്റെ ദർശനങ്ങളിലും രാഷ്ട്രവ്യവഹാരത്തിലും തന്നെയാണ്. എന്നാൽ, സ്വത്വത്തിന്റെ ഏകഭാവമല്ല, അതിലെ വൈവിധ്യസ്വഭാവങ്ങളാണ് ആന്തരികമായൊരു ഡയലക്റ്റിക് പോലെ, അന്വേഷണത്വരയെ ജനിപ്പിക്കുന്നതും തീരാതെ നിലനിർത്തുന്നതും. 'Righteous Republic' എന്ന, ഇതിനോടകം പ്രശസ്തമായ തന്റെ കൃതിയിൽ അനന്യ വാജ്പേയി, നെഹ്റുവിന്റെ സ്വയം അന്വേഷണത്തിന്റെ രണ്ടു വ്യത്യസ്തഭാവങ്ങൾ ധർമ്മവും (norm) അർത്ഥവും (purpose) ആയി നിരീക്ഷിക്കുന്നു.[1] ധർമ്മം വ്യക്തിയുടെ ആത്മാന്വേഷണത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ പ്രേരകശക്തിയാകുമ്പോൾ അർത്ഥം സ്വാസ്തിത്വത്തിന്റെ സാധുതയെയും ലക്ഷ്യങ്ങളെയുമാണ് സൂചിപ്പിക്കുന്നത്. ധർമ്മാർഥദർശനങ്ങളുടെ നടുവിൽ വ്യക്തിയുടെ ആത്മാന്വേഷണം ഒരേപോലെ സ്വത്വത്തിന്റെ തിരിച്ചറിവുകളും അതിന്റെ രാഷ്ട്രീയവുമാകുന്നു.

സ്വയം അന്വേഷണത്തിന്റെ ഈയൊരടിസ്ഥാനത്തിൽനിന്നാണ് ജവാഹർലാൽ നെഹ്റുവിന്റെ ഭാരതദർശനം ഉരുത്തിരിയുന്നത്. ഭാരതത്തിന്റെ പുരാതനചരിത്രത്തിലും പാരമ്പര്യങ്ങളിലും നെഹ്റു തിരഞ്ഞത് സംസ്കാരത്തിന്റെ പഴമയല്ല, ആധുനികതയാണ്.[2] നെഹ്റുവിന്റെ ഭാരതാന്വേഷണം സ്വാംശീകരിക്കുന്നത് ചരിത്രപാരമ്പര്യങ്ങളുടെ ആഴങ്ങളിലേക്കിറങ്ങുന്ന സംസ്കാരവൃക്ഷത്തിന്റെ വേരുകൾ മാത്രമല്ല, അതിനുപോദ്ബലകമായി ആധുനികതയുടെ ഉയരങ്ങളിലേക്കു പടരുന്ന അല്ലെങ്കിൽ പടരേണ്ടിയിരിക്കുന്ന ശിഖരങ്ങൾകൂടിയാണ്. അതിനാൽത്തന്നെ, ഭാരതത്തെ കണ്ടെത്തുക എന്നത് ലോകസംസ്കാരങ്ങളെ അല്ലെങ്കിൽ, വിശ്വമാനവികതയെത്തന്നെ കണ്ടെത്തുകയെന്ന ഉദ്യമമായി മാറുന്നു. മത- വർഗീയാടിസ്ഥാനങ്ങളുടെ അതിരുകളിൽ ഈയന്വേഷണം അവസാനിക്കുന്നില്ല. മതേതരത്വം നിർവ്വചിക്കുന്നതും വർഗബോധത്തിന്റെ സങ്കുചിതത്വത്തെ മറികടക്കുന്നതുമായ മാനവികതയുടെ അനന്തസാധ്യതകളിലേക്ക് അതു കടന്നുപോകുന്നു. തോമസ് മാൻ, ആൽബർട്ട് ഐൻസ്റ്റൈൻ എന്നിവരെപ്പോലെ വിശ്വമാനവികതയുടെ മഹാവക്താക്കളുമായുള്ള പരിചയത്തിലേക്ക് നെഹ്റുവിനെ കൊണ്ടുവന്നത് സ്വയം അന്വേഷണത്തിലും സ്വസംസ്കാരത്തിന്റെ കണ്ടെത്തലുകളിലും നിലനിർത്തിയ ആധുനികഭാവമാണ്. പാശ്ചാത്യാധുനികതയുമായി ഏറെ പരിചയിക്കേണ്ടിവന്ന ജീവിതസാഹചര്യത്തിനും അതിനോടുള്ള ആഭിമുഖ്യത്തിനും ഉപരി ഭാരതസംസ്കാരത്തിന്റെ പൈതൃകമാണ് നെഹ്റുവിന്റെ ആധുനികഭാരതസങ്കല്പത്തിന്നടിസ്ഥാനം. സവിശേഷമായ ഈ പൈതൃകത്തിന്റെ ഉറവിടമാകട്ടെ, ഭാരതത്തിന്റെ ഐശ്വര്യത്തിനുപരി ലോകൈശ്വര്യം കാംക്ഷിച്ച സനാതനഹൈന്ദവധർമ്മവും ദർശനവും.

അപ്രതീക്ഷിതമായി സംഭവിച്ച മരണം നെഹ്റുവിന്റെ അപൂർണമായ ഭാരതാന്വേഷണത്തിന് വിരാമമാകുന്നില്ല. ചരിത്രത്തിലേക്കു കടന്നുപോയിട്ടും അവശേഷിപ്പിച്ചുപോയ വിചാരങ്ങൾക്കും പ്രവൃത്തികൾക്കുമൊപ്പമോ അതിലുപരിയായോ ജവാഹർലാൽ നെഹ്റു ഇന്നും നമ്മെ അനുഭവിപ്പിക്കുന്നത് ആ അന്വേഷണത്തിന്റെ തുടർച്ചയാണ്. ഭൗതികമായ അസാന്നിധ്യത്തിലും ആ മനസ്സ് ഇന്നും ഭാരതത്തെ അന്വേഷിക്കുന്നുണ്ടാവാം. ■

*ജവഹർലാൽ നെഹ്റു സർവകലാശാലയിൽ ജർമൻ വിഭാഗം പ്രൊഫസറാണ് ലേഖകൻ*

---

1. Ananya Vajpeyi: Righteous Republic. The Political Foundations of Modern India, Harvard University Press, Cambridge 2012, p. 171: "Nehru's search for the self, I will argue, was structured around not one but two categories of selfhood - categories that are extremely old in Indic discourses of self as well as in Indic discourses of sovereignty - these being dharma (norm) and artha (purpose). Across the three texts that I consider - *Discovery*, his writings on the national symbols, and the *Letters to Chief Ministers* - there is a gradual transition: the emphasis in the earlier writings rests mainly on dharma; it then shifts to a tense equipoise between dharma and artha, and finally the burden of signification comes to rest on artha. I translate "dharma" as the self's aspiration and "artha" as the self's purpose; that is, I read Nehru as torn between the normative and the instrumental aspects of selfhood."
2. 'Discovery of India' യിലെ വളരെ ശ്രദ്ധേയമായ മൂന്നാം അധ്യായത്തിൽ (Title: The Quest) നെഹ്റു എഴുതുന്നു: " India was in my blood and there was much in her that instinctively thrilled me. And yet I approached her almost as an alien critic, full of dislike for the present as well as for many of the relics of the past that I saw. To some extent I came to her via the West, and looked at her as a friendly Westerner might have done. I was eager and anxious to change her outlook an appearance and give her the garb of modernity. And yet doubts arose within me. Did I know India? - I who presumed to scrap much of her past heritage? There was a great deal that had to be scrapped, that must be scrapped; but surely India could not have been what she undoubtedly was, and could not have continued a cultured existence for thousands of years, if she had not possessed something very vital and enduring, something that was worthwhile. What was this something? നെഹ്റുവിന്റെ ഈ നിരീക്ഷണങ്ങളെ പരാമർശിച്ച് ആമുഖത്തിൽ Sunil Khilnani: "Nehru's intent as he absorbed these influences, was to project onto the course of India's past the very quality he sought in India's future - 'some kind of a dream of unity'. Thus the defining trait of Indian history, the Bergsonian 'elan vital' that remained constat across changing temporal manifestations and cycles of vitality and somnolence, was India's capacity to conatin divisions and transform them into diversity." Jawaharlal Nehru: Discovery of India, Penguin India, p. 42 & xxii

# നവഭാരതശില്പി
# ഓർമ

■ സുജീഷ് ചൂഴാറ്റുകോട്ട



പ്രാചീനമായ ഇന്ത്യൻ സംസ്കാരത്തിന്റെ മൂല്യമുൾക്കൊണ്ട് മതേതര ജനാധിപത്യ സ്ഥിതിസമത്വ വിശ്വാസത്തിൽ അധിഷ്ഠിതമായ നവഭാരത നിർമിതിക്ക് കളമൊരുക്കിയ വിശ്വപൗരനായ ജവഹർലാൽ നെഹ്രുവിനെ ഭാരതത്തിന് ലഭിച്ചിട്ട് ഒന്നേകാൽ നൂറ്റാണ്ടു പിന്നിടുന്നു. സാമൂഹികനീതി ആധുനികത, വികസനം, പ്രായോഗികത, ദീർഘവീക്ഷണം, സമാധാനത്തോടെയുള്ള സഹവർത്തിത്വം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനത്തിലൂടെയാണ് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ദേഹവിയോഗത്തെത്തുടർന്ന് ഇദ്ദേഹം ഇന്ത്യയുടെ അനിഷേധ്യ നേതാവായിത്തീർന്നത്. അതിന് ഗാന്ധിജിയുടെ വാക്കുകളും സാക്ഷ്യം. 'ജവഹർലാൽ തനി രത്നമാണ്. ആ സത്യസന്ധതയെ ആർക്ക് അവിശ്വസിക്കാനാകും? രാഷ്ട്രം അദ്ദേഹത്തിന്റെ കരങ്ങളിൽ സുരക്ഷിതമാണ്... ഇതുകൂടി എനിക്കറിയാം ഞാൻ പോയിക്കഴിഞ്ഞാൽ എന്റെ ഭാഷ അദ്ദേഹം സംസാരിക്കും.' ഇതിന് ജവഹർലാൽ നെഹ്രുവിന്റെ സ്നേഹപൂർണമായ പ്രതികരണം ഇപ്രകാരമായിരുന്നു. "എന്നെ സംബന്ധിച്ചിടത്തോളം സത്യവും അസത്യവും തമ്മിലോ, അക്രമവും അക്രമരാഹിത്യവും തമ്മിലോ സംഘട്ടനമല്ല പ്രശ്നം. യഥാർഥത്തിലുള്ള സഹകരണവും സമാധാനരീതികളും പ്രോത്സാഹിപ്പിക്കുന്ന ഒരു സമൂഹമായിരിക്കണം നമ്മുടെ ലക്ഷ്യം.

സ്വതന്ത്രഭാരതത്തെ സംബന്ധിച്ച് നെഹ്രുവിന് നിറമുള്ള സ്വപ്നങ്ങളുണ്ടായിരുന്നു. പുരോഗതിവേണമെങ്കിൽ രാജ്യത്തെ ആധുനികവത്കരിക്കണമായിരുന്നു. വികസനത്തിന്റെ പാതയിലൂടെ രാഷ്ട്രത്തെ നയിക്കുന്നതിനും അദ്ദേഹത്തിന് നിരവധി പ്രതിബന്ധങ്ങളുണ്ടായിരുന്നു. ഇന്ത്യാ വിഭജനത്തെ തുടർന്നുണ്ടായ അഭയാർഥിപ്രശ്നം, നാട്ടുരാജാക്കന്മാരുടെ പ്രശ്നം. ഈ സമയത്ത് നിലനിന്നിരുന്ന അഞ്ഞൂറിലധികം നാട്ടുരാജ്യങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യത്തിന് ഭീഷണിയായിരുന്നു. തന്റെ ദർശനത്തിനും വിശ്വാസത്തിനും ജനാഭിലാഷങ്ങൾക്കും അനുസരിച്ച് ഒരു നവഭാരതം കെട്ടിപ്പടുക്കുന്നതിന്റെ ആദ്യപടിയായി, സർദാർ വല്ലഭായ് പട്ടേലിന്റെയും സ്റ്റാഫ് സെക്രട്ടറിയായിരുന്ന മലയാളിയായ വി.പി.



മേനോന്റെയും സഹായത്തോടെ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനുമായി സംയോജിപ്പിക്കുന്ന പ്രക്രിയ ഏറെക്കുറെ സമാധാനപരമായി നിർവഹിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. തുടർന്ന് വികസനം, ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ പുരോഗതി, സാമൂഹികനീതി എന്നിവയിലൂന്നി ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയെന്ന അതുല്യസ്ഥാനംവഹിച്ചുകൊണ്ട് 17 വർഷക്കാലം ഇന്ത്യയുടെ ത്രിവർണപതാക ലോകത്തിന്റെ നെറുകയിൽ പാറിപ്പറക്കുന്നതിനും ജനങ്ങൾ തന്നിലർപ്പിച്ച അചഞ്ചലമായ വിശ്വാസത്തെ അവരുടെ ഓരോരുത്തരുടെയും കണ്ണീരൊപ്പാനുള്ള തൂവാലയാകുന്നതിനുംവേണ്ടി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു.

### ഗാന്ധിജിയുടെ സ്വാധീനം

ഗംഗാനദിയുടെ തലോടലേറ്റുകിടക്കുന്ന അലഹബാദിന്റെ മണ്ണിൽ അഖിലേന്ത്യാ പ്രശസ്തിയുള്ള അഭിഭാഷകൻ ധനികനും രാഷ്ട്രീയനേതാവുമായിരുന്ന പണ്ഡിറ്റ് മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ് റാണിയുടെയും ഏകപുത്രനായി കാശ്മീരി പാരമ്പര്യമുള്ള സാരസ്വത ബ്രാഹ്മണസമുദായത്തിലാണ് ജവഹർലാൽ നെഹ്റു 1889 നവംബർ 14 ന് ജനിച്ചത്. ആനന്ദഭവൻ എന്ന മണിമാളികയിലെ സുഖഭോഗങ്ങൾ അനുഭവിച്ച് ബ്രിട്ടീഷ് സ്വാധീനമുള്ള പെരുമാറ്റ-വസ്ത്രധാരണരീതികളും അനുവർത്തിച്ചിരുന്നവരായിരുന്നു നെഹ്റുവിന്റെ കുടുംബം. ഹിന്ദിയും സംസ്കൃതവും പോലെതന്നെ ആംഗലേയഭാഷയും അനായാസമായി കൈകാര്യം ചെയ്യാനുള്ള പരിശീലനം അദ്ദേഹത്തിന് ലഭിച്ചിരുന്നു. 15-ാം വയസ്സുമുതൽ ഇംഗ്ലണ്ടിൽ പഠിച്ച അദ്ദേഹം ബാരിസ്റ്റർ ബിരുദം നേടിയശേഷം 1912 ൽ ഇന്ത്യയിലേക്ക് മടങ്ങിയെത്തി അലഹബാദ് കോടതിയിൽ അഭിഭാഷകനായി പരിശീലനം ആരംഭിച്ചു. 1916 ഫെബ്രുവരി എട്ടിന് 27 ാമത്തെ വയസ്സിൽ 17 കാരിയായ കമലാ കൗളിനെ ജീവിതസഖിയാക്കി. 1917 നവംബർ ഒൻപതിന് മകൾ ഇന്ദിര ജനിച്ചു. അതേ വർഷം തന്നെ മിസ്സിസ് ആനി ബസന്റിന്റെ നേതൃത്വത്തിലുള്ള ഹോംറൂൾ ലീഗിൽ അംഗമായെങ്കിലും 1919 ൽ ഗാന്ധിജിയുമായി ബന്ധപ്പെട്ടതിനുശേഷമാണ് നെഹ്റുവിന്റെ പൂർണമായ രാഷ്ട്രീയപ്രവേശനം സാധ്യമായത്. അങ്ങനെ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗമായ അദ്ദേഹം ഗാന്ധിജിയുടെ നിസ്സഹകരണപ്രസ്ഥാനത്തിൽ ആകൃഷ്ടനായി. ഈ സ്വാധീനം നെഹ്റുവിന്റെ ജീവിതശൈലി തന്നെ മാറ്റിമറിച്ചു. അതുവരെ കണ്ടുപരിചയിച്ച കോൺഗ്രസ് നേതാക്കളിൽ നിന്നും വ്യത്യസ്തനായിരുന്നു ഗാന്ധിജി. ഇതേക്കുറിച്ച് നെഹ്റു രേഖപ്പെടുത്തിയത് ഇപ്രകാരമായിരുന്നു 'ഞങ്ങളിൽ ആരുടെയും പോലെയായിരുന്നില്ല ഗാന്ധിജിയുടെ വേഷം. ഞാൻ ആദ്യമായി കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുക്കാൻ ചെന്നത് 1912 ലായിരുന്നു. ഞാനവിടെകണ്ട നേതാക്കന്മാരുടെ ചിത്രം ഇങ്ങനെയായിരുന്നു. കോട്ട്, ചുളിവുവീഴാത്ത നീളൻ കുപ്പായം, ഇംഗ്ലീഷിൽ മാത്രം സംസാരം, ഇരുപ്പിലും നടപ്പിലും സംസാരത്തിലും സായിപ്പിന്റെ ശൈലി. എന്നാൽ ഈ മനുഷ്യൻ (ഗാന്ധിജി) അങ്ങനെയായിരുന്നില്ല. ലളിതമായ വസ്ത്രധാരണം, ലളിതമായ പെരുമാറ്റം, ലളിതമായ സംഭാഷണ ശൈലി'. ക്രമേണ നിസ്സഹകരണപ്രസ്ഥാനത്തിൽ ക്രിയാത്മകമായ പങ്കുവഹിച്ചു. അലഹബാദിലെ സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് വിദേശ വസ്ത്രവും മദ്യങ്ങളും വിൽക്കുന്ന കടകൾക്കെതിരായ പ്രവർത്തനങ്ങളിലൂടെ അദ്ദേഹത്തിന്റെ പത്നിയായ കമലയും സമരമുഖത്തുണ്ടായിരുന്നു.

> യുണൈറ്റഡ് പ്രൊവിൻസ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയെന്ന നിലയിൽ, സിവിൽ നിയമലംഘനപ്രസ്ഥാനത്തിൽ പങ്കെടുത്തതിന്റെ പേരിൽ 1921 ൽ ആദ്യമായി അദ്ദേഹത്തിന് ജയിൽവാസം അനുഭവിക്കേണ്ടിവന്നു. കുറച്ചു മാസങ്ങൾക്കുള്ളിൽ ജയിൽ മോചിതനാകുകയും ചെയ്തു

യുണൈറ്റഡ് പ്രൊവിൻസ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയെന്ന നിലയിൽ, സിവിൽ നിയമലംഘനപ്രസ്ഥാനത്തിൽ പങ്കെടുത്തതിന്റെ പേരിൽ 1921 ൽ ആദ്യമായി അദ്ദേഹത്തിന് ജയിൽവാസം അനുഭവിക്കേണ്ടിവന്നു. കുറച്ചു മാസങ്ങൾക്കുള്ളിൽ ജയിൽ മോചിതനാകുകയും ചെയ്തു. 1923-24 കാലയളവിൽ ധാരാളം മുൻസിപ്പാലിറ്റികളുടെ ഭരണം കോൺഗ്രസ് പിടിച്ചെടുക്കുകയുണ്ടായി. ഇതിൽ അലഹബാദ് മുനിസിപ്പാലിറ്റിയുടെ പ്രസിഡന്റ് ജവഹർലാൽ നെഹ്റു ആയിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രിപദം അലങ്കരിക്കുന്നതിനുള്ള ഭരണത്തിന്റെ വിലപ്പെട്ട പാഠങ്ങൾ ഉൾക്കൊണ്ടത് ഈ സമയത്തായിരുന്നു.

### യുവപരിവർത്തനവാദി

1926-1928 കാലയളവിൽ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയായി. സൈമൺ കമ്മിഷൻ ബഹിഷ്ക്കരണ പ്രക്ഷോഭങ്ങളെത്തുടർന്ന് 1928 ൽ ഇന്ത്യയിൽ യുവജനപ്രസ്ഥാനങ്ങൾ പിറവിയെടുത്തു. ഇതിൽ യൂത്ത്ലീഗിന്റെ പ്രഭവകേന്ദ്രം ജവഹർലാൽ നെഹ്റുവും സുഭാഷ്ചന്ദ്രബോസും ആയിരുന്നു. 1928 ൽ കൊൽക്കത്തയിൽ മോത്തിലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ നടന്ന കോൺഗ്രസിന്റെ വാർഷികസമ്മേളനത്തിൽ യുവതരംഗമായ ജവഹർലാൽ നെഹ്റുവും സുഭാഷ് ചന്ദ്രബോസും പൂർണ സ്വാതന്ത്ര്യത്തിനായി വാദിച്ചു. എന്നാൽ ഗാന്ധിജിയുടെ സമ്മതത്തോടെ മോത്തിലാൽ നെഹ്റുവും മറ്റും ബ്രിട്ടീഷ് സാമ്രാജ്യത്തിനുകീഴിലുള്ള സ്വതന്ത്ര പദവിയാണ് ആഗ്രഹിച്ചത്. അങ്ങനെ ജവഹർലാൽ നെഹ്റു ഇന്ത്യൻ സ്വാതന്ത്ര്യസമരപഥത്തിലെ യുവപരിവർത്തനവാദിയായി മാറി.

1929 ൽ ലാഹോറിൽവെച്ചു നടന്ന കോൺഗ്രസിന്റെ വാർഷിക സമ്മേളനത്തിൽ പ്രസിഡന്റായി ജവഹർലാൽ നെഹ്റുവിന്റെ പേര് ഗാന്ധിജി നിർദേശിച്ചപ്പോൾ കോൺഗ്രസിലെ ഒരു വിഭാഗം പരിഭവം പ്രകടിപ്പിച്ചു. അപ്പോൾ ഗാന്ധിജിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു: 'അദ്ദേഹം പരുക്കനും എടുത്തുചാട്ടക്കാരുമാണെന്ന് ചിലർ പറയുന്നു. ഈ പ്രത്യേക ഘട്ടത്തിൽ അത് ഒരു അധിക യോഗ്യതയാണ്. അദ്ദേഹത്തിന് ഒരു യോദ്ധാവിന്റെ തിടുക്കവും പരുക്കത്തരവുമുണ്ടെങ്കിലും ഒരു ഭരണതന്ത്രജ്ഞന്റെ ദീർഘദർശിത്വവുമുണ്ട്... ചിന്തയിൽ പരിസരത്തേക്കാൾ മുന്നിൽ നിൽക്കുന്ന അമിതവാദിയാണ് അദ്ദേഹമെന്നത് നിസ്തർക്കമാണ്. എന്നാൽ ഈ വേഗതയെ പ്രതിസന്ധിയിലെത്തിക്കാതിരിക്കാനുള്ള എളിമയും പ്രായോഗികതയും അദ്ദേഹത്തിനുണ്ട്. തുടർന്ന് നെഹ്റുവിനെ അധ്യക്ഷനായി തെരഞ്ഞെടുത്തു. ഈ ലാഹോർ സമ്മേളനത്തിൽവെച്ച് പൂർണസ്വരാജ് ഇന്ത്യയുടെ മാന്യതയുള്ള ഏകലക്ഷ്യമാണെന്ന് പ്രഖ്യാപിക്കാനുള്ള അവസരം ലഭിച്ചത് കോൺഗ്രസ് പ്രസിഡന്റ് എന്ന നിലയിൽ നെഹ്റുവിനാണ്. തുടർന്ന് നെഹ്റു നടത്തിയ അധ്യക്ഷപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു. 'സോഷ്യലിസ്റ്റും റിപ്പബ്ലിക്കനുമാണെന്ന് ഞാൻ സത്യസന്ധമായി ഏറ്റുപറയുന്നു. എനിക്ക് രാജാക്കന്മാരിലും രാജകുമാരന്മാരിലും വിശ്വാസമില്ല. പഴയ രാജാക്കന്മാരെക്കാൾ മനുഷ്യരുടെ ജീവിതത്തിലും ഭാവിയിലും അധികാരമുള്ള പഴയ ഫ്യൂഡൽ പ്രഭുക്കളെക്കാൾ കവർച്ചാ സ്വഭാവം കാണിക്കുന്ന പുത്തൻ വ്യവസായരാജാക്കന്മാരെ സൃഷ്ടിക്കുന്ന വ്യവസ്ഥിതിയിലും എനിക്ക് വിശ്വാസമില്ല'.

നാല്പതിന്റെ യൗവനത്തിൽ നെഹ്റു 1929 ഡിസംബർ 31 ന് അർധരാത്രിയിൽ രവി നദിയുടെ തീരത്ത് സ്വാതന്ത്ര്യത്തിന്റെ ത്രിവർണപതാക ആഹ്ലാദപ്രകടനങ്ങൾക്കും ആർപ്പുവിളികൾക്കുമിടയിൽ ഉയർത്തിക്കൊണ്ടു നൽകിയ സന്ദേശം ജനങ്ങൾ നെഞ്ചിലേറ്റി. 'ഒരിക്കൽക്കൂടി ഓർക്കുക ഇപ്പോൾ ഈ പതാക ഉയർത്തപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ ഒരു പുരുഷനോ സ്ത്രീയോ കുഞ്ഞോ ജീവിച്ചിരിക്കുന്നിടത്തോളം കാലം ആ പതാക താഴ്ത്താനിടവരരുത്'.

1936 ൽ ലക്നൗവിലും ഫെയ്സ്പു

രിലും വെച്ചുനടന്ന കോൺഗ്രസ് സമ്മേളനത്തിന്റെ അധ്യക്ഷൻ നെഹ്റുവായിരുന്നു. അതേ വർഷം തന്നെ രോഗബാധിതയായി സ്വിറ്റ്സർലന്റിൽവെച്ചുണ്ടായ കമലയുടെ നിര്യാണവും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. ഇവിടെവെച്ചാണ് കോൺഗ്രസിന്റെ ലക്ഷ്യം സോഷ്യലിസമാണെന്ന് ജവഹർലാൽ നെഹ്റു പ്രഖ്യാപിച്ചത്. ചരിത്രത്തിലാദ്യമായി ഗ്രാമത്തിൽവെച്ചു നടന്ന കോൺഗ്രസ് സമ്മേളനമെന്ന ഖ്യാതി ഫെയ്സ്പൂർ നേടുകയും ചെയ്തു. 1938 ൽ ഹരിപുരയിൽ സുഭാഷ് ചന്ദ്രബോസിന്റെ അധ്യക്ഷതയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ 'ദേശീയ പ്ലാനിങ് കമ്മിറ്റി'ക്ക് രൂപം നൽകിയത്. ഇതാണ് പിന്നീട് സ്വതന്ത്ര ഇന്ത്യയുടെ 'പ്ലാനിങ്ങി'ന് മുതൽക്കൂട്ടായത്. 1942 ലെ ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ ഏർപ്പെട്ടിരിക്കെ അറസ്റ്റുചെയ്ത ഇദ്ദേഹത്തെ 1945 ലാണ് ജയിൽ മോചിതനാക്കിയത്. 1947 ൽ ഇന്ത്യ സ്വതന്ത്രയാകുന്നതുവരെ നെഹ്റുവിന് അശ്രാന്തപരിശ്രമത്തിന്റെ നാളുകളായിരുന്നു.

## പ്രധാനമന്ത്രി പദത്തിലേക്ക്

ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ മധുരം നുണഞ്ഞപ്പോൾ പ്രധാനമന്ത്രി സ്ഥാനത്തേക്ക് നെഹ്റുവിന്റേതല്ലാതെ മറ്റൊരു പേരും ഉയർന്നുവന്നില്ല. ആ കാലഘട്ടത്തിൽ പാകിസ്ഥാൻ വിഭജനത്തെത്തുടർന്നുണ്ടായ അരാജകത്വത്തെ നിയന്ത്രിക്കുന്നതിനും ഒറ്റപ്പെട്ടുനിന്ന 500 ഓളം നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയന്റെ ഭാഗമാക്കുന്നതിലും ഭരണഘടനയുടെ രൂപീകരണത്തിലും സർവോപരി പാർലമെന്ററി ജനാധിപത്യത്തിന്റെ രാഷ്ട്രീയവും ഭരണപരവുമായ ചട്ടക്കൂട് നിർമിക്കുന്നതിലും അസാമാന്യമായ പാടവം അദ്ദേഹം പ്രകടിപ്പിച്ചു.

ഇന്ത്യയെ ഒരു ആധുനിക രാഷ്ട്രമാക്കിത്തീർക്കാൻ നിരവധി നടപടികൾ അദ്ദേഹം ആരംഭിച്ചു. ആസൂത്രണ കമ്മിഷൻ, പഞ്ചവത്സരപദ്ധതികൾ എന്നിവ കാർഷിക-വ്യാവസായിക-ഉത്പാദന-ശാസ്ത്ര സാങ്കേതിക മേഖലയിൽ ഒരു പുത്തൻ ഉണർവുണ്ടാക്കി. ശാസ്ത്രപുരോഗതിക്ക് ദേശീയ ലബോറട്ടറികൾ, സാഹിത്യകലാദികൾക്കായി അക്കാദമികൾ, വിദ്യാഭ്യാസ സാംസ്കാരിക നേട്ടങ്ങൾക്കായി വിദ്യാലയങ്ങൾ, ശാസ്ത്രസാങ്കേതിക സ്കൂളുകൾ, കോളേജുകൾ, ഗവേഷണ ലബോറട്ടികൾ എന്നിവ സ്ഥാപിച്ചു. സാംസ്കാരിക സ്ഥാപനങ്ങൾ രാഷ്ട്രപുരോഗതിക്ക് ആക്കം കൂട്ടി. 1947 ൽ ഇന്ത്യയിൽ ആകെ 19 സർവകലാശാലകളുണ്ടായിരുന്ന സ്ഥാനത്ത് 1964 ൽ അത് 54 ആയി ഉയർന്നു. രാഷ്ട്രം വ്യക്തിയുടെ വികസനത്തിന് തടസ്സം നിൽക്കാൻ പാടില്ലെന്ന നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടാണ് തന്റെ സാമ്പത്തിക ആസൂത്രണത്തിൽ പൊതുമേഖലയ്ക്കൊപ്പം സ്വകാര്യമേഖലയ്ക്കും അദ്ദേഹം ഊന്നൽ നൽകിയത്. ജന്മിത്വം, തീണ്ടൽ-തൊടീൽ എന്നിവ ഭരണഘടനാവിധേയമായി ഉന്മൂലനം ചെയ്തും സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ മുഖ്യധാരയിലെത്തിച്ചുകൊണ്ടും 1955 ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമത്തിലൂടെ ഭാരതീയ സ്ത്രീയുടെ പദവിയും അന്തസ്സും ഉയർത്തിയും സാമൂഹികപരിഷ്കരണ

## ജവഹർലാൽ നെഹ്റു - ജീവിതരേഖ

| | |
|---|---|
| 1889 നവംബർ 14 | - മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ് റാണിയുടെയും പുത്രനായി അലഹബാദിൽ ജനനം |
| 1907-10 | - കേംബ്രിഡ്ജിലെ ട്രിനിറ്റി കോളേജിൽ ഉപരിപഠനം |
| 1912 | - ഇന്ത്യയിൽ മടങ്ങിയെത്തി അലഹബാദ് ഹൈക്കോടതിയിൽ അഭിഭാഷകനായി സേവനം ആരംഭിച്ചു. |
| 1916 ഫെബ്രുവരി 8 | - കമല കൗളിനെ ജീവിതസഖിയാക്കി. |
| 1917 | - ഹോംറൂൾ പ്രസ്ഥാനത്തിൽ അംഗമായി. |
| 1918 | - ഹോംറൂൾ ലീഗ് സെക്രട്ടറി |
| 1920 | - നിസ്സഹകരണപ്രസ്ഥാനത്തിൽ ചേർന്നു |
| 1921 | - വെയിൽസ് രാജകുമാരന്റെ ഇന്ത്യാ സന്ദർശനത്തെ എതിർത്തതിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ടു. |
| 1922 | - മാർച്ച് മൂന്നിന് മോചിതനായെങ്കിലും മേയ് 11 ന് വിദേശവസ്ത്രശാലകൾ പിക്കറ്റ് ചെയ്തതിന് അറസ്റ്റിലായി. |
| 1923 | - അലഹബാദ് മുനിസിപ്പാലിറ്റിയുടെ ചെയർമാനായി. ഹിന്ദുസ്ഥാനി സേവാദൾ ആരംഭിച്ചു. |
| 1923-25 | - ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറി |
| 1926-27 | - സോവിയറ്റ് യൂണിയൻ, ബ്രസ്സൽസ് എന്നിവിടങ്ങളിൽ സന്ദർശനം. |
| 1928 | - സൈമൺ കമ്മിഷനെ എതിർക്കുന്നതിൽ ശക്തമായി പ്രവർത്തിച്ചു. |
| 1929 | - കോൺഗ്രസിന്റെ ലാഹോർ സെഷനിൽ അധ്യക്ഷൻ, പൂർണ സ്വരാജ് പ്രഖ്യാപിച്ചു |
| 1930 | - ഉപ്പ് സത്യഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. |
| 1936 ഫെബ്രുവരി 28 | - സ്വിറ്റ്സർലന്റിൽ വെച്ച് കമലനെഹ്റുവിന്റെ മരണം. ലക്നൗ, ഫെയ്സ്പൂർ സമ്മേളനങ്ങളിലെ അധ്യക്ഷൻ. |
| 1938 | - ദേശീയ ആസൂത്രണസമിതിയുടെ ചെയർമാൻ |
| 1938 ഓഗസ്റ്റ് | - നാഷണൽ ഹെറാൾഡ് എന്ന ഇംഗ്ലീഷ് പത്രം ആരംഭിച്ചു |
| 1942 | - ക്വിറ്റ് ഇന്ത്യയുമായി ബന്ധപ്പെട്ട് 1945 വരെ ജയിലിൽ |
| 1945 | - ആൾ ഇന്ത്യാ സ്റ്റേറ്റ് പീപ്പിൾസ് കോൺഫറൻസിന്റെ പ്രസിഡന്റ് |
| 1946 | - വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ വൈസ് പ്രസിഡന്റായി ഇടക്കാല ഗവൺമെന്റ് |
| 1947 ആഗസ്റ്റ് 15 | - സ്വതന്ത്ര്യ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി |
| 1948 നവംബർ | - ഐക്യരാഷ്ട്രസംഘടനയുടെ പൊതുസഭയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. |
| 1950 | - പ്ലാനിങ് കമ്മിഷൻ ചെയർമാൻ |
| 1951 | - കോൺഗ്രസ് പ്രസിഡന്റ് |
| 1952 | - ആദ്യ പൊതുതെരഞ്ഞെടുപ്പിനുശേഷം പുതിയ ഗവൺമെന്റ് രൂപീകരിച്ചു. |
| 1953 | - സംസ്ഥാന പുനഃസംഘടനാ കമ്മിഷൻ രൂപീകരിച്ചു. |
| 1954 | - പഞ്ചശീലതത്വത്തിൽ ഒപ്പുവെച്ചു |
| 1955 | - ഭാരതരത്നം ലഭിച്ചു |
| 1961 | - ചേരിചേരാ രാഷ്ട്രങ്ങളുടെ ഉച്ചകോടി - ബൽഗ്രേഡിൽ |
| 1962 | - ചൈനീസ് അധിനിവേശത്തെ തുടർന്ന് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു |
| 1964 മേയ് 27 | - ന്യൂഡൽഹിയിൽ അന്തരിച്ചു. |



**ചേരിചേരാ പ്രസ്ഥാനത്തിന്റെ നാളുകളിൽ ഈജിപ്ത് പ്രസിഡന്റ് ഗമാൽ അബ്ദുൾ നാസ്സറിനും യുഗോസ്ലാവിയൻ പ്രസിഡന്റ് മാർഷൽ ടിറ്റോക്കുമൊപ്പം നെഹ്റു**

രംഗം ഊർജിതമാക്കി. ഇങ്ങനെ ജനാധിപത്യ-സോഷ്യലിസ്റ്റ് മൂല്യങ്ങളിലധിഷ്ഠിതമായ ക്ഷേമരാഷ്ട്രമാക്കി ഭാരതത്തെ അദ്ദേഹം നയിച്ചു. ഇതിനാലാണ് 'ഏഷ്യയിലെ ഏറ്റവും ശ്രദ്ധേയമായ സാമൂഹിക-സാമ്പത്തിക-വികസന പരീക്ഷണം'. എന്ന് ഇന്ത്യയുടെ ഈ പദ്ധതികളെ ഐക്യരാഷ്ട്ര നിരീക്ഷകർ ശ്ലാഘിച്ചത്.

### ചേരിചേരാനയം

സ്വതന്ത്ര്യ ഇന്ത്യയുടെ വിദേശനയ രൂപീകരണത്തിൽ പുതിയ മാനങ്ങൾ നൽകി യൂഗോസ്ലാവ്യൻ നേതാവ് മാർഷൽ ടിറ്റോയോടും ഈജിപ്റ്റിലെ ഗമാൽ അബ്ദുൽ നാസറിനോടും തോളോടു തോൾചേർന്ന്, ഏഷ്യൻ-ആഫ്രിക്കൻ കോളനിവത്കരണത്തിനെതിരെ കാലത്തിനനുസരിച്ചുള്ള കലാപശ്രുതി മുഴക്കിക്കൊണ്ട് കാലാന്തരത്തിൽ 'മൂന്നാം ലോകരാഷ്ട്രം' പ്രാവർത്തികമാക്കി ചേരിചേരാ പ്രസ്ഥാനത്തിന്റെ അമരക്കാരനായി മാറുകയായിരുന്നു നെഹ്രു. കൊറിയൻ യുദ്ധത്തിന് വിരാമമിടുന്നതിനും സൂയസ് കനാലിന്റെയും കോംഗോയുടെയും പേരിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സിറിയയും ഈജിപ്തും ചേർന്ന് ഐക്യ അറബി റിപ്പബ്ലിക് രൂപീകരിച്ചതിനുപിന്നിലും പശ്ചിമ ബർലിൻ, ഓസ്ട്രിയ, ലാവാസ് തുടങ്ങിയ രാജ്യങ്ങളിലെ പല സ്ഫോടനാത്മകമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലും അണിയറയിൽ പ്രവർത്തിച്ചത് ജവഹർലാൽ നെഹ്റുവിന്റെ കരങ്ങളായിരുന്നു. ഇത് സാധ്യമാക്കിയത് അദ്ദേഹം ആവിഷ്കരിച്ച സമാധാനപരമായ സഹവർത്തിത്വം എന്ന ആശയമാണ്. അതിനാലായിരിക്കണം നയതന്ത്രവിദഗ്ധർ ഇന്ത്യൻ വിദേശനയത്തിന്റെ ആണിക്കല്ലായി ഈ ആശയത്തെ നിരീക്ഷിച്ചത്.

'ഒരു ആത്മകഥ', 'ഇന്ത്യയെ കണ്ടെത്തൽ', 'വിശ്വചരിത്രാവലോകനം' എന്നീ ഗ്രന്ഥങ്ങളിലൂടെ ചരിത്രകാരൻ, സാഹിത്യകാരൻ എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു. ഈ ഗ്രന്ഥങ്ങൾ ആ ധൈഷണിക തലത്തിന്റെ ഒളിമങ്ങാത്ത മുത്തുകളായിരുന്നു. വൈകാരികതയും ബൗദ്ധിക തലവും ഇഴചേർന്നതായിരുന്നു അദ്ദേഹത്തിന്റെ എഴുത്തിന്റെ ശൈലി. ഇവ ഇപ്പോഴും കാലാതിവർത്തിയായി ചരിത്ര-സാഹിത്യ-വൈജ്ഞാനിക മണ്ഡലങ്ങളിൽ നിലകൊള്ളുന്നു.

> 'ചാച്ചാ നെഹ്രു' എന്ന വിളിപ്പേര് കുട്ടികളോടുള്ള അദ്ദേഹത്തിന്റെ അകൈതവമായ സ്നേഹത്തിന്റെ പ്രത്യക്ഷ സാക്ഷ്യമായിരുന്നു. തന്റെ തിരക്കുപിടിച്ച ജീവിതത്തിനിടയിലും കുട്ടികളെ ഓമനിക്കാനും അവരോടൊത്ത് സമയം ചെലവിടാനും തയാറായ നെഹ്രുവിന്റെ ഓർമയിലാണ് വർഷംതോറും നവംബർ 14 ന് നാം ആചരിക്കുന്ന ശിശുദിനം

ഈ വിശ്വപൗരന് 1955 ൽ രാഷ്ട്രം പരമോന്നത ബഹുമതിയായ 'ഭാരത രത്നം' നൽകി ആദരിച്ചു. 'ചാച്ചാ നെഹ്രു' എന്ന വിളിപ്പേര് കുട്ടികളോടുള്ള അദ്ദേഹത്തിന്റെ അകൈതവമായ സ്നേഹത്തിന്റെ പ്രത്യക്ഷ സാക്ഷ്യമായിരുന്നു. തന്റെ തിരക്കുപിടിച്ച ജീവിതത്തിനിടയിലും കുട്ടികളെ ഓമനിക്കാനും അവരോടൊത്ത് സമയം ചെലവിടാനും തയാറായ നെഹ്രുവിന്റെ ഓർമയിലാണ് വർഷംതോറും നവംബർ 14 ന് നാം ആചരിക്കുന്ന ശിശുദിനം. കുട്ടികളാണ് രാഷ്ട്രത്തിന്റെ ഭാവിയുടെ വാഗ്ദാനമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. 1964 മെയ് 27 ന് നെഹ്രു യുഗത്തിന് വിരാമമായി.

ജവഹർലാൽ നെഹ്രു ഒരു വിശ്വപൗരനാണ്. കറകളഞ്ഞ രാഷ്ട്രീയ പ്രവർത്തകനാണ്, ഒരു മികച്ച എഴുത്തുകാരനാണ്, സർവോപരി നാടിനെയും നാട്ടാരെയും സ്നേഹിച്ച ഒരു ഉത്തമ ഭാരതീയനാണ്. ഈ നവഭാരതശില്പിയുടെ ദീർഘവീക്ഷണത്തോടെയുള്ള നയപരിപാടികൾ കാലാതീതമായി അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ മഹാത്മാഗാന്ധിയെപ്പറ്റി നെഹ്രു ഒരിക്കൽ പറഞ്ഞ വാക്കുകൾ അദ്ദേഹത്തിനും അനുയോജ്യമാണ്.

'അദ്ദേഹത്തിന്റെ ജീവിതത്തിൽ അപ്രസക്തമായി ഒന്നുമില്ല. അദ്ദേഹത്തിന്റെ വാക്കുകളെല്ലാം ചേർന്ന് ഒരു ദിവ്യഗീതമായി മാറി. എവിടെയും ഒരു അപസ്വരമില്ല. യഥാർഥത്തിൽ അദ്ദേഹമൊരു കലാകാരനാണ്. ജീവിതം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു കലയായി മാറി'. ■

*അവലംബം: ഇന്ത്യ സ്ട്രഗിൾ ഫോർ ഇൻഡിപ്പെൻഡൻസ് - ബിപൻ ചന്ദ്ര*



# ആരോഗ്യമേഖലയിൽ പുതുചരിത്രമെഴുതി കേരളം

**കേരളത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് ദീർഘദർശിയായ മാറ്റം സൃഷ്ടിക്കുന്ന ദിനങ്ങൾക്കാണ് കഴിഞ്ഞ മാസം പാലക്കാടും ഇടുക്കിയും സാക്ഷ്യം വഹിച്ചത്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് എന്ന സർക്കാരിന്റെ നയം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി, പാലക്കാട് മെഡിക്കൽ കോളേജുകൾ വൻ ജനസമൂഹത്തെ സാക്ഷിയാക്കി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്ത്. പട്ടികജാതി വകുപ്പിന്റെ കീഴിലാണ് പാലക്കാട് മെഡിക്കൽ കോളേജ് എന്നതും സവിശേഷതയാണ്. മലയോര മേഖലയായ ഇടുക്കിയിലെ ചികിത്സാരംഗത്ത് ഗുണപരമായ മാറ്റം കൊണ്ടുവരാൻ മെഡിക്കൽ കോളേജിന് കഴിയും. രണ്ടു മെഡിക്കൽ കോളേജുകളുടെയും ഉദ്ഘാടന ചടങ്ങിന്റെ ദൃശ്യങ്ങളിൽ നിന്ന്...**

















# ഭാഗധേയസമാഗമം



**1947 ഓഗസ്റ്റ് 14 ന് ഭരണഘടനാ നിർമാണ സഭയെ അഭിസംബോധന ചെയ്ത് ജവഹർലാൽ നെഹ്റു നടത്തിയ വിഖ്യാതമായ പ്രസംഗം**

ഏറെ വർഷങ്ങൾക്കുമുമ്പ് നാം ഭാഗധേയവുമായുള്ള സമാഗമത്തിന് സമയം കുറിച്ചിരുന്നു. എന്നാൽ ഇതാ നമ്മുടെ ആ പ്രതിജ്ഞ പാലിക്കാനുള്ള സമയം സമാഗതമായിരിക്കുന്നു. സമ്പൂർണമായല്ലെങ്കിലും അതിന്റെ പ്രാധാന്യമുൾക്കൊണ്ടു തന്നെ നമുക്ക് ആ വാഗ്ദാനം നിറവേറ്റാം. ഈ ലോകം മുഴുവൻ സുഷുപ്തിയിലാണ്ടിരിക്കുന്ന ഈ അർധരാത്രിയുടെ നാഴികമണി മുഴങ്ങുമ്പോൾ നമ്മുടെ ഭാരതം സ്വാതന്ത്ര്യവും നവജീവനും നേടി ഉണർന്നെഴുന്നേൽക്കും. ആ നിമിഷം എത്തിച്ചേരുകയാണ്, ചരിത്രത്തിൽ അപൂർവമായി മാത്രം കടന്നുവരുന്ന നിമിഷം, പഴമയിൽ നിന്ന് പുതുമയിലേക്ക് നമ്മൾ ചുവടുമാറുന്ന നിമിഷം, ഒരു യുഗം അവസാനിക്കുന്ന നിമിഷം, കാലങ്ങളായി അടിച്ചമർത്തപ്പെട്ട ഒരു രാഷ്ട്രത്തിന്റെ ആത്മാവ് നഷ്ടശബ്ദം വീണ്ടെടുക്കുന്ന നിമിഷം.

ഈ മഹനീയവേള ഇന്ത്യയുടെയും നമ്മുടെ ജനതയുടെയും അതിലുപരി മനുഷ്യരാശിയുടെ സേവനത്തിനായും ആത്മസമർപ്പണം ചെയ്യാനുള്ള പ്രതിജ്ഞ കൈക്കൊള്ളാൻ ഏറ്റവും അനുയോജ്യമാണ്.

ചരിത്രോത്പത്തിമുതൽ തന്നെ ഭാരതം അതിന്റെ അവസാനമില്ലാത്ത അന്വേഷണത്തിന് തുടക്കം കുറിച്ചിരുന്നു. അവളുടെ ശതാബ്ദങ്ങളുടെ ചരിത്രം പരിശ്രമത്തിന്റെയും ജയപരാജയങ്ങളുടെയും കഥകളാൽ നിറഞ്ഞതാണ്. ഭാഗ്യനിർഭാഗ്യങ്ങളുടെ കുത്തൊഴുക്കിൽ കാഴ്ച മങ്ങിപ്പോകാതെ അവൾക്ക് ശക്തിപകർന്ന മൂല്യങ്ങൾ വിസ്മരിക്കാതെ നിലകൊള്ളാൻ ഭാരതത്തിന് കഴിഞ്ഞു. നമ്മുടെ ദൗർഭാഗ്യത്തിന്റെ ഒരു കാലഘട്ടത്തിന് അന്ത്യംകുറിക്കുകയാണ് ഇന്ന്. അതോടൊപ്പം ഭാരതം തന്നെത്തന്നെ കണ്ടെത്തുന്ന മഹനീയ മുഹൂർത്തവും ഇതുതന്നെയാണ്. ഇന്ന് നാം ആഘോഷിക്കുന്ന ഈ നേട്ടം പുതിയ അവസരങ്ങളിലേക്കും ഉന്നത വിജയങ്ങളിലേക്കും നേട്ടങ്ങളിലേക്കും നമ്മെ നയിക്കുന്ന ഒരു വാതായനം മാത്രമാണ്. ഈ അവസരത്തെ പ്രാപിക്കുന്നതിനും ഭാവിയിലെ വെല്ലുവിളികളെ സ്വീകരിക്കുന്നതിനും ആവശ്യമായ ധീരതയും ബുദ്ധിസാമർഥ്യവും നമുക്കുണ്ടോ?

അധികാരവും സ്വാതന്ത്ര്യവും ഉത്തരവാദിത്വബോധം കൂടി നമ്മിലേക്ക് കൊണ്ടുവരുന്നു. ഭാരതത്തിന്റെ പരമാധികാരമുള്ള ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഈ പരമാധികാര നിയമനിർമാണ സഭയിലാണ് ഈ ഉത്തരവാദിത്വം നിക്ഷിപ്തമായിരിക്കുന്നത്. സ്വാതന്ത്ര്യപ്പിറവിക്കു മുമ്പ് നിരവധി കഷ്ടപ്പാടുകളും വേദനകളും നമുക്ക് സഹിക്കേണ്ടി വന്നിട്ടുണ്ട്. നമ്മുടെ ഹൃദയം ആ വേദനിപ്പിക്കുന്ന ഓർമകളുടെ ഭാരത്താൽ നിർഭരമായി. അവയിൽ ചില നൊമ്പരങ്ങൾ ഇന്നും നമ്മെ വിട്ടകന്നിട്ടില്ല. എന്തായാലും ഇന്നലെകൾ നമ്മെ വിട്ടകന്നിരിക്കുന്നു. ഇപ്പോൾ നമ്മെ മാടിവിളിക്കുന്നത് ഭാവികാലം മാത്രമാണ്.

പ്രസ്തുത ഭാവികാലം അനായാസ വിശ്രമത്തിനുള്ളതല്ല ലളിതമായി വിശ്രമിക്കാനുള്ളതല്ല. മറിച്ച് നമ്മൾ ഇതുവരെ എടുത്തിട്ടുള്ളതും ഇന്ന് എടുക്കാൻ പോകുന്നതുമായ പ്രതിജ്ഞകൾ നിറവേറ്റുന്നതിനായി നിരന്തര പരിശ്രമത്തിൽ ഏർപ്പെടാനുള്ളതാണ്. ഭാരതത്തെ സേവിക്കുകയെന്നാൽ കഷ്ടപ്പെടുന്ന ദശലക്ഷക്കണക്കിന് ജനങ്ങളെ സേവിക്കുകയെന്നാണ് അർഥം. ദാരിദ്ര്യത്തിനും അജ്ഞതയ്ക്കും രോഗങ്ങൾക്കും അവസരങ്ങളിലുള്ള അസന്തുലിതാവസ്ഥയ്ക്കും വിരാമമിടുകയെന്നതാണ് അതിനർഥം.

നമ്മുടെ തലമുറയിലെ മഹത് വ്യക്തികളുടെയെല്ലാം അഭിലാഷം ഓരോരുത്തരുടെയും മിഴിനീർ തുടയ്ക്കുകയെന്നതായിരുന്നു. അത് ചിലപ്പോൾ നമ്മുടെ കഴിവിന് അതീതമായിരിക്കും. പക്ഷെ കണ്ണുനീരും കഷ്ടപ്പാടുകളും നിലനിൽക്കുന്നിടത്തോളം നമ്മുടെ ജോലികൾക്കും വിരാമമുണ്ടാകില്ല.

അതിനാൽ നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനായി കഷ്ടപ്പെടാനും കഠിനമായി യത്നിക്കാനും നാം തയാറാകണം. ആ സ്വപ്നങ്ങൾ ഭാരതത്തിനുവേണ്ടിയെന്നതുപോലെ അവ ഈ ലോകത്തിനുകൂടിയുള്ളതാണ്. കാരണം പരസ്പരം അകന്നു ജീവിക്കുന്നതിനെക്കുറിച്ച് സങ്കല്പിക്കാൻ പോലും കഴിയാത്ത രീതിയിൽ ഇന്ന് സർവ രാഷ്ട്രങ്ങളും ജനങ്ങളും ഇഴചേർന്നിരിക്കുകയാണ്. സമാധാനം ഇന്നൊരു അവിഭാജ്യഘടകമാണ്. അതുപോലെയാണ് സ്വാതന്ത്ര്യവും അഭിവൃദ്ധിയും. ഒറ്റപ്പെട്ട തുരുത്തുകളാക്കി മുറിച്ചുമാറ്റാനാകാത്ത ഈ ഏകലോക സങ്കല്പത്തിൽ ദുരന്തങ്ങളും അങ്ങനെതന്നെയാണ്. ഭാരതീയ ജനതയുടെ പ്രതിനിധികളായ ഞങ്ങൾക്കുള്ള അഭ്യർഥന ഈ മഹത്തായ പ്രയത്നത്തിൽ വിശ്വാസവും പ്രത്യാശയുമർപ്പിച്ച് ഞങ്ങളോടൊപ്പം ചേരുകയെന്നതാണ്. ബാലിശവും വിനാശകരവുമായ വിമർശനങ്ങൾക്കുള്ള സമയമല്ലിത്, മറ്റുള്ളവരുടെ കുറ്റങ്ങളും ദോഷങ്ങളും കണ്ടെത്താനുള്ള സമയവുമല്ല ഇത്. സ്വതന്ത്ര ഭാരതം എന്ന ഉദാത്ത ഹർമ്യം ഒരുക്കി അവളുടെ മക്കൾക്ക് താമസമൊരുക്കേണ്ട സമയമാണിപ്പോൾ. നിശ്ചയിക്കപ്പെട്ട ദിവസം സമാഗതമായിരിക്കുന്നു. -വിധിയാൽ നിശ്ചയിക്കപ്പെട്ട ആ ദിവസം - ദീർഘകാലത്തെ മയക്കത്തിനും പോരാട്ടത്തിനുമൊടുവിൽ ഇന്ത്യ ഇന്ന് ഉണർന്നെണീറ്റ് ഊർജസ്വലയായി സർവതന്ത്ര സ്വതന്ത്രയായി നിലകൊള്ളുന്നു. ചെറിയ തോതിലെങ്കിലും ഭൂതകാലം നമ്മിൽ പറ്റിച്ചേർന്ന് നിൽക്കുന്നുണ്ട്. ആയതിനാൽ എല്ലായ്പ്പോഴും നാം കൈക്കൊള്ളുന്ന പ്രതിജ്ഞകൾ നിറവേറ്റുന്നതിനുമുമ്പ് നമുക്ക് ധാരാളം കാര്യങ്ങൾ ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. എന്നിരുന്നാലും ആ വഴിത്തിരിവ് ഇന്ന് കഴിഞ്ഞുപോയിരിക്കുന്നു. നമ്മെ സംബന്ധിച്ചിട

ത്തോളം ഇതൊരു പുതിയ ചരിത്രത്തിന്റെ തുടക്കം കുറിക്കലാണ് - നമ്മുടെ ജീവിതത്തിന്റെയും കർമത്തിന്റെയും ചരിത്രം - മറ്റുള്ളവർ നമ്മെക്കുറിച്ച് എഴുതാനിരിക്കുന്ന ചരിത്രം.

നാം ഭാരതീയർക്കും ഏഷ്യയൊട്ടുക്കും ഈ ലോകത്തിനുതന്നെയും വിധിനിർണായകമായ നിമിഷമാണിത്. ഒരു നവതാരകം ഉദിച്ചുവരുന്നു - പൂർവദിക്കിൽ നിന്നുയരുന്ന സ്വാതന്ത്ര്യത്തിന്റെ താരകം. ഒരു പുതിയ പ്രത്യാശ യാഥാർഥ്യമാവുകയാണ്. ദീർഘകാലമായി നാം താലോലിച്ചിരുന്ന ഒരു ദർശനം സാക്ഷാത്ക്കരിക്കപ്പെടുകയാണ്. ആ നക്ഷത്രം ഒരിക്കലും അസ്തമിക്കാതിരിക്കട്ടെ. ആ പ്രതീക്ഷ വഞ്ചിതമാകാതിരിക്കട്ടെ. കാർമേഘങ്ങൾ നമ്മെ ചൂഴ്ന്നുനിൽക്കുന്നുണ്ടെങ്കിലും നമ്മുടെ ജനതയിൽ ഏറെപ്പേരും ദുഃഖിതരാണെങ്കിലും ഗുരുതരമായ പ്രശ്നങ്ങൾ നമ്മെ വലയം ചെയ്യുന്നുണ്ടെങ്കിലും ഈ സ്വാതന്ത്ര്യത്തിൽ നാം ആഹ്ലാദിക്കുന്നു. സ്വാതന്ത്ര്യം അതോടൊപ്പം തന്നെ ഉത്തരവാദിത്വങ്ങളും ചുമടുകളും നമ്മിൽ ഏൽപ്പിക്കുന്നു. സ്വാതന്ത്ര്യവും അച്ചടക്കവുമുള്ള പൗരന്മാരുടെ ആവേശത്തോടെ നാം അവയെ അഭിമുഖീകരിക്കുകയാണ് വേണ്ടത്. ഇത്തരുണത്തിൽ നമ്മുടെ പ്രഥമചിന്തകൾ നയിക്കപ്പെടുന്നത് ഈ സ്വാതന്ത്ര്യത്തിന്റെ ശില്പിയിലേക്കാണ്. ആരാണോ ഭാരതത്തിന്റെ പൂർവവീര്യത്തിന്റെ മൂർത്തിഭാവമായിരിക്കുന്നത്, ആരാണോ നമ്മെ ചൂഴ്ന്നുനിന്ന അന്ധകാരത്തിലും പ്രകാശം പരത്തിയത് നമ്മുടെ ആ രാഷ്ട്രപിതാവിലേക്കാണ്.

നാം പലപ്പോഴും അദ്ദേഹത്തിന്റെ അനർഹരായ പിൻഗാമികളായിരുന്നു. അദ്ദേഹത്തിന്റെ സന്ദേശങ്ങളിൽ നിന്നും നമ്മൾ വ്യതിചലിച്ചിട്ടുമുണ്ട്. പക്ഷെ നമ്മൾ മാത്രമല്ല നമ്മുടെ വരും തലമുറകളും, സ്വന്തം വിശ്വാസത്തിലും ശക്തിയിലും ധൈര്യത്തിലും എളിമയിലും മഹത്വം പുലർത്തിയ ഭാരത മണ്ണിന്റെ ആ മഹാനായ പുത്രന്റെ ഈ സന്ദേശം എന്നും സ്മരിക്കുകയും അതിന്റെ മുദ്ര അവരുടെ ഹൃദയത്തിൽ പേറുകയും ചെയ്യും. നമ്മിലേക്ക് ആഞ്ഞടിക്കുന്ന കൊടുങ്കാറ്റിന്റെയോ, കടൽ ക്ഷോഭത്തിന്റെയോ ശക്തി എത്രതന്നെയായാലും ഈ സ്വാതന്ത്ര്യത്തിന്റെ ദീപശിഖയെ കെടുത്താൻ നാമൊരിക്കലും അനുവദിക്കുവാൻ പാടില്ല. മരണം വരെയും പ്രശംസയോ പ്രതിഫലമോ ആഗ്രഹിക്കാതെ ഭാരതത്തെ സേവിച്ച അജ്ഞാതരായ സന്നദ്ധ ഭടന്മാരെയും സ്വാതന്ത്ര്യത്തിനായി പോരാടിയ പട്ടാളക്കാരെയുമാണ് നാം ഇനി സ്മരിക്കേണ്ടത്.

രാഷ്ട്രസീമകൾ നിർണയിക്കപ്പെട്ടപ്പോൾ നമ്മിൽനിന്ന് അടർത്തി മാറ്റപ്പെട്ട, ദൗർഭാഗ്യവശാൽ ഈ സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദം നമ്മോടൊപ്പം പങ്കുവെക്കാൻ കഴിയാത്ത നമ്മുടെ സഹോദരീ സഹോദരന്മാരെക്കുറിച്ചും നാമിപ്പോൾ ചിന്തിക്കണം. എന്തുതന്നെ സംഭവിച്ചാലും അവർ നമ്മുടെ ഭാഗം തന്നെയാണ്. അവർ നമ്മുടേതായിത്തന്നെ തുടരുകയും ചെയ്യും. അവരുടെ ഭാഗ്യദൗർഭാഗ്യങ്ങൾ പങ്കുവെക്കാൻ നാം എന്നും ഉണ്ടാകും.

ഭാവികാലം നമ്മെ മാടിവിളിക്കുന്നു. സാധാരണക്കാർക്കും കർഷകർക്കും തൊഴിലാളികൾക്കും സ്വാതന്ത്ര്യവും അവസരങ്ങളും എത്തിച്ചുകൊടുക്കുന്നതിനും ദാരിദ്ര്യത്തിനും അജ്ഞതയ്ക്കും രോഗങ്ങൾക്കുമെതിരെ പോരാടുന്നതിനും അവയ്ക്ക് അന്ത്യം കാണുന്നതിനും സമൃദ്ധവും ജനാധിപത്യത്തിലധിഷ്ഠിതവുമായ പുരോഗതിയിലേക്ക് കുതിക്കുന്ന ഒരു ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിനും എല്ലാ സ്ത്രീ പുരുഷന്മാർക്കും നീതിയും ജീവിതത്തിന് പൂർണതയും നൽകുന്ന സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്നതിനും നാം ഏതു മാർഗത്തിലാണ് സഞ്ചരിക്കേണ്ടത്? എന്തായിരിക്കണം നമ്മുടെ ഉദ്യമം?

അശ്രാന്ത പരിശ്രമത്തിന്റെ നാളുകളാണ് നമ്മുടെ മുന്നിലുള്ളത്. നമ്മുടെ പ്രതിജ്ഞ പൂർണമായ അളവിൽ നിറവേറ്റുന്നതുവരെയും നമ്മിലാർക്കും വിശ്രമമുണ്ടാകില്ല. ധീരമായ മുന്നേറ്റത്തിന്റെ മുനമ്പിൽ നിൽക്കുന്ന ഒരു മഹത്തായ രാജ്യത്തിന്റെ പൗരന്മാരെന്ന നിലയ്ക്ക് അതിനനുയോജ്യമായുള്ള ഉന്നത നിലവാരം നാം പുലർത്തേണ്ടതുണ്ട്

ഏതു മതത്തിൽപ്പെട്ടവരായിരുന്നാലും തുല്യമായ അവകാശങ്ങളും ആനുകൂല്യങ്ങളും കടപ്പാടുകളുമുള്ള ഭാരത സന്താനങ്ങളാണ്. സങ്കുചിതത്വം ചിന്തയിലും പ്രവർത്തിയിലും പുലർത്തുന്ന ജനങ്ങളുള്ള ഒരു രാജ്യത്തിന് ഒരിക്കലും മഹത്വത്തിലേക്കെത്താൻ കഴിയുകയില്ല എന്നുള്ളതുകൊണ്ടുതന്നെ വർഗീയതയെയോ സങ്കുചിത ചിന്താഗതികളെയോ പ്രോത്സാഹിപ്പിക്കുവാൻ നമുക്കാവില്ല.

മറ്റു രാഷ്ട്രങ്ങൾക്കും ലോകജനതയ്ക്കും നാം ആശംസകളറിയിക്കുന്നു. അതോടൊപ്പം തന്നെ സമാധാനം, ജനാധിപത്യം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളെ വിപുലപ്പെടുത്തുന്നതിന് അവരോടൊപ്പം കൈകോർത്തുനിന്ന് പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

നാം പരമമായി സ്നേഹിക്കുന്ന പ്രാക്തനവും അനശ്വരവും നിത്യഹരിതവുമായ നമ്മുടെ മാതൃരാജ്യത്തിന് നമ്രപ്രണാമം അർപ്പിക്കുകയും നാടിന്റെ സേവനത്തിനായി നമ്മെത്തന്നെ പുനരർപ്പിക്കുകയും ചെയ്യുന്നു. ജയ് ഹിന്ദ്.



■ വിനു എ.

**മഹാത്മാഗാന്ധിയുടെ 145 ാം ജന്മദിനമാണ് ഒക്ടോബർ രണ്ട്. വള്ളത്തോളിന്റെ 136 ാം ജന്മദിനമാണ് ഒക്ടോബർ 16. വള്ളത്തോൾ കവിതയിലെ ഗാന്ധിജിയെക്കുറിച്ച്.**

# സൂര്യനും മഞ്ഞുതുള്ളിയും



സാമൂഹിക സമത്വത്തിനായി ധീരതയോടെ നിലകൊണ്ട വ്യക്തിത്വത്തിനുടമയാണ് മഹാത്മാ ഗാന്ധി. ലളിതമായ ജീവിതത്തിലൂടെ മഹത്തായ ഒരു രാഷ്ട്രത്തെ രൂപപ്പെടുത്തുന്നതിന്റെ രാഷ്ട്രീയത്തെക്കുറിച്ച് വിശകലനം ചെയ്ത അദ്ദേഹം വിവിധ സാഹിത്യരൂപങ്ങളിൽ വിഷയമായിട്ടുണ്ട്. കവിതകളിലും അദ്ദേഹം കടന്നുവന്നു. ഇന്ത്യൻ സാഹിത്യത്തിലും കവിതയിലും ഇത്രയധികം സ്വാധീനം ചെലുത്തിയ മറ്റൊരു വ്യക്തി ഇന്ത്യയിലുണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ജീവിതവും സമരവും എഴുത്തും സിദ്ധാന്തങ്ങളുമെല്ലാം അവയ്ക്ക് വിഷയമായിരുന്നു. അത്രയേറെ അഗാധമായി ചിന്തിക്കുകയും അതിനെ സാധാരണക്കാരനിലേക്ക് എത്തിക്കുന്നതിനായി എഴുത്തിനെ ഉപയോഗിക്കുകയും ചെയ്തതാണ് അദ്ദേഹത്തിന്റെ മഹത്വം.

മഹാത്മാഗാന്ധിയുടെ ജീവിതത്തെ അതിന്റെ തീവ്രമായ സമരഭാവത്തോടെ അവതരിപ്പിക്കുന്നതാണ് അദ്ദേഹത്തെക്കുറിച്ചുള്ള പല കൃതികളും. അത്രയധികം ഗാന്ധിയൻ തത്വചിന്ത കവികളെയും സാഹിത്യകാരന്മാരെയും ആകർഷിച്ചിരുന്നു. അത്തരത്തിൽ സ്വാധീനിക്കപ്പെട്ട കവികളിൽ ഒരാളാണ് വള്ളത്തോൾ നാരായണമേനോൻ. ഭാരതത്തിന്റെ പൂർവസംസ്കാരമഹിമ, വർത്തമാനകാലത്തിലെ ദുരവസ്ഥ, ഭാവിയിൽ സാക്ഷാത്കരിക്കാനുള്ള ആദർശങ്ങൾ എന്നിവയെക്കുറിച്ച് ഭാവസ്പർശികളായ ഗാനങ്ങളാലപിച്ച് നമ്മുടെ ദേശാഭിമാനത്തെ ജ്വലിപ്പിച്ച മഹാകവിയെന്ന നിലയിൽ ഗാന്ധിജി ഉയർത്തിപ്പിടിച്ച രാഷ്ട്രീയത്തെ അവതരിപ്പിക്കുന്നതിൽ വള്ളത്തോൾ വളരെ മുന്നിലാണെന്നുവേണം പറയാൻ. അദ്ദേഹത്തിന്റെ 'എന്റെ ഗുരുനാഥൻ' എന്ന കവിത ആ ത്യാഗോജ്ജ്വല ജീവിതത്തെ ആകർഷകമായി വരച്ചിടുന്നു.

തന്റെ നാടിനെയും ഭാഷയെയും സാംസ്കാരിക മൂല്യങ്ങളെയും വലിയതോതിൽ സ്നേഹിച്ച വള്ളത്തോളിന്റെ ആശയങ്ങളിൽ സ്വാതന്ത്ര്യത്തിനായുള്ള ആവേശമുണ്ടായിരുന്നു. ദേശീയതയിൽ ആകൃഷ്ടനായ അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തകനാവുകയും അത്തരം പ്രവർത്തനങ്ങളിൽ സാഹിത്യരംഗത്ത് എന്തൊക്കെ ചെയ്യുവാൻ സാധിക്കുമെന്നതിൽ മറ്റുള്ളവർക്ക് മാതൃകയുമായി. 1928 ൽ കൊൽക്കത്തയിൽ കോൺഗ്രസ് സമ്മേളനത്തിൽ വള്ളത്തോൾ പങ്കെ

ടുത്തു. അവർണർക്ക് ക്ഷേത്രപ്രവേശനം സാധ്യമാക്കുന്നതിനായി നടത്തിയ വൈക്കം, ഗുരുവായൂർ സത്യഗ്രഹങ്ങളിൽ പങ്കുകൊണ്ട അദ്ദേഹം മത-ജാതി ചിന്തക ളാൽ മനുഷ്യനെ വേർതിരിക്കുന്ന രീതി കളെ ശക്തമായി എതിർത്തു.

## എന്റെ ഗുരുനാഥൻ

വള്ളത്തോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അടിസ്ഥാനമായി കണ്ടത് ഗാന്ധിയൻ ചിന്തകളെയാണ്. ഭാരതീയ മൂല്യങ്ങളിൽ നിന്നും അതിന്റെ ശരിയായ വശങ്ങളെയുൾക്കൊണ്ട് രൂപപ്പെടുത്തിയ ഗാന്ധിജിയുടെ ആശയങ്ങളിലൂടെ മാത്രമെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തെ കണ്ടെത്തു വാൻ സാധിക്കുകയുള്ളുവെന്ന ചിന്തയാണ് അദ്ദേഹം മുന്നോട്ടുവെച്ചത്. വള്ളത്തോൾ ഇങ്ങനെ പറയുകയുണ്ടായി – 'ഗാന്ധിജി ഒരു സൂര്യനും ഞാനൊരു മഞ്ഞുതുള്ളി യുമാകുന്നു. ഈ മഞ്ഞുതുള്ളിയിൽ വല്ല തിളക്കവും കാണുന്നുണ്ടെങ്കിൽ അതൊക്കെ ആ സൂര്യൻ നല്കിയതത്രെ' ഗാന്ധിജിയെ ഗുരുനാഥനായിട്ടാണ് വള്ളത്തോൾ കണ്ടത്.

ഭാരതത്തെ അതിരറ്റ ആശയതലത്തിൽ നിന്ന് വീക്ഷിക്കുകയും അഭിമാനത്തോടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യസ്വപ്നങ്ങളെ വിലയിരുത്തുകയും ചെയ്ത കവിയെന്ന നിലയിലാണ് വള്ളത്തോളിന്റെ കവിതകൾ ശ്രദ്ധിക്കപ്പെടുന്നത്. മഹാത്മാഗാന്ധിയോട് അതിരറ്റ ബഹുമാനമാണ് തനിക്കുള്ള തെന്നും 'എന്റെ ഗുരുനാഥൻ' കാണിച്ചുത രുന്നു.

"ലോകമേ തറവാടു തനിക്കീ, ച്ചെടി കളും

പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ

ത്യാഗമെന്നതേ നേട്ടം, താഴ്മതാനഭ്യു ന്നതി

യോഗവിത്തേവം ജയിക്കുന്നതെൻ ഗുരുനാഥൻ"

എന്നു തുടങ്ങുന്ന കവിത ഗാന്ധിജി ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളിലേക്കാണ് കൊണ്ടുപോകുന്നത്. ലോകത്തെ തറവാ ടായി കാണുകയും ലോകത്തെ സർവജീ വികളെയും ഒരു കുടുംബമായി കാണു കയും ചെയ്യുന്ന വിശാലമായ കാഴ്ചപ്പാ ടിനെ പ്രകീർത്തിക്കുകയും ചെയ്യുന്നു. വിഭിന്നങ്ങളായ ആശയങ്ങളാലും വർഗങ്ങ ളാലും ചിതറിക്കിടക്കുന്നവരെ ഒരൊറ്റ കുടുംബമെന്ന നിലയിൽ കൊണ്ടുവരാനാ യാണ് ഗാന്ധി തന്റെ ആശയത്തിലൂടെ പരി ശ്രമിച്ചത്. എല്ലാം ത്യജിച്ചുകൊണ്ട് സമൂഹ ത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുക യെന്ന കർത്തവ്യമാണ് ഗാന്ധിജി ഏറ്റെടു ക്കുകയും നടപ്പിലാക്കുകയും ചെയ്തത്. മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പങ്കുചേരാനും അവർക്ക് ആത്മവിശ്വാസമാകാനും സാധി ക്കുന്നുവെങ്കിൽ മാത്രമേ നമുക്ക് മനുഷ്യ നെന്ന നിലയിൽ ഉത്തമമായ ജീവിതത്തെ നയിക്കാനാവൂ.



## ഗാന്ധിജി-നിഴലുകൾ വീഴിക്കാത്ത പൂനിലാവ്

ദുഷ്ടജന്തുക്കൾ കയ്യേറാത്ത ദുർലഭ തീർഥമായാണ് വള്ളത്തോൾ ഗാന്ധിജിയെ വർണിക്കുന്നത്. തന്റെ ജീവിതം തന്നെ യാണ് തന്റെ സന്ദേശമെന്ന് പറയാൻ ധീരത കാണിക്കുകയും അതിനനുസരിച്ചുള്ള ജീവിതം നയിക്കുകയും ചെയ്ത ഗാന്ധിജി ധർമത്തിനായിട്ടാണ് എന്നും നിലകൊണ്ടത്. അതുകൊണ്ടുതന്നെ വള്ളത്തോൾ വിശേ ഷിപ്പിക്കുന്നതുപോലെ ഗാന്ധിജി നിഴലു കൾ വീഴിക്കാത്ത പൂനിലാവുതന്നെയാണെ ന്നതിൽ സംശയമില്ല. ലോകരക്ഷകരുടെ ഗുണങ്ങളേറെയുള്ള ഗാന്ധിജി ക്രിസ്തുദേ വന്റെ പരിത്യാഗശീലവും ശ്രീകൃഷ്ണന്റെ ധർമത്തിന്റെ ഉപായങ്ങളും ബുദ്ധദേവന്റെ അഹിംസയുടെ തത്വങ്ങളും ഒരേസമയം അവതരിപ്പിച്ചു. അതുകൊണ്ടുതന്നെ സിംഹം പോലും ആ മഹാന്റെ മുന്നിൽ മാൻകുട്ടിയായി മാറുമെന്ന് കവി എഴു തുന്നു.

"ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ-

ക്കൃഷ്ണനാം ഭഗവാന്റെ ധർമരക്ഷോ പായവും,

ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യ രുടെ

ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാ വായ്പും,

ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും, മുഹ മ്മദിൻ

സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തു കാണണമെങ്കിൽ

ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി,-

ലല്ലായ്കയിലവിടുത്തെച്ചരിത്രം വായി ക്കുവിൻ!"

ലളിതമായ ജീവിതചര്യകളാണ് ഗാന്ധിജി പുലർത്തിയത്. ഈ ലളിതജീവ നത്തിനിടയിലും ആരുടെ പരാതിയായാലും അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിക്കുവാൻ ഗാന്ധിജി ശ്രദ്ധിച്ചിരു ന്നു. ഗഹനമായ വിഷയങ്ങളിൽ ഏർപ്പെടു മ്പോൾ കാട്ടിലാണെങ്കിൽപ്പോലും അത് സ്വർണംകൊണ്ട് തീർത്ത കൊട്ടാരംപോലെ മാത്രമേ ആ മഹാത്മന് തോന്നുകയുള്ളു വെന്നാണ് വള്ളത്തോൾ ഇതിനെ കാവ്യാ ത്മകമായി എഴുതുന്നത്. അധികാരസ്ഥാന ങ്ങളുടെ സുഖങ്ങളാണ് പലപ്പോഴും നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. പ്രലോഭിപ്പി ക്കുന്ന ഒരു കാര്യമാണത്.


ബി. ഹൃദയകുമാരി ഒരു പഠനത്തിൽ വള്ളത്തോളിന്റെ ഈ കവിതയെക്കുറിച്ച് ഇങ്ങനെ എഴുതുകയുണ്ടായി. "ഈ കവി തയുടെ രൂപവും ഭാവവും കേരളീയർക്ക് പരിചിതമായ സ്തോത്രങ്ങളുടേതാണ്. ദേവ വർണനയും പ്രകീർത്തനങ്ങളും നമസ്കാ രവും മറ്റുമാണല്ലോ സ്തോത്രങ്ങളുടെ രൂപം. ഇവിടെ രൂപവർണന തികച്ചും ഒഴി വാക്കപ്പെട്ടിരിക്കുന്നു. പ്രകീർത്തനം കീർത്തന വിഷയത്തിന് യോജിച്ചമട്ടിൽ, ഗുരുനാഥന്റെ മാഹാത്മ്യത്തെ ഇഴപിരിച്ച് കാണിക്കാനും ആ വ്യക്തിത്വത്തിന്റെ മാഹാത്മ്യം ആപേക്ഷികങ്ങൾക്കും വൈരു ദ്ധ്യങ്ങൾക്കുമപ്പുറം നിൽക്കുന്ന തനിമയു ടേതാണെന്ന് ഉദ്ഘോഷിക്കാനുമാണ് ശ്രമി ക്കുന്നത്. ഹൈന്ദവ ഭക്തൻ എന്നും അന്വേ ഷിക്കുന്ന നിർദ്വന്ദ്വമായ ആധ്യാത്മിക അവ സ്ഥയെ നേരിട്ടു കാണുമ്പോഴുള്ള നിർവൃ തിയാണ് ഈ കവിതയുടെ അടിസ്ഥാന ഭാവം".

ചരിത്രത്തിലെ ഏറ്റവും മികച്ച നേതാവും മനുഷ്യനുമെന്ന നിലയിലാണ് ഗാന്ധിജിയെ വള്ളത്തോൾ അവതരിപ്പിക്കു ന്നതെന്നത് ഈ കവിതയിലൂടെ തന്നെ ബോധ്യപ്പെടും. വൈക്കം സത്യഗ്രഹത്തിൽ നിന്നുണ്ടായ അനുഭവങ്ങളെക്കുറിച്ചാണ് 'പാപമോചനം' എന്ന കവിത പറയുന്നത്. മഹാത്മജിക്കുമുന്നിൽ നമസ്ക്കരിക്കുവാൻ സാധിച്ചില്ലായെന്ന വ്യസനമാണ് ഈ കവി തയെ ജീവസ്സുറ്റതാക്കുന്നത്. വൈക്കം സത്യഗ്രഹത്തിന്റെ വിജയത്തെക്കുറിച്ചാണ് 'ഫലപ്രാപ്തി'യെന്ന കവിതയിൽ പറയുന്ന ത്. ഈ കവിതയിൽ ഗാന്ധിജി സമരത്തിന് നൽകിയ പിന്തുണ വളരെ വലുതായിരു ന്നുവെന്ന് സൂചിപ്പിക്കുന്നുണ്ട്. ഗാന്ധിജി യുടെ ചർക്കയെ കൃഷ്ണന്റെ ചക്രായുധ ത്തോട് സാമ്യപ്പെടുത്തി എഴുതിയ കവിത യാണ് 'ചക്രഗാഥ'. ഗാന്ധിജിയുടെ വിയോ ഗത്തിൽ മനംനൊന്ത് എഴുതിയ വിലാപ കാവ്യമാണ് 'ബാപ്പുജി'. 'മാതൃഹൃദയം', 'മുറ', 'നെടുനാൾ നിലനിർത്തും', 'ഖാദി വസ്ത്രങ്ങൾ കൈക്കൊൾവിനേ വരും', 'ഇതിലേ ഇതിലെ', 'അമാന്തം അമാന്തം', 'പോരാ പോരാ' തുടങ്ങിയ വള്ളത്തോൾ കവിതകളിലും ഗാന്ധിജി സാന്നിധ്യമാകു ന്നുണ്ട്. ■

■ ദേവി വിഷ്ണുപ്രിയ ടി.വി.



# കത്തിലൂടെ അറിവ്




ഒരച്ഛൻ മകൾക്കയച്ച കത്തുകൾ എന്ന പുസ്തകം വായിച്ചപ്പോൾ ഇന്ത്യയുടെ പ്രഥമ വനിതാ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി എത്ര ഭാഗ്യവതിയായിരുന്നു എന്നെനിക്കു തോന്നി. അച്ഛൻ അടുത്തില്ലാത്തപ്പോൾ പോലും മകൾക്ക് വിജ്ഞാനവും കഥകളും പകർന്നുകൊടുക്കുവാൻ അദ്ദേഹം കാണിച്ച താത്പര്യം എത്ര പറഞ്ഞാലും മതിയാവില്ല. ഇതുപോലെ ഇന്നത്തെ ഓരോ പിതാവും വിചാരിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോകുന്നു.

31 കത്തുകളാണ് ഈ പുസ്തകത്തിലുള്ളത്. ഓരോ കത്തിലും ഓരോ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പ്രപഞ്ചത്തിനു താഴെയുള്ള ഏതു വിഷയവും അച്ഛൻ മകൾക്ക് വിശദീകരിച്ചു കൊടുക്കുമായിരുന്നു. പത്തു വയസ്സുള്ള കുട്ടികൾ മുതൽ നൂറു വയസ്സുള്ള അപ്പൂപ്പൻമാർ വരെ അറിഞ്ഞിരിക്കേണ്ട സംഗതികളാണ് ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്.

പ്രകൃതിയും മനുഷ്യനും ഇണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അടിവരയിട്ട് പറയുന്നതോടൊപ്പം പ്രകൃതിയാകുന്ന പുസ്തകത്തിൽ നിന്നും നേരിട്ട് കാര്യങ്ങൾ പഠിക്കണമെന്നും പറയുന്നു. ശില, മല, താഴ്‌വര, നദി, സമുദ്രം, അഗ്നിപർവതം എന്നിങ്ങനെ നമുക്ക് നാലുപുറവും കാണാവുന്ന എല്ലാ വസ്തുക്കളും അടങ്ങിയതാണ് പ്രകൃതി എന്ന് അദ്ദേഹം പറയുന്നു.

ഭൂമി എങ്ങനെ ഉണ്ടായി, ആദ്യം ഉണ്ടായ ജീവികൾ ഏതൊക്കെയാണ്, ജീവന്റെ ആവിർഭാവം എങ്ങനെയായിരുന്നു, മൃഗങ്ങൾ രൂപാന്തരപ്പെട്ടതെങ്ങനെ, മത്സ്യം, തവള, ഉരഗങ്ങൾ, നാൽക്കാലികൾ എന്നിങ്ങനെ വിവിധതരം ജീവജന്തുജാലങ്ങളുടെ പരിണാമം എന്നിങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാക്കുകയെന്നത് കൗതുകകരമായ കാര്യമാണ്. മനുഷ്യന്റെ ഉത്ഭവം, വളർച്ച, കണ്ടുപിടുത്തങ്ങൾ എന്നിവയും അദ്ദേഹം വിവരിക്കുന്നുണ്ട്. വിവിധ യുഗങ്ങളിലൂടെ വളർന്ന് മനുഷ്യൻ വിശാലമായ ഭൂമിയുടെ വ്യത്യസ്ത മേഖലകളിൽ താമസിക്കാൻ ആരംഭിച്ചതോടെയാണ് ഗോത്രം, വർഗം, ഭാഷ തുടങ്ങിയവ ഉണ്ടായത്. ആര്യഭാഷ, ദ്രാവിഡഭാഷ, ചീനഭാഷ, സെമിറ്റിക് ഭാഷ, തുർക്കി, ജപ്പാൻ എന്നീ ഭാഷാകുടുംബത്തെപ്പറ്റിയും വിവരിക്കുന്നു.

ഭാഷയും സംസ്കാരവും മതവും തൊഴിൽ മേഖലയും കൃഷിയും ഒക്കെ വിഷയമായിവരുന്ന ഈ പുസ്തകത്തിൽ മനുഷ്യജീവിതചരിത്രം തന്നെ സുവ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. ഇന്ത്യയും ചൈനയും, ഇന്ത്യയിലെ വിവിധ ജനങ്ങളുടെ ജീവിതരീതി, രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളുടെ അന്തസ്സത്തയും തുടങ്ങി ശാസ്ത്രസാഹിത്യ സാംസ്കാരിക ചരിത്രമണ്ഡലങ്ങളിലുള്ള വിഷയങ്ങളും അവതരിപ്പിച്ചിരിക്കുന്നതായി കാണാം.

ഈ പുസ്തകത്തിലൂടെ കടന്നുപോകുന്ന ഏതൊരു വിദ്യാർഥിക്കും പുതുതായി അനേകം കാര്യങ്ങൾ മനസ്സിലാക്കാനും മനസ്സിലാക്കിയവയെ ഓർത്ത് വീണ്ടും കൗതുകപ്പെടാനും സാധിക്കുമെന്നതിൽ തർക്കമില്ല. കുട്ടികളെ സ്നേഹിച്ചിരുന്ന ചാച്ചാജിക്ക് പ്രണാമം. ■

*(പട്ടം ആര്യാ സെൻട്രൽ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിനിയാണ് ലേഖിക)*

പി.എം. മണി വെള്ളറട

# വശ്യചാരുത വലംവെക്കുന്ന ചിറ്റാർ

നെയ്യാറും പത്മനാഭപുരം കൊട്ടാരവും സുവർണപാതയൊരുക്കുന്ന വെള്ളറടയിലെ കടുക്കറ മുതൽ തമിഴ്നാട് കളിയൽ വരെ ദൈർഘ്യമേറിയ രാജപാതയിൽ പ്രകൃതി പ്രപഞ്ചവിസ്മയമൊരുക്കുന്ന ചിറ്റാർ അണക്കെട്ട്. പട്ടണം കാൽ ഒന്ന്, പട്ടണം കാൽ രണ്ട് പേരുകളിൽ തമിഴ്നാടും ചിറ്റാർ, ശിവലോകം അണക്കെട്ടെന്ന് കേരളവും വിളിക്കുന്ന, വൈകുണ്ഠ കാടുകളാൽ അലങ്കൃതമായ നിത്യതയുടെ വസന്തങ്ങൾ ഇവിടെ കാണാം.

പൗരാണിക മഹർഷി അഗസ്ത്യരുടെ സഹ്യാദ്രിമേടുകളും ലോകജനിതകമേഖലകളായ പശ്ചിമഘട്ട പർവതനിരകളും അനന്തശയനം നടത്തുന്ന ഈ തീരങ്ങളിൽ എവിടെനിന്നോ പറന്നിറങ്ങിയ മയിലുകൾ, മറ്റു വർണപ്പറവകൾ, ഇടയ്ക്കെങ്ങാനും വന്നുപോകുന്ന വരയാടും മാൻ കൂട്ടങ്ങളും വൈകുണ്ഠവീഥികൾ ധന്യമാക്കുന്നു.

കേരളത്തിലെ പ്രധാന തീർഥാടന കേന്ദ്രങ്ങളിലൊന്നായ തെക്കൻ കുരിശുമലയിൽ നിന്നും ഉത്ഭവിക്കുന്ന പുഴയും കടുക്കറപ്പുഴയും മറ്റനേകം അരുവികളുടെയും സംഗമം ഒരുക്കുന്നത് കന്യാകുമാരിയുടെ വിളവൻകോടിലാണ്. ഇവിടുത്തെ സായംസന്ധ്യകളുടെ ചായക്കൂട്ടുകൾ അക്ഷരാർഥത്തിൽ ശിവന്റെ ലോകം തന്നെയാണ്. പ്രകൃതിയുടെ വിസ്മയ കരവിരുതുകൾ കണ്ടാനന്ദിക്കാൻ സഞ്ചാരികളേറെയില്ലിവിടെ. ആകാശവും ജലാശയവും ഒന്നായി അലിഞ്ഞുചേരുന്ന ചിറ്റാർ ആരെയും ആകർഷിക്കും. കർണാടകയിലെ അതിർത്തിയിൽ നിന്നാരംഭിക്കുന്ന കേരളത്തിന്റെ മലയോര ഹൈവേയുടെ തീരത്താണ് ഈ വശ്യചാരുത.

നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, നെയ്യാർ അണക്കെട്ട്, തൃപ്പരപ്പ് വെള്ളച്ചാട്ടം, തക്കല പത്മനാഭപുരം കൊട്ടാരം, മരുത്വാമലയും കന്യാകുമാരിയും ചരിത്രങ്ങളുടെ കേളികൊട്ടുയരുന്ന സഞ്ചാര തീരങ്ങളാണ്. വെള്ളറടയിൽ നിന്നും അഞ്ചു കിലോമീറ്റർ തെക്കും തൃപ്പരപ്പ് വെള്ളച്ചാട്ടത്തിൽ നിന്നും അഞ്ചു കിലോമീറ്റർ വടക്കുമാണ് ചിറ്റാർ പുഴയുടെ സംഗമവേദി.

കേരളത്തിൽ അനേകം സിനിമകളുടെയും സീരിയലുകളുടെയും പിറവിക്കും ഈ അതിർവരമ്പുകൾ സാക്ഷ്യംവഹിച്ചു. നെയ്യാർ വന്യജീവി സങ്കേതവും കീരിപ്പാറ വൈൽഡ് ലൈഫ് സാങ്ചറിയും ചേർന്നൊരുക്കുന്ന സുരക്ഷാവലയങ്ങളിൽ അണക്കെട്ടു കണ്ട് മടങ്ങാൻ സഞ്ചാരികൾക്ക് അവസരങ്ങളേറെ. വെള്ളറട, കളിയൽ പഞ്ചായത്തുകൾ ഋജുരേഖ വരയ്ക്കുന്ന പാതയോരങ്ങൾ തലങ്ങും വിലങ്ങും കടന്നുപോകുമ്പോൾ പ്രാപഞ്ചിക വർണരാജികൾക്ക് അതിരുകളില്ല.

വിഴിഞ്ഞം ഭരിച്ചിരുന്ന ആയ് രാജാക്കന്മാർ തൃപ്പരപ്പിൽ നീരാട്ടിനെത്തുമ്പോൾ ചിറ്റാർ അണക്കെട്ടുണ്ടായിരുന്നില്ല. എന്നാൽ വനമാസ്മരികതയും ചോലസുരഭിലതയും ഇതിലുമേറെ വശ്യമായിരിക്കണം. തിരുവിതാംകൂർ, ആയി രാജവംശം, വേണാട് രാജവംശം ഇവർ ഈ തീരങ്ങളിൽ മണിക്കൂറുകൾ ചെലവഴിച്ച ചരിതങ്ങളും സന്ദർശന ഏടുകളും ഏറെയുണ്ട്. ■



സിനിമ

■ ആർ. ജയകുമാർ

**ചലച്ചിത്രരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ ജെ.സി. ഡാനിയേൽ പുരസ്കാരം ലഭിച്ച എം.ടി. വാസുദേവൻ നായരുടെ ചലച്ചിത്രലോകത്തെക്കുറിച്ച്**

# കാലത്തിന്റെ വിഷാദച്ഛായകൾ



'ഒന്നും മറന്നിട്ടില്ല' *ഒരു വടക്കൻ വീരഗാഥയിൽ* ചന്തുവിന്റെ ആ മറുപടി ഒരുപാട് അർഥങ്ങളുടേതാണ്. അങ്കത്തട്ടിനുണ്ടായ ഒരു സാങ്കേതിക പ്രശ്നമാണ് അമ്മാവനോട് പറയുന്നത്. എന്നാൽ എല്ലാവരും തിരസ്ക്കരിച്ച തന്റെ ജീവിത നിമിഷങ്ങളെയാണ് അയാൾ അതിലൂടെ ധ്വനിപ്പിച്ചത്. അതാണ് എംടിയുടെ കഥാപാത്ര സവിശേഷത. നിസ്സഹായതയുടെ മുന്നിലും കുലീനത്വം വിടാത്ത ചില പൗരുഷങ്ങൾ. ഏറ്റവും ക്രൂരമായ ഇടങ്ങളിലേക്ക് തന്റെ പ്രവൃത്തികൾ താഴ്ന്നുപോകുമ്പോഴും അതെല്ലാം വ്യക്തിപരമായ ഉയർച്ചയായി കാണുന്ന 'ഉയരങ്ങളിലെ' നായകൻ. ഒടുവിൽ ഒരു മുനമ്പിൽ വിധി തന്നെ കീഴടക്കുമെന്ന് ഉറപ്പായപ്പോഴും സ്വയം താഴ്ചയിലേക്കുചാടി മറ്റുള്ളവരെ തോൽപ്പിക്കുന്നു. ജീവിതം കൈക്കുമ്പിളിലൂടെ ചോർന്നുപോകുന്ന അത്തരം അവസ്ഥകളുടെ സൃഷ്ടിപാടവം മലയാള സിനിമയ്ക്ക് നൽകിയ ഭാഷ്യം മറ്റൊന്നാണ്. 'പുത്തൻ തലമുറപ്പടം' ആഗ്രഹിക്കുന്ന 'നല്ല' വാണിജ്യ സിനിമകൾ എന്ന മധ്യസ്ഥാനം എം.ടി വാസുദേവൻ നായർ നേരത്തെ സ്വന്തമാക്കിയിരുന്നു.



നിർമാല്യം

'മനുഷ്യാവസ്ഥയുടെ വിപ്ലവകരമായ ദുരവസ്ഥ' അങ്ങനെ വേണം അദ്ദേഹം ആദ്യം സംവിധാനം ചെയ്ത *നിർമാല്യ*ത്തെ വിശേഷിപ്പിക്കാൻ. ദേശീയ പുരസ്കാരം ഉൾപ്പെടെ നിരവധി പ്രശംസകൾ പിടിച്ചുപറ്റിയ ചിത്രം പാരമ്പര്യത്തിന്റെ അധികമാരും ചെല്ലാത്ത ഒരിടത്തുനിന്നായിരുന്നു. മലയാളിയുടെ സമർപ്പണ ജീവിതത്തിന്റെ അന്ധതയ്ക്കുനേരെ ഒരാട്ട്. വിധി വേട്ടയാടുന്ന അവസ്ഥ എം.ടിയുടെ പ്രധാന പ്രമേയമായി. നമ്മുടെ ഭൂതകാല സ്മരണകളെ തൊട്ടുണർത്തുന്ന പ്രമേയങ്ങൾ, സംഭാഷണങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവയെല്ലാം സാഹിത്യത്തിലെന്നപോലെ ചലച്ചിത്രത്തിലും എം.ടി. ആവിഷ്കരിച്ചു.

## ഭൂതകാലത്തേക്കുള്ള തിരിച്ചുവരവുകൾ

തിരിച്ചുവരവുകൾ നോവലുകളിലും കഥകളിലുമെന്നപോലെ എം.ടിയുടെ സിനിമയിലുമുണ്ട്. *കാലത്തി*ലെ സേതുമാധവൻ, *നാലുകെട്ടി*ലെ അപ്പുണ്ണി.. അതുപോലെ *പഞ്ചാഗ്നി*യിലെ നായിക ജയിൽ ശിക്ഷയ്ക്കിടയിൽ നാട്ടിലേക്ക് വരുന്നത്, *ആൾക്കൂട്ടത്തിൽ തനിയെ*യിൽ പ്രധാന കഥാപാത്രത്തിന്റെ തിരിച്ചുവരവ്. *ഒരു വടക്കൻ വീരഗാഥ*യിൽ ഭൂതകാലത്തിലേക്ക് ഒരുതവണകൂടി സഞ്ചരിക്കുന്ന ചന്തു, *ആരണ്യക*ത്തിൽ ജന്മി കുടുംബത്തിലേക്ക് അവധിക്കാലത്ത് എത്തുന്ന യുവതി, രോഗാതുരമായ ജീവിതത്തിനുശേഷം കുടുംബത്തിൽ എത്താൻ *സുകൃതം* ലഭിക്കുന്ന രവി അവർക്കെല്ലാം കാഴ്ചകൾ മാറുകയാണ്.

സമൂഹത്തിലായാലും കുടുംബത്തിലായാലും പെണ്ണ് അനുഭവങ്ങൾകൊണ്ട് മൂർച്ചകൂട്ടുന്നത് എത്ര തീഷ്ണമായാണ് എം.ടി. അവതരിപ്പിക്കുന്നത്. *പഞ്ചാഗ്നി*യിലെ പൊള്ളുന്ന വഴിയിലൂടെ അവൾ പാകപ്പെടുകയാണ്. ഒപ്പം രൂപപ്പെടുന്ന ഒരു രാഷ്ട്രീയവും. കുടുംബവും സമൂഹവും തമ്മിലുള്ള വൈരുധ്യങ്ങളിൽ ഇഴചേർന്നുപോകാൻ കൊതിക്കുന്ന മനസ്സ്. എന്നാൽ തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ വിധേയത്വത്തിന്റെ എല്ലാ ചങ്ങലകളും പൊട്ടിച്ചെറിയുന്ന പെൺകോയ്മ. *ആൾക്കൂട്ടത്തിൽ തനിയെ* എന്ന ചിത്രത്തിൽ അമ്മുക്കുട്ടിയും അതുതന്നെയാണ്. സ്നേഹമെന്ന മാരകായുധവുമായി എന്തിനെയും നേരിടാൻ കുടംബത്ത് അവളുണ്ട്. ആരെങ്കിലും പറന്ന് ക്ഷീണിക്കുമ്പോൾ ആ തണലിലേക്ക് വരാൻ അവൾ ക്ഷണിക്കുകയാണ്. എം.ടിയുടെ നായികമാർ പലപ്പോഴും ശക്തമായ ഇറങ്ങിപ്പോക്കിലൂടെയല്ല പുരുഷനെ വിമർശിക്കുന്നത്. മറിച്ച് ചില ചോദ്യങ്ങളിലൂടെയാണ്. മരണം മുഖത്ത് എത്തിയപ്പോൾ രവി ഭാര്യയെ സുരക്ഷിതയാക്കാൻ മറ്റൊരാളിലേക്ക് നയിക്കുന്നുണ്ട്. പിന്നീട് അതെല്ലാം അയാൾ മറക്കുമ്പോൾ ഭാര്യയുടെ ഓർമപ്പെടുത്തലുകൾ അയാളെ പരാജിതനാക്കുകയാണ്. *പരിണയ*ത്തിലെ ആഢ്യരോടുള്ള ചോദ്യങ്ങൾ *വൈശാലി*യിൽ ദേവദാസിക്കുമുന്നിൽ തലകുനിച്ചു നിൽക്കുന്ന രാജാവ് ഇതൊക്കെ എംടി സിനിമകയിലെ ശക്തമായ സ്ത്രീകഥാപാത്ര ചിത്രീകരണത്തിന് തെളിവുകളാണ്.

## ശില്പഭംഗിയിലെ വ്യത്യസ്തത

ദേശീയ-സംസ്ഥാന ചലച്ചിത്ര ബഹുമതികൾ നിരവധി തവണ എം.ടിയെ തേടിയെത്തിയിട്ടുണ്ട്. സാഹിത്യമണ്ഡലത്തിലെ അത്രയും സ്ഥാനം സിനിമാലോകവും അദ്ദേഹത്തിന് നൽകി. ശില്പഭംഗിയിലെ വ്യത്യസ്തതയാണ് ഈ തിരക്കഥകളുടെ ആകർഷണീയത. ചരിത്രവും ഐതിഹ്യവുമെല്ലാം വഴിമാറി ഒഴുകുമ്പോൾ, ഇങ്ങനെയും ആകാമെന്ന ചിന്ത എത്ര മൗലികമായാണ് മുന്നിൽ തെളിയുന്നത്. *രണ്ടാമൂഴം* എന്ന നോവലിന്റെ വീക്ഷണവിശേഷം തന്നെയാണ് *പെരുന്തച്ചൻ, വടക്കൻ വീരഗാഥ, വൈശാലി* തുടങ്ങിയ ചിത്രങ്ങളുടെയും പുതുമ.

*താഴ്‌വാര*ത്തിന്റെ തിരക്കഥ ലോകക്ലാസിക്കുകൾക്കൊപ്പമെത്തുന്നു. ഇരയും വേട്ടക്കാരനും ഒരു വളപ്പിൽ, ഒരു താത്കാലിക സൗഹൃദ ഉടമ്പടി അഭിനയിച്ച് ജീവിക്കുക. എന്തൊരു കഥാമുഹൂർത്തമാണത്. ആരാണ് ഇര എന്നതാണ് പ്രശ്നം. മനുഷ്യാവസ്ഥയുടെ തീവ്രഭാവങ്ങൾ ഇഴചേർന്ന ചിത്രം. ഒളിഞ്ഞിരിക്കുന്നവരുടെ ഭയപ്പാട് ഇതിൽ നിറഞ്ഞു നിൽക്കുന്നു. *സുകൃത*ത്തിലെ



താഴ്‌വാരം

രവിയുടെ കഥയ്ക്ക് മറ്റൊരു പിരിമുറുക്കമാണ്. അയാൾ എല്ലാവരുടെയും സ്നേഹപാത്രമായിരുന്നു ബുദ്ധിജീവിയായിരുന്നു. പിന്നീട് എപ്പോഴോ രോഗിയായി മരണമുഖത്ത് എത്തിയ അയാളെ ആശ്വസിപ്പിക്കാൻ എല്ലാവരുമുണ്ടായി. പെട്ടന്നായിരുന്നു രോഗം ഭേദപ്പെട്ട് രവിയുടെ തിരിച്ചുവരവ്. ഒഴിവാക്കാൻ ആഗ്രഹിച്ച ഒരാളുടെ വരവ്. ആരുമത് ഇഷ്ടപ്പെട്ടില്ല. ആ സത്യം തിരിച്ചറിയുന്നതോടെ ഈ ലോകത്തുനിന്ന് അയാൾ സ്വയം ഒഴിവാകുകയായിരുന്നു. രോഗവേളകളിൽ, മരണവീട്ടിൽ ഒക്ക സഹതപിക്കുന്നവരിൽ ഒളിഞ്ഞിരിക്കുന്ന 'ഹിപ്പോക്രസി' സിനിമയിൽ കാണുമ്പോൾ നമ്മളൊക്കെ എത്രപെട്ടെന്നാണ് താദാത്മ്യം പ്രാപിക്കുന്നത്.

## മധ്യവർഗത്തിന്റെ അകംനീറ്റലുകൾ

മധ്യവർഗത്തിന്റെ അകം നീറ്റലുകൾ എഴുത്തിലെന്നപോല സിനിമയിലേക്കും സന്നിവേശിപ്പിക്കാനുള്ള മികവ് ഏറെയാണ്. *ബന്ധനം, എന്ന് സ്വന്തം ജാനകിക്കുട്ടി, തീർഥാടനം, ഒരു ചെറുപുഞ്ചിരി* അങ്ങനെ വിങ്ങുന്ന കഥാപാത്രപരമ്പര. ആരും കരഞ്ഞുതീരുന്നില്ല. എല്ലാവരിലും കാലം വീഴ്ത്തിയ വിഷാദഛായ മാത്രം. കൺമുന്നിലൂടെ എത്രപെട്ടെന്നാണ് അവരെല്ലാം കടന്നുപോകുന്നതെന്ന് നമുക്കും അവർക്കും തോന്നും. മാറ്റങ്ങൾ ശീഘ്രമാണ്. എന്നാൽ  ഭൂതകാലം എംടി കഥാപാത്രങ്ങളെ പലപ്പോഴും പുറകോട്ടുപിടിച്ചു വലിക്കുന്നുണ്ട്. പിന്നിലേക്കു നോക്കി നഷ്ടപ്പെട്ട നല്ലനാളുകളുടെ കുഴിമാടത്തിനു മുന്നിൽ പുഷ്പാർച്ചന ചെയ്യുന്നവർ. *നിർമാല്യ*ത്തിന്റെ റിയലിസ്റ്റിക് ചിത്രീകരണത്തിൽനിന്ന് കാലത്തിന്റെ ഒഴുക്കിൽ ഉഴലുന്ന കടവിലേക്ക് നീളുന്ന സംവിധാന ദർശനവും സവിശേഷമാണ്.

മനുഷ്യബന്ധങ്ങളിലെ നിർണായക നിമിഷങ്ങളെ കണ്ടറിയാനുള്ള വൈഭവം തിരക്കഥയിലെ അച്ചടക്കം പുരാവൃത്തങ്ങളെ വഴിതിരിച്ചുവിടാനുള്ള മികവ്. ഇതെല്ലാം എംടിയുടെ തിരക്കഥകളിൽ ഒത്തിണങ്ങിയിരിക്കുന്നു. ■



പെരുന്തച്ചൻ

■ അഷ്റഫ് കാവിൽ



# വരുന്നു
# വയോധികരുടെ ലോകം

ഫോട്ടോ : സി.എസ്. രവികുമാർ ഐ&പി.ആർ.ഡി



**2011 ലെ ജനസംഖ്യാ കണക്കെടുപ്പു പ്രകാരം കേരളത്തിൽ 60 വയസ്സ് കഴിഞ്ഞാൽ 40.2 ലക്ഷം പേരുണ്ട്. ഇത് ആകെ ജനസംഖ്യയുടെ 12.5 ശതമാനം വരും. 2016 ൽ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 40 ശതമാനം വയോജനങ്ങളായിരിക്കുമെന്നാണ് കണക്കാക്കുന്നത്.**

വീണ്ടും ഒരു വയോജനദിനം കൂടി. പ്രായമായവരുടെ അവകാശങ്ങളിലേക്കും പ്രശ്നങ്ങളിലേക്കും സമൂഹത്തിന്റെ ശ്രദ്ധക്ഷണിക്കുകയാണ് ദിനാചരണത്തിന്റെ മുഖ്യ ലക്ഷ്യം. 'ആരെയും പിന്നിലാക്കാത്ത, എല്ലാവർക്കും യോജിച്ച സമൂഹം' സൃഷ്ടിക്കണമെന്നതാണ്, ഐക്യരാഷ്ട്രസഭയുടെ ഈ വർഷത്തെ വയോജനദിന സന്ദേശം. ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ, 1982 വിയന്നയിൽ ചേർന്ന ലോക വയോജനഅസംബ്ലിയിൽ, വയോജനങ്ങൾക്കായുള്ള 'വിയന്ന അന്താരാഷ്ട്ര കർമപദ്ധതി' രൂപം കൊടുത്തിട്ടുണ്ട്. ഈ കർമപദ്ധതിയിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, എല്ലാ വർഷവും ഒക്ടോബർ ഒന്ന് അന്താരാഷ്ട്ര വയോജന ദിനമായി ആചരിക്കുന്നതിന്, 1990 ഡിസംബർ 14 ന് ഐക്യരാഷ്ട്രസഭ തീരുമാനിച്ചു. തുടർന്ന് 1991 മുതൽ ഒക്ടോബർ ഒന്ന് ലോകവയോജനദിനമായി ആചരിക്കുകയാണ്.

ഐക്യരാഷ്ട്രസഭയുടെ 'ഗ്ലോബൽ ഏജ് വാച്ചിങ് ഇൻഡക്സ്-2013' റിപ്പോർട്ട് പ്രകാരം ലോകത്ത് 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ എണ്ണം 81 കോടിയാണ്. 2050 ആകുന്നതോടെ ഇത് 200 കോടിയാകുമെന്നാണ് കണക്ക്. അന്ന് ലോകത്തെ അഞ്ചിലൊരാൾ വയോധികനായിരിക്കും, ഇത് അന്നത്തെ കുട്ടികളുടെ എണ്ണത്തേക്കാൾ ഇരട്ടിയായിരിക്കും. അതായത് കുട്ടികളേക്കാൾ കൂടുതൽ വയോജനങ്ങളുള്ള ഒരു ലോകമാണ് സമീപഭാവിയിൽ വരാനിരിക്കുന്നത് എന്നർഥം! ഇന്ത്യയിലും വൃദ്ധരുടെ എണ്ണം അതിവേഗത്തിൽ വർധിക്കുകയാണ്. യു.എൻ. പോപ്പുലേഷൻ ഫണ്ട് ഏജൻസിയുടെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലും വൃദ്ധജനസംഖ്യ ഒൻപതു കോടിയാണ്. 2050 ൽ ഇത് 31.5 കോടിയായി ഉയരുന്നതോടെ, വൃദ്ധജനസംഖ്യയിൽ ഇന്ത്യ ചൈനയുടെ മുന്നിലെത്തുമെന്നാണ് കണക്കാക്കുന്നത്. തിരുവനന്തപുരം ആസ്ഥാനമായുള്ള പോപ്പുലേഷൻ റിസർച്ച് സെന്ററിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവുമധികം വൃദ്ധരും വൃദ്ധസദനങ്ങളുമുള്ള സംസ്ഥാനം കേരളമാണ്. 2011 ലെ ജനസംഖ്യാ കണക്കെടുപ്പു പ്രകാരം കേരളത്തിൽ 60 വയസ്സ് കഴിഞ്ഞാൽ 40.2 ലക്ഷം പേരുണ്ട്. ഇത് ആകെ ജനസംഖ്യയുടെ 12.5 ശതമാനം വരും. 2016 ൽ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 40 ശതമാനം വയോജനങ്ങളായിരിക്കുമെന്നാണ് കണക്കാക്കുന്നത്.

### പോറ്റിവളർത്തിയവർ കാലിത്തൊഴുത്തിൽ

വൃദ്ധജനസംഖ്യ വർധിക്കുന്നതിനനുസരിച്ച് വയോജനസമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളും വർധിക്കുകയാണ്. സ്വന്തം കുടുംബത്തിൽപ്പോലും അവർ സുരക്ഷിതരല്ലെന്ന് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നു. സാക്ഷരതയിലും പ്രബുദ്ധതയിലും മുന്നിലെന്നവകാശപ്പെടുന്ന കേരളത്തിൽപ്പോലും അതിക്രൂരമായ പീഡനങ്ങളാണ് പ്രായമായവർക്കുനേരെ വർധിച്ചുവരുന്നത്. വയസ്സായ മാതാപിതാക്കളെ കന്നുകാലികൾക്കൊപ്പം തൊഴുത്തിൽ കെട്ടാൻപോലും മടിയില്ലാത്തവരായി മലയാളികൾ മാറിക്കഴിഞ്ഞു. മക്കൾ കൈവിട്ട്, വീടിന് പിറകിലെ തൊഴുത്തിൽ രണ്ടു വർഷത്തോളം നരകയാതന അനുഭവിച്ച വള്ളിക്കുട്ടി എന്ന 107 വയസ്സുള്ള ഒരമ്മയുടെ ദുരിതകഥ ഈയിടെ സമൂഹമനഃസാക്ഷിയെ നടുക്കുകയുണ്ടായി. 'ഹെൽപ്പേജ് ഇന്ത്യ' എന്ന സംഘടനയുടെ പഠനറിപ്പോർട്ട് പ്രകാരം, പ്രായമായവരിൽ 39 ശതമാനം പേർ ശാരീരികവും 76 ശതമാനം പേർ മാനസികവുമായ പീഡനങ്ങൾക്ക് ഇരകളാകുന്നുണ്ട്. മലയാളിയുടെ സാമൂഹികബോധത്തിനും സാംസ്കാരിക മൂല്യങ്ങൾക്കും അകാലനരയും ചുളിവും ബാധിച്ചുകഴിഞ്ഞെന്നാണ് ഇത്തരം സംഭവങ്ങളും കണക്കുകളും തെളിയിക്കുന്നത്. കുടുംബാംഗങ്ങളുടെ പീഡനങ്ങളിൽ നിന്ന് രക്ഷനേടുന്നതിന് വൃദ്ധമന്ദിരങ്ങളിൽ അഭയം തേടുന്ന വയോജനങ്ങളുടെ എണ്ണം കൂടിവരികയാണ്. പുതുതലമുറയുടെ ജീവിതസാഹചര്യങ്ങളിൽ വന്ന മാറ്റവും, സ്വാർഥ ചിന്താഗതിമൂലം പ്രായമായവരെ വൃദ്ധസദനങ്ങളിൽ തള്ളി ചുമതല തീർക്കുന്ന ശീലവും വ്യാപകമായിരിക്കുന്നു. തത്ഫലമായി നമ്മുടെ സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ കൂണുകൾപോലെ മുളച്ചുപൊന്തുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വൃദ്ധസദനങ്ങൾ ഉള്ള സംസ്ഥാനമാണ് ഇന്ന് കേരളം. സംസ്ഥാനത്തെ 533 വൃദ്ധമന്ദിരങ്ങളിലായി 21457 വയോജനങ്ങളുണ്ടെന്ന് നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ഏറ്റവും പുതിയ കണക്കുകൾ പറയുന്നു.

പീഡനങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും രക്ഷനേടുന്നതിന്, തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് വയോജനങ്ങൾ ബോധവാന്മാരാകേണ്ടതുണ്ട്. വൃദ്ധജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള തത്ത്വ

ങ്ങൾ 1991 ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി അംഗീകരിച്ചിട്ടുണ്ട്. വാർധക്യത്തെ സംബന്ധിച്ച രണ്ടാമത് ലോക അസംബ്ലി 2002 ൽ മാഡ്രിഡിൽ ചേർന്ന് 'മാഡ്രിഡ് അന്താരാഷ്ട്ര വയോജന കർമ പദ്ധതി' ആവിഷ്കരിച്ചു. പ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം, അവഗണന, പീഡനം എന്നിവ തടയണമെന്ന് ഈ കർമപദ്ധതി പ്രഖ്യാപിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി അംഗീകരിച്ച മാഡ്രിഡ് കർമപദ്ധതി പ്രകാരം, ശാരീരികവും മാനസികവുമായ ആരോഗ്യം, തൊഴിലവസരങ്ങൾ, വിവേചനങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും സംരക്ഷണം, നിയമത്തിനു മുന്നിൽ തുല്യത എന്നിവ ലഭിക്കേണ്ടത് വയോജനങ്ങളുടെ അവകാശമാണ്. മെച്ചപ്പെട്ട ജീവിതനിലവാരം, സർവരംഗത്തും പങ്കാളിത്തം, തുല്യ അവസരങ്ങൾ, തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കാളിത്തം എന്നീ അവകാശങ്ങളും പ്രായമായവർക്കു ലഭിക്കേണ്ടതുണ്ട്.

> നയങ്ങളും നിയമങ്ങളും കൊണ്ടുമാത്രം പരിഹരിക്കാവുന്നതല്ല വയോജനങ്ങളുടെ പ്രശ്നങ്ങൾ. വയോജനങ്ങളെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള ആത്മാർഥമായ ഒരു മാനസികാവസ്ഥ ഓരോ വ്യക്തിയിലും ഉണ്ടാകേണ്ടതുണ്ട്. പ്രായമായവർക്ക് സ്നേഹവും സാന്ത്വനവും നൽകാൻ കുടുംബാംഗങ്ങൾ തയാറാകണം



## വാർധക്യം സ്വന്തം വീട്ടിൽ

ഇന്ത്യൻ ഭരണഘടനയുടെ നിർദേശക തത്വത്തിലെ ആർട്ടിക്കിൾ 41 പ്രകാരം, വയോജനങ്ങൾക്ക് സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് സംസ്ഥാനത്തിന്റെ ബാധ്യതയാണ്. വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരെ ചൂഷണത്തിൽ നിന്നും പീഡനങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും ലക്ഷ്യമാക്കി 2007 ലെ 'മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ജീവനാംശത്തിനും ക്ഷേമത്തിനുമുള്ള നിയമം' രാജ്യത്ത് പ്രാബല്യത്തിലുണ്ട്. ഈ നിയമപ്രകാരം മാതാപിതാക്കൾക്കും, 60 വയസ്സ് തികഞ്ഞ മുതിർന്ന പൗരന്മാർക്കും സംരക്ഷിക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്ന് 'ജീവനാംശം' ലഭിക്കാനുള്ള അവകാശമുണ്ട്. 'ജീവനാംശം' എന്നതിൽ പണം മാത്രമല്ല, മറിച്ച് ആഹാരം, വസ്ത്രം, താമസസൗകര്യം, ചികിത്സ തുടങ്ങി വാർധക്യകാലത്ത് ഒരാൾക്കു വേണ്ട എല്ലാ സൗകര്യങ്ങളും ഉൾപ്പെടും. ശരിയായ പരിപാലനം, വിനോദം, വിശ്രമം എന്നിവ വാർധക്യകാലത്ത് ലഭിക്കേണ്ടത് നിയമപ്രകാരം ഏതൊരു വ്യക്തിയുടെയും അവകാശമാണ്. മെയിന്റനൻസ് ട്രിബ്യൂണൽ വിധിക്കുന്ന ജീവനാംശത്തുക യഥാസമയം നൽകാത്തപക്ഷം, എതിർകക്ഷികൾ തടവുശിക്ഷ അനുഭവിക്കേണ്ടിവരും. പ്രായമായ മാതാപിതാക്കളുടെ സ്വത്ത് കൈവശപ്പെടുത്തിയശേഷം മക്കൾ അവരെ സംരക്ഷിക്കുന്നില്ലെങ്കിൽ, പ്രസ്തുത ആധാരം അസാധുവാക്കി പ്രഖ്യാപിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. വൃദ്ധരായ മാതാപിതാക്കളെ ഉപേക്ഷിച്ച് കടന്നുകളയുന്ന മക്കൾക്ക് മൂന്നു മാസം തടവോ 5000 രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ നൽകാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. കേരള സർക്കാർ രൂപം നൽകിയ 'മുതിർന്ന പൗരന്മാരുടെ സംസ്ഥാന നയ'ത്തിലും 60 വയസ്സ് തികഞ്ഞവരുടെ സംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കി, നിരവധി നിർദേശങ്ങളുണ്ട്. 'വാർധക്യ കാലം സ്വന്തം വീട്ടിൽ' എന്ന സന്ദേശമാണ് നയം മുന്നോട്ടു വെക്കുന്നത്. മറ്റു മാർഗങ്ങളൊന്നും ഇല്ലാതെവരുമ്പോൾ മാത്രമെ, ഒരാളെ വൃദ്ധസദനത്തിലേക്ക് അയയ്ക്കാവൂ എന്ന് നിർദേശിക്കുന്നു.

എന്നാൽ നയങ്ങളും നിയമങ്ങളും കൊണ്ടുമാത്രം പരിഹരിക്കാവുന്നതല്ല വയോജനങ്ങളുടെ പ്രശ്നങ്ങൾ. വയോജനങ്ങളെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള ആത്മാർഥമായ ഒരു മാനസികാവസ്ഥ ഓരോ വ്യക്തിയിലും ഉണ്ടാകേണ്ടതുണ്ട്. പ്രായമായവർക്ക് സ്നേഹവും സാന്ത്വനവും നൽകാൻ കുടുംബാംഗങ്ങൾ തയാറാകണം. വയോധികരെ സ്നേഹിക്കാനും അവരോട് മാന്യമായി പെരുമാറാനുമുള്ള ധാർമികമായ സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും കഴിയണം. ഒരായുസ്സ് മുഴുവൻ മക്കൾക്കോ ബന്ധുക്കൾക്കോ വേണ്ടി കഷ്ടപ്പെട്ട് ഒടുവിൽ ജീവിതസായാഹ്നത്തിൽ എത്തിനിൽക്കുന്നവരെ സഹായിക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ കടമയും കടപ്പാടുമാണ്. ഈ കടമ നിറവേറ്റുന്നതിന്, മനുഷ്യബന്ധങ്ങൾക്ക് വിലകല്പിക്കുന്ന, ധാർമികവും സാംസ്കാരികവുമായ ജീവിതമൂല്യങ്ങൾ വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും പുലരേണ്ടതുണ്ട്.

കേരളത്തിൽ വയോജനസംഖ്യ അനുദിനം വർധിച്ചുവരികയാണ്. അതുകൊണ്ടുതന്നെ, നിലവിലുള്ള വയോജനക്ഷേമ പദ്ധതികളും നിയമങ്ങളും നയങ്ങളും ഫലപ്രദമായി പ്രാവർത്തികമാക്കേണ്ടതുണ്ട്. ഒപ്പം, വർധിച്ചുവരുന്ന വൃദ്ധരുടെ സവിശേഷമായ പ്രശ്നങ്ങൾ പഠിച്ച്, നൂതനമായ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുമുണ്ട്. ലോകവൃദ്ധദിനാചരണവേളകളിൽ മാത്രം ഓർക്കുന്ന 'കൗതുകജീവികളാ'യി വയോജനങ്ങളെ നമുക്ക് മാറ്റാതിരിക്കാം. ഈ വർഷത്തെ വയോജനദിന സന്ദേശത്തിൽ ഐക്യരാഷ്ട്രസംഘടന പ്രത്യാശിക്കുന്നതുപോലെ, ആരെയും പിന്നിലാക്കാത്ത, എല്ലാ പ്രായക്കാരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹം യാഥാർഥ്യമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ■

■ കെ. പ്രദീപൻ



കൊയിലാണ്ടി മേൽപ്പാലം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

# വടകരയിലെ ഗതാഗതവിപ്ലവം

കാര്യക്ഷമമായ പൊതുഗതാഗത സംവിധാനവും ഗതാഗതരംഗത്തെ അടിസ്ഥാനസൗകര്യ വികസനവും ഇന്ന് ഏറെക്കുറെ ചർച്ചചെയ്യപ്പെടുന്നുണ്ട്. ഈ രംഗത്ത് ദീർഘവീക്ഷണത്തോടുകൂടിയുള്ള ആസൂത്രണമാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്. വടകര ലോക്സഭാ മണ്ഡലത്തിൽ ഗതാഗതരംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ മാതൃകാപരമായ ആസൂത്രണത്തിന്റെ ഫലപ്രാപ്തിയിലേക്ക് വിരൽ ചൂണ്ടുന്നു. അഞ്ചു വർഷം മുമ്പ് വിഷൻ വടകര-2025 എന്ന പേരിൽ വടകര പാർലമെന്റംഗവും അന്നത്തെ കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുമായ മുല്ലപ്പള്ളി രാമചന്ദ്രൻ സംഘടിപ്പിച്ച വികസന സെമിനാർ ഏറെ ശ്രദ്ധേയമായിരുന്നു. വടകരയിലെ ഗതാഗതസംവിധാനത്തിന്റെ സാധ്യതകളും പരിമിതികളും പരിശോധിച്ച് സെമിനാറിൽ തയാറാക്കിയ രൂപരേഖ വടകരയുടെ ഗതാഗതവികസനത്തിന്റെ നാഴികക്കല്ലായി മാറുകയായിരുന്നു.

## റെയിൽവേ ഗേറ്റിലെ കുരുക്കഴിക്കാൻ മേൽപ്പാലം

വടകര നിയോജകമണ്ഡലത്തിൽ തലശ്ശേരി മുതൽ കോരപ്പുഴ വരെയുള്ള ദേശീയപാതയിൽ റെയിൽവെ ഗേറ്റുകളുണ്ടാക്കുന്ന ഗതാഗതക്കുരുക്ക് ഉത്തരമലബാറിന്റെ വികസനവുമായി ബന്ധപ്പെട്ട ചർച്ചകളിലെല്ലാം പ്രധാന അജണ്ടയായിരുന്നു. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ദേശീയപാതയിൽ സ്ഥാപിക്കപ്പെട്ട വെങ്ങളം, ചെങ്ങോട്ടുകാവ്, നന്തി, ചോറോട് മേൽപ്പാലങ്ങൾ ദേശീയപാതയിലെ റെയിൽവേ ഗേറ്റുമൂലമുള്ള ഗതാഗതക്കുരുക്ക് അഴിക്കുകയായിരുന്നു. വിഷൻ വടകര 2025 വികസന സെമിനാർ നടക്കുമ്പോൾ ദേശീയപാതയിലെ മേൽപ്പറഞ്ഞ മേൽപ്പാലങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനോടൊപ്പം ദേശീയപാതയോട് ചേർന്നുകിടക്കുന്ന സംസ്ഥാന ഹൈവേകൾ ഉൾപ്പെടെയുള്ള പ്രധാന നിരത്തുകളിലെ റെയിൽവേ ഗേറ്റുമൂലമുള്ള ഗതാഗത തടസ്സം ഒഴിവാക്കുന്നതിനുള്ള പ്രൊജക്ടുകളാണ് ചർച്ചചെയ്യപ്പെട്ടത്. കേരളത്തിൽ വേമ്പനാട് പാലം കഴിഞ്ഞാൽ ഏറ്റവും വലിയ റെയിൽവേ മേൽപ്പാലം എന്നു വിശേഷിപ്പിക്കാവുന്ന കൊയിലാണ്ടി മേൽപ്പാലം കഴിഞ്ഞ വർഷം ഗതാഗതത്തിന് തുറന്നു കൊടുത്തതോടെ, നഗരത്തിൽ ദീർഘകാലമായി അനുഭവപ്പെടുന്ന ഗതാഗത തടസ്സമാണ് പരിഹരിക്കപ്പെട്ടത്.

2014 ജൂലൈ അഞ്ചിന് വടകര-കൈനാട്ടി മേൽപ്പാലം കൂടി ഗതാഗതത്തിന് തുറന്നുകൊടുത്തിരിക്കുകയാണ്. 17 കോടി രൂപ ചെലവിൽ റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപറേഷനാണ് പാലത്തിന്റെ നിർമാണം പൂർത്തിയാക്കിയത്. സാങ്കേതികത്വത്തിൽ കുരുങ്ങി ഇഴഞ്ഞു നീങ്ങിയ മേൽപ്പാലത്തിന്റെ നിർമാണം ത്വരിതപ്പെടുത്താൻ സ്ഥലം എം.പിയായ മുല്ലപ്പള്ളി രാമചന്ദ്രൻ നിര



കൈനാട്ടിപാലം പൊതുമരമാത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് ഉദ്ഘാടനം ചെയ്യുന്നു

ന്തരം നടത്തിയ നേതൃത്വപരമായ പ്രവർത്തനം തന്നെയാണ് കൈനാട്ടി മേൽപ്പാലത്തിന്റെ പൂർത്തീകരണത്തിന് വഴിതെളിച്ചത്. കുഞ്ഞിപ്പള്ളിയിൽ മേൽപ്പാലത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2015 ഓടെ ഈ മേൽപ്പാലവും ഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തലശ്ശേരി കൊടുവള്ളി മേൽപ്പാലത്തിന് ഈ സാമ്പത്തിക വർഷത്തിൽ പ്രവർത്തനാനുമതി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൊയിലാണ്ടിയിലെ കൊല്ലം റോഡ്, മുചുകുന്ന് റോഡ്, വടകരയിലെ കോട്ടക്കടവ്, തലശ്ശേരിയിലെ പുന്നോൽ റോഡ് എന്നിവയും സെമിനാറിന്റെ ഭാഗമായി ഉന്നയിക്കപ്പെട്ട മേൽപ്പാലങ്ങളിൽ ചിലതാണ്.

## അണ്ടർ പാസുകൾ

മേൽപ്പാലത്തോടൊപ്പം സെമിനാറിൽ ആവശ്യമുയർന്ന രണ്ട് അണ്ടർ പാസുകൾ ഒഞ്ചിയത്തും കൊയിലാണ്ടി ബച്ചൻകാടുമാണ്. ഒഞ്ചിയം നിവാസികളുടെ ദീർഘകാല അവശ്യമായ അണ്ടർ പാസിന് ഒരു കോടിയോളം രൂപയാണ് ചെലവ് കണക്കാക്കിയത്. മുല്ലപ്പള്ളി രാമചന്ദ്രന്റെ എംപി ഫണ്ടിൽ നിന്നുള്ള 50 ലക്ഷവും എം.പിമാരായ പി. രാജീവും എം.പി. അച്യുതനും ചേർന്ന് അനുവദിച്ച 50 ലക്ഷം രൂപയും ലഭ്യമായതോടെ ഒഞ്ചിയം അണ്ടർ ബ്രിഡ്ജും നിർമാണ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു.

കൊയിലാണ്ടി ബച്ചൻകാട് അണ്ടർ പാസ് സർക്കാർ ഏറ്റെടുക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഉറപ്പ് ഈ മേഖലയിലും പ്രതീക്ഷ നൽകുന്നതാണ്.

## പുഴയ്ക്ക് കുറുകെ പാലങ്ങൾ

വടകര നിയോജകമണ്ഡലത്തിനകത്ത് സുഗമമായ അഭ്യന്തര ഗതാഗതം സാധ്യമാക്കുന്നതിനുവേണ്ടി പുഴയ്ക്കു കുറുകെയുള്ള അഞ്ചോളം പാലങ്ങൾ ഇനിയും അടിയന്തരമായി ആവശ്യമായിട്ടുണ്ട്. ചേമഞ്ചേരി, അത്തോളി പഞ്ചായത്തുകളെ ബന്ധിപ്പിച്ച കുനിയിൽ കടവ് പാലം, കൊയിലാണ്ടി മുനിസിപ്പാലിറ്റി, കീഴരിയൂർ പഞ്ചായത്തുകളെ ബന്ധിപ്പിച്ച നെല്ല്യാടി കടവ് പാലം പോലെതന്നെ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് സെമിനാറിൽ ഉന്നയിക്കപ്പെട്ട പുതിയ അഞ്ചു പാലങ്ങൾ.

## ഉള്ളൂർകടവ് പാലം

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചെങ്ങോട്ടുകാവ്, ഉള്ള്യേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലത്തിന്റെ ഒൻപതു കോടിയോളം രൂപ ചെലവു വരുന്ന പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഏറെക്കാലമായി തടസ്സപ്പെട്ടിരുന്ന സ്ഥലമെടുപ്പ് നടപടികൾ കൂടി അന്തിമഘട്ടത്തിലെത്തിയതോടെ ഉള്ളൂർക്കടവ് പാലം യാഥാർഥ്യത്തിലേക്ക് അടുക്കുകയാണ്.

## മമ്പാട്ടിൽ റിവർ കം ബ്രിഡ്ജ്

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കൂത്താളി പഞ്ചായത്തിലെ മമ്പാട്ടിൽ റിവർ കം ബ്രിഡ്ജ് മുല്ലപ്പള്ളി രാമചന്ദ്രന്റെ ശ്രമ



മാഹി കനാൽ

ഫലമായി നബാർഡിനെക്കൊണ്ട് ഏറ്റെടുപ്പിക്കാനും നിർമാണ പ്രവർത്തികൾക്ക് തുടക്കമിടാനും കഴിഞ്ഞിട്ടുണ്ട്. ഒരു കോടി 67 ലക്ഷം രൂപയാണ് പാലത്തിന്റെ നിർമാണ ചെലവ്.

### പന്നിക്കോട്ടൂർ പാലം

ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ പണിക്കോട്ടൂർ കോളനിയിലെ ആദിവാസികൾ അടക്കമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് ടൗണിലെത്തിപ്പെടാനുള്ള ഏക ആശ്രയമാണ് മൂത്താട്ട് പുഴയ്ക്കു കുറുകെയുള്ള പാലം. ദീർഘകാലമായുള്ള ഈ ആവശ്യം പൂർത്തിയാക്കുന്നത് എം.പി. ഫണ്ടിൽ നിന്നുള്ള ഒരു കോടി രൂപ ഉപയോഗിച്ചാണ്.

### ചേടിയാലക്കടവ് പാലം

നാദാപുരം നിയോജകമണ്ഡലത്തിൽ ചെക്യാട്-തൂണേരി പഞ്ചായത്തുകളെ ബന്ധിപ്പിച്ച് മയ്യഴിപ്പുഴയ്ക്കു കുറുകെ ചേടിയാലക്കടവ് പാലം നിർമിക്കുന്നതിനുവേണ്ടി 8.20 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ചെക്യാട് പുതിയ ബി.എസ്.എഫ്. പരിശീലനകേന്ദ്രം കൂടി സ്ഥാപിതമായതോടെ, ഈ പാലത്തിന്റെ ആവശ്യകത ഒന്നുകൂടി വർധിച്ചിരിക്കുകയാണ്.

### മണിയൂർത്തുരുത്ത് പാലം

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിനെയും കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി ഗ്രമപഞ്ചായത്തിനെയും ബന്ധിപ്പിച്ചികൊണ്ടുള്ള പാലവും വടകരയുടെ പ്രധാന ആവശ്യങ്ങളിലൊന്നായി മാറിയിട്ടുണ്ട്.

### കനാൽ പാലങ്ങൾ

വടകര നിയോജകമണ്ഡലത്തിന്റെ മൂന്നിലൊരു ഭാഗം പ്രദേശത്തുകൂടി കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകൾല കടന്നുപോകുന്നതിനാൽ ഗ്രാമീണ കനാൽ പാലങ്ങൾ വടകരയുടെ ഒഴിച്ചുകൂടാത്ത ഗതാഗത ആവശ്യമാണ്. ഇതു പരിഹരിക്കുന്നതിനുവേണ്ടി എം.പി. ഫണ്ടിൽ നിന്ന് രണ്ടു കോടി രൂപ ചെലവഴിച്ച് 20 ൽ അധികം കനാൽ പാലങ്ങൾ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നിർമിച്ചിട്ടുണ്ട്.

### ഗ്രാമീണ റോഡുകൾ

മണ്ഡലത്തിലെ പ്രധാന സംസ്ഥാന പാതകളുടെ നവീകരണത്തിനുവേണ്ടി സെൻട്രൽ റൂറൽ ഫണ്ടിൽ നിന്ന് 37 കോടി രൂപയാണ് അഞ്ചു വർഷത്തിനുള്ളിൽ വടകരയിൽ ലഭിച്ചത്. ഗ്രാമീണ റോഡുകളുടെ നിർമാണത്തിന് എം.പി. ഫണ്ടിനോടൊപ്പം പി.എം.ജി.എസ്. പദ്ധതിയും വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതിയും പ്രയോജനപ്പെടുത്തിയപ്പോൾ നിരവധി തീരദേശ റോഡുകളുടെ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലൂടെ പൂർത്തിയാക്കാനും കഴിഞ്ഞിട്ടുണ്ട്.

### തലശ്ശേരി-മാഹി ബൈപ്പാസ്

1987 ൽ കേന്ദ്ര സർക്കാർ അനുമതി നൽകിയ തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമാണ പ്രവൃത്തിയുടെ കുരുക്കഴിയുന്നതും മലബാറിന്റെ വികസനത്തിലെ നാഴികക്കല്ലാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എൻ.എച്ച്.ഡി.ഡി. മൂന്നാം ഘട്ട പദ്ധതി നിർവഹണത്തിൽപ്പെടുന്ന ബൈപ്പാസാണിത്. കണ്ണൂർ ജില്ലയിൽപ്പെടുന്ന 10 കിലോമീറ്റർ ദൂരം സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ സർവേ ജോലികൾ പൂർത്തിയായിക്കഴിഞ്ഞു. പോണ്ടിച്ചേരിയിൽപ്പെട്ട സ്ഥലത്തിന്റെ അക്വിസിഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

### വടകര-മാഹി കനാൽ

ആഭ്യന്തര ജലഗതാഗത രംഗത്ത് വടകര തുടങ്ങിയ കുതിച്ചുചാട്ടമാണ് വടകര-മാഹി കനാൽ നിർമാണം. നാലു വ്യാഴവട്ടക്കാലം ഫയലുകളിൽ ഉറങ്ങിയ പ്രൊജക്റ്റിന് ജീവൻ വെച്ചത് വിഷൻ വടകര 2025 സെമിനാറിലൂടെയാണ്. വടകര അസംബ്ലി നിയോജകമണ്ഡലത്തിലെ അഴിയൂർ, ഏറാമല, നാദാപുരം നിയോജകമണ്ഡലത്തിലെ എടച്ചേരി, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പുറമേരി, വില്ല്യാപ്പള്ളി, തിരുവള്ളൂർ, മണിയൂർ എന്നീ പഞ്ചായത്തുകളിലൂടെ 17.4 കിലോമീറ്റർ ദൂരം കടന്നുപോകുന്ന ദീർഘമായ ജലഗതാഗതപാതയുടെ നിർമാണം പുരോഗമിക്കുകയാണ്.

ഈ ജലപാത അഞ്ചു ഘട്ടങ്ങളിലായാണ് പണി പൂർത്തീകരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 21.5 കോടി രൂപുയും രണ്ടാം ഘട്ടത്തിൽ 22.5 കോടി രൂപയും മൂന്നാം ഘട്ടത്തിൽ 27.9 കോടി രൂപയും നാലാംഘട്ടത്തിൽ 19 കോടി രൂപയുമടക്കം 90 കോടിയിലധികം രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. അഞ്ചാം ഘട്ടത്തിൽ വേണ്ട 20 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. വടകര-മാഹി കനാലിന്റെ തുടർച്ചയായി ഈ ജലപാത കണ്ണൂർ വളപട്ടണം വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്റ്റ് തയാറായിവരികയാണ്.

ദേശീയപാതയിൽ കോരപ്പുഴ, മൂരാട് പാലങ്ങളുടെ പുനർനിർമാണമുൾപ്പെടെ നിരവധി മെഗാ പ്രോജക്ടുകൾ കൂടി ഉൾക്കൊള്ളുന്നതാണ് വടകര നിയോജകമണ്ഡലത്തിന്റെ ഗതാഗതവികസന സ്വപ്നം. ആസൂത്രിതമായ പ്രവർത്തനത്തിലൂടെ വലിയൊരു ദൂരം മുന്നോട്ടുപോകാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യമാണ് വടകരയിലെ ജനങ്ങൾ. തികച്ചും മാതൃകാപരമായ ഗതാഗതവികസന സങ്കല്പമാണ് വടകര മുന്നോട്ടുവെക്കുന്നത്. ■



■ അരവിന്ദ്

ജാലകം

# വരുന്നൂ മാന്ത്രിക വിരലുകൾ

രാവണന്റെ തലകൾ മാതിരി പത്തു കൈകളുണ്ടായിരുന്നെങ്കിൽ. എന്നാലും തീരില്ല ഈ ജോലി. അതിരാവിലെകളിൽ വീട്ടമ്മമാരുടെ പരിതാപം അടുക്കളകളിൽ നിന്നുയരും. മൾട്ടി ടാസ്കിങ്ങിൽ അതായത് ഒരേ സമയം ഒന്നിലധികം ജോലികൾ ചെയ്യാൻ കഴിവ് സ്ത്രീകൾക്കാണെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. എന്നിട്ടും വീട്ടിലെ ജോലികൾ തീർക്കാൻ ഈ പത്തുവിരലുകളും രണ്ടു കൈകളും മതിയാകാതെ വരും. അതിനൊരു പരിഹാരമാണ് റോബോട്ടിക് ഫിംഗറുകൾ. മാന്ത്രിക വിരലുകൾ എന്നു നമുക്ക് ഓമനപ്പേരിടാം. മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഒരു കൂട്ടം ശാസ്ത്രജ്ഞരാണ് ഈ കണ്ടുപിടുത്തത്തിനു പിന്നിൽ.



തൽക്കാലം രണ്ടു വിരലുകൾ മാത്രമാണ് വികസിപ്പിച്ചെടുത്തത്. ആവശ്യമെങ്കിൽ എണ്ണം കൂട്ടാം. അതായത് നമ്മുടെ ജോലി ഭാരത്തിനനുസരിച്ച് രണ്ടോ മൂന്നോ എക്സ്ട്രാ വിരലുകൾ ഘടിപ്പിക്കാവുന്നതേയുള്ളൂ. സീരിയൽ കാണുമ്പോൾ പച്ചക്കറി അരിയാം. ടൈപ്പ് ചെയ്യുമ്പോൾ മൗസും ഉപയോഗിക്കാം. ചായക്കപ്പ് കൈയിലെടുത്ത് സ്പൂൺ കൊണ്ട് ചായ ഇളക്കാം. അങ്ങനെ മാന്ത്രിക വിരലുകൾ കൊണ്ടുള്ള നേട്ടങ്ങൾ പലതാണ്. വിവിധ തരം സെൻസറുകളാണ് ഈ വിരലുകളെ ചലിപ്പിക്കുന്നത്. നിയന്ത്രിക്കുന്നത് ഒരു അൽഗോരിതവും. യാതൊരു ബുദ്ധിമുട്ടും കൂടാതെ കൈയുറ ഇടുന്നതുപോലെ നമുക്ക് ഈ വിരലുകളെ കൈയിൽ ഘടിപ്പിക്കാം.

ഒരെണ്ണം തള്ളവിരലിന്റെ അരികിലും മറ്റൊന്ന് ചെറുവിരലിന്റെ അരികിലും ഉറപ്പിക്കാം. സാധാരണ വിരലുകളെപ്പോലെ അവ ചലിച്ചുകൊള്ളും. അല്ലാതെ അതിനായി നാം റോബോട്ടിനു നൽകുന്നതു പോലെയുള്ള നിർദേശങ്ങളൊന്നും നൽകേണ്ടതുമില്ല.

“ഇതൊരു തുടക്കം മാത്രമാണ്. റോബോട്ടിക് ലോകത്താണു നാം വസിക്കുന്നത്. വിരലുകൾക്കു പകരം കൈകൾ വരുന്ന കാലം വിദൂരമല്ല” മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിലെ പ്രൊഫസർ ഹാരി അസാദയുടെ നിഗമനം ഇതാണ്. ഇതൊന്നുമല്ല ഈ കണ്ടുപിടുത്തം അവതരിപ്പിക്കപ്പെട്ടപ്പോഴുണ്ടായ ആശങ്ക. അതൊരു ചെറുചോദ്യമായിരുന്നു.

ചെറിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ഈ വിരലുകൾ മതിയാകും. പക്ഷേ, ഭാരമുള്ളവയ്ക്കോ? അൽപ്പം വഴുക്കലുള്ള വസ്തുക്കളെടുക്കാൻ ഇതുമതിയാകുമോ? അപ്പോൾ ഉപയോഗിക്കേണ്ടി വരുന്ന ബലം വ്യത്യസ്തമായിരിക്കില്ലേ... കാലിഫോർണിയയിൽ നടന്ന റോബോട്ടിക്സ് കോൺഫറൻസിലെ സംശയങ്ങൾ ഇങ്ങനെ അനന്തമായി നീളുന്നു.

എന്നാൽ പലപ്പോഴും സ്പെഷിലിസ്റ്റുകൾക്കാണ് ഈ വിരലുകൾ കൊണ്ടു നേട്ടമെന്നാണു ശാസ്ത്രകാരൻമാരുടെ വാദം. ഉദാഹരണത്തിന് സൈനികർക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ വിവിധ ഉപകരണങ്ങൾ കൈകാര്യം ചെയ്യേണ്ടി വരും. അവർക്ക് ഇതൊരു ഉപകാരമല്ലേ പീറ്റ്സ്ബർഗിലെ കാർണീജ് മെലൻ സർവകലാശാലയിലെ ഡേവിഡ് ബ്രൂൺ അത്തരം സംശയങ്ങളെ തള്ളിക്കളയുന്നു. ചെലവേറുമെന്നതാണ് ഈ വിരലുകളുടെ ഏക പോരായ്മ എന്നും അദ്ദേഹം പറയുന്നു. ഏതായാലും ശരീരത്തിൽ ധരിക്കാവുന്ന റോബോട്ടുകൾ ഉടൻ നിത്യജീവിതത്തിന്റെ ഭാഗമാകും. വാച്ചുകളിലോ ബ്രേസ്ലെറ്റുകളിലോ ഒളിഞ്ഞിരിക്കുന്ന അല്ലെങ്കിൽ മടക്കിവയ്ക്കാവുന്ന അവ ജോലി ചെയ്ത് തീർത്ത് മടക്കിവയ്ക്കുന്ന കാഴ്ച സ്വപ്നം മാത്രമാകില്ലെന്നാണു കണക്കുകൂട്ടലുകൾ.

# ബോളിവുഡിലെ സ്ത്രീ ശാക്തീകരണം

കഹാനി, ക്യൂൻ, ഇംഗ്ളീഷ് വിംഗ്ളീഷ്, ഡേർട്ടിപിക്ചർ തുടങ്ങി ബോളിവുഡിൽ വിജയിച്ച പെൺപടങ്ങളുടെ പട്ടിക തീരുന്നില്ല. അഭിനയ തികവുകൊണ്ട് അഭ്രപാളിയെ കൈപ്പിടിയിലൊതുക്കുക മാത്രമല്ല ബോളിവുഡിലെ താര സുന്ദരികൾ ചെയ്യുന്നത്. പുരുഷ കേന്ദ്രീകൃത സിനിമാലോകം എന്ന അച്ചുതണ്ട് തങ്ങൾക്കധീനമാക്കുകയാണ്. വിജയത്തിനാധാരം നായക റോളുകളാണെന്ന സങ്കൽപ്പം കൂടി ഇതു തിരുത്തിഎഴുതുന്നു. ഈ വർഷം പുറത്തിറങ്ങിയ ചിത്രങ്ങൾ മിക്കതും സ്ത്രീകൾ മുഖ്യകഥാപാത്രങ്ങളായവയാണ്. മാധുരി ദീക്ഷിതിന്റെ ഗുലാബ് ഗാങ്, കങ്കണ റൊണാവത്തിന്റെ ക്യൂൻ, വിദ്യാബാലന്റെ ബോബി ജാസൂസ്, റാണി മുഖർജിയുടെ മർഡാനി, പ്രിയങ്ക ചോപ്രയുടെ മേരി കോം, സോനം കപൂറിന്റെ ഖുബ്സൂരത്ത്. അങ്ങനെ പട്ടിക തീരുന്നില്ല. വർധിച്ച പ്രേക്ഷക സ്വീകാര്യതയാണ് അതിനു നിദാനമായ പ്രധാന ഘടകം.




# മുത്തശ്ശിക്കു പകരം പേരന്റിങ് പുസ്തകങ്ങൾ




കുട്ടികളെ എങ്ങനെ നന്നായി വളർത്താം?. തലക്കെട്ട് കാണുമ്പോൾ ആരും വാങ്ങിപ്പോകും. പ്രൊഫഷണലിസത്തോടെ കുട്ടികളെ വളർത്തണമെന്ന് പറയുന്ന പേരന്റിങ് ബുക്കുകൾക്ക് ഇന്ത്യയിൽ വൻ ഡിമാൻഡാണ്. സ്വന്തം വീട്ടുകാരുമായി നൂറു കണക്കിന് കിലോമീറ്ററുകൾക്ക് അകലെയാകുമ്പോൾ യുവദമ്പതികൾ പുസ്തകങ്ങളെ ആശ്രയിക്കാതെ മറ്റുമാർഗമില്ല. മുലയൂട്ടൽ മുതൽ കുഞ്ഞ് എന്തിന് എപ്പോൾ കരയുന്നു എന്നതു വരെ ഈ പുസ്തകങ്ങളിലുണ്ട്. ഡോക്ടർമാർ, കൗൺസിലർമാർ, സൈക്കോളജിസ്റ്റുകൾ തുടങ്ങി അനുഭവ പരിചയമുള്ള മാതാപിതാക്കൾ വരെ ഈ മേഖലയിൽ എഴുതുന്നു. മാതൃസ്നേഹം നൽകാൻ ആഗ്രഹിക്കുന്ന പുത്തൻ തലമുറയിലെ യുവതികളാണ് ഈ പുസ്തകങ്ങൾ വാങ്ങുന്നതിലധികവും ബംഗളൂരു ആസ്ഥാനമായ ഈസിലിബിന്റെ വാണി മഹേഷ് പറയുന്നു. ഇന്ത്യയിലെ ആദ്യത്തെ ഓൺലൈൻ ലൈബ്രറിയാണ് ഈസിലിബ്. സാമൂഹ്യ ഘടനയിലുണ്ടായ മാറ്റമാണ് ഇത്തരം പുസ്തകങ്ങളുടെ ജനപ്രീതിക്കു കാരണമെന്ന് സാഹിത്യരചനകൾ പ്രസിദ്ധീകരിക്കുന്ന ബട്ടർഫ്ളൈആൻഡ് ദ ബീയുടെ സുമിത് സെഗാൾ പറയുന്നു. പുസ്തകങ്ങൾക്കും ഡോക്ടർക്കും പുറമേ കുട്ടികളെ വളർത്താൻ ഉപദേശം നൽകുന്ന വെബ്സൈറ്റുകളുമുണ്ട്. ഗർഭധാരണം മുതലുള്ള സംശയങ്ങൾക്ക് ഇവരുടെ വിദഗ്ധ പാനൽ ഉത്തരം നൽകും. മാതാപിതാക്കൾക്കുള്ള ആശങ്കയാണ് ഇത്തരം പുസ്തകങ്ങളുടെ പ്രചരണത്തിനു കാരണം.

# മംഗൾയാന്റെ ഫെയ്സ്ബുക്ക് വിശേഷങ്ങൾ



സെപ്റ്റംബർ 22 തിങ്കളാഴ്ച. ഉച്ച കഴിഞ്ഞ് രണ്ടരയ്ക്കാണ് മംഗൾയാന്റെ പ്രധാന എൻജിൻ ലാം ഐ.എസ്.ആർ.ഒ പ്രവർത്തിപ്പിച്ചത്. കൃത്യം പതിനാറു മിനിട്ടുകൾ കഴിഞ്ഞ് ഐ.എസ്.ആർ.ഒയ്ക്ക് വിവരം ലഭിക്കുമ്പോൾ അത് ഫെയ്സ്ബുക്കിലൂടെ അറിഞ്ഞത് അഞ്ചുലക്ഷം പേർ. ടിറ്ററിലൂടെ അറിഞ്ഞത് ഇരുപത്തിയയ്യായിരത്തോളം പേരും. സോഷ്യൽനെറ്റ് വർക്ക് മാധ്യമങ്ങൾക്ക് ജനങ്ങളിലുള്ള സ്വാധീനം കണ്ടിട്ടാവണം മംഗൾയാൻ ഉയർന്നു പൊങ്ങുന്നതിനു മുൻപു തന്നെ ഐ.എസ്.ആർ.ഒ. ഫെയ്സ്ബുക്ക് പേജ് തുടങ്ങിയിരുന്നു. കഴിഞ്ഞ വർഷം ഒക്ടോബർ 22 ന്. പേജ് അപ്ഡേറ്റ് ചെയ്യാൻ മൂന്നംഗ ടീമും രൂപീകരിച്ചു. ഫെയ്സ്ബുക്ക് പേജിനു ലഭിച്ച സ്വീകാര്യതയെത്തുടർന്നു ഡിസംബറിൽ മംഗൾയാനു വേണ്ടി പ്രത്യേക വെബ്പേജും ഐ.എസ്.ആർ.ഒ. തുറന്നു. ബഹിരാകാശ ശാസ്ത്രത്തിലെ താൽപ്പര്യങ്ങൾക്ക് അടിത്തറയിടുകയായിരുന്നു ഇതുവഴി. ശാസ്ത്രവാരികകൾക്കും പത്രങ്ങൾക്കും മാത്രം ലഭ്യമായിരുന്ന വിവരങ്ങൾ അങ്ങനെ താൽപ്പര്യമുള്ളവർക്കെല്ലാം എത്തിക്കാനുമായി. തുടർന്നാണ് ചിയർ ഇന്ത്യ ടു മാർസ് എന്ന് പേരിട്ട ഓൺലൈൻ മത്സരം തുടങ്ങിയത്. മംഗൾയാനെക്കുറിച്ചുള്ള ചിന്തകളും അഭിപ്രായങ്ങളും പങ്കുവയ്ക്കാം. ടെക്സ്റ്റ്, ഇൻഫോഗ്രാഫിക്സ്, വീഡിയോ രൂപങ്ങളിൽ മറുപടി ലഭിക്കുകയും ചെയ്തു. ആദ്യദിനം ആയിരം പേരാണ് മറുപടി നൽകിയത്. സെക്കൻഡിൽ 698 പേർ വീതം മത്സരങ്ങളിൽ പങ്കെടുത്തു. ഇതൊക്കെ കണ്ടിട്ടാവണം ഏതായാലും ഐ.എസ്.ആർ.ഒയിലേക്കുള്ള ജോലി അപേക്ഷകരുടെ എണ്ണം 45,000ത്തിൽ നിന്ന് 1.4 ലക്ഷമായെന്ന് ഇക്കണോമിക് ടൈംസ് പറയുന്നു. ഇതിനു സമാനമായി 1998ൽ പൊഖ്റാൻ പരീക്ഷണത്തിനു ശേഷം അറ്റോമിക് എനർജി വകുപ്പിനുള്ള ജോലി അപേക്ഷകൾ കൂടിയത്രെ.

# സേവനങ്ങൾ സമയബന്ധിതമായി നൽകണം : മന്ത്രി അടൂർ പ്രകാശ്





സേവനാവകാശ നിയമം പത്തനംതിട്ട ജില്ലാതല ശില്പശാല മന്ത്രി അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു

സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനും പരാതികൾക്ക് യഥാസമയം പരിഹാരം കാണുന്നതിനും ജീവനക്കാർ ശ്രദ്ധിക്കണമെന്ന് റവന്യൂ വകുപ്പ് മന്ത്രി അടൂർ പ്രകാശ് പറഞ്ഞു. ജില്ലാ ഇൻഫർമേഷൻ ഓഫീസും ജില്ലാ ഭരണകൂടവും സംയുക്തമായി സംഘടിപ്പിച്ച സേവനാവകാശ നിയമം പത്തനംതിട്ട ജില്ലാതല ശില്പശാല ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജനങ്ങളുടെ പ്രശ്നങ്ങൾക്ക് മനുഷ്യത്വപരമായ കാഴ്ചപ്പാടോടുകൂടി പരിഹാരം കാണുന്നതിന് ജീവനക്കാർ ശ്രദ്ധിക്കണം. അപേക്ഷകളിലും മറ്റും നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും മനഃപൂർവം വീഴ്ചവരുത്തുന്നവർക്ക് തടയിടുന്നതിനും സേവനാവകാശ നിയമം വഴിയൊരുക്കും. റവന്യൂ വകുപ്പിൽ 80 ലക്ഷം സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകാൻ കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു.

ജില്ലാ കളക്ടർ എസ്.ഹരികിഷോർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പോലീസ് മേധാവി ഡോ.എ. ശ്രീനിവാസ്, എഡിഎം എം.സുരേഷ്കുമാർ, അസിസ്റ്റന്റ് കളക്ടർ ഡോ.ശ്രീറാം വെങ്കിട്ടരാമൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ.രാധാകൃഷ്ണപിള്ള തുടങ്ങിയവർ പ്രസംഗിച്ചു. തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ഫാക്കൽറ്റി ജയ എസ്.ആനന്ദ് വിഷയം അവതരിപ്പിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച 'സേവനം ഇപ്പോൾ അവകാശം' എന്ന കൈപ്പുസ്തകം വിതരണം ചെയ്തു.

***-എൻ.രാധാകൃഷ്ണപിള്ള,***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട*



**ദേശീയ ഗെയിംസിന്റെ ഭാഗ്യ ചിഹ്നമായ അമ്മു വേഴാമ്പൽ കോഴിക്കോട് ജില്ലാ കളക്ടർ സി.എ.ലതയ്ക്ക് ഹസ്തദാനം നൽകുന്നു. കോഴിക്കോട്ടെ പ്രധാന വേദികളായ വി.കെ.കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, ബീച്ച് തുടങ്ങിയയിടങ്ങളിൽ ഗെയിംസിനുള്ള സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങളും നഗര സൗന്ദര്യവത്കരണവും പുരോഗമിക്കുകയാണ്.**
***ഫോട്ടോ: കെ.രവീന്ദ്രൻ***

# കൊടുങ്ങല്ലൂരിന്റെ സ്വപ്നം പൂവണിഞ്ഞു

ഇടപ്പള്ളി-കുറ്റിക്കകം ദേശീയപാതയിൽ കൊടുങ്ങല്ലൂർ ചന്തപ്പുര ബൈപ്പാസ് റോഡ് യാഥാർഥ്യമായി. കൊടുങ്ങല്ലൂർ ജനതയുടെ 37 വർഷത്തെ കാത്തിരിപ്പാണ് ഇതോടെ സഫലമായത്. പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ് നാലുവരിപ്പാത ഗതാഗതത്തിന് തുറന്നുകൊടുത്തു. 45 മീറ്റർ വീതിയിൽ 3.58 കിലോമീറ്റർ നീളമുള്ള ബൈപ്പാസ് തുറന്നതോടെ ദിനംപ്രതി വളരുന്ന കൊച്ചിയുടെ ഇടത്താവളമായി കൊടുങ്ങല്ലൂർ അതിവേഗം വളർന്ന് വികസിക്കും.

മുനമ്പം-അഴീക്കോട് പാലത്തിന് 153 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയാറായിട്ടുണ്ടെന്നും താമസിയാതെ അനുവാദം ലഭിക്കുമെന്നും മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ് അറിയിച്ചു. നിലവിലെ എസ്റ്റിമേറ്റ് 92 കോടി രൂപയുടേതായിരുന്നു. കായലും കടലും ഒന്നിക്കുന്ന അഴിമുഖത്ത് കൂടുതൽ സുരക്ഷിതവും മനോഹരവും ആധുനികവുമായ പാലം നിർമിച്ചില്ലെങ്കിൽ അത് കപ്പൽ ഗതാഗതത്തിന് തടസ്സമാകും. അതുകൊണ്ടാണ് പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കൊടുങ്ങല്ലൂർ ജനതയുടെ നാലു പതിറ്റാണ്ടുകാലത്തെ നിരന്തര പ്രക്ഷോഭങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കുമാണ് ബൈപ്പാസ് റോഡ് യാഥാർഥ്യമായതോടെ ശുഭാന്ത്യമായത്. ചന്തപ്പുരയിൽ നിന്നാരംഭിച്ച് കോട്ടപ്പുറം ടോൾഗേറ്റ് വരെയുള്ള 3.58 കിലോമീറ്റർ റോഡിനായി 300 കുടുംബങ്ങളിൽ നിന്നും 15 ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തത്. ബൈപ്പാസ് റോഡിനൊപ്പം പൂർത്തിയാക്കേണ്ട സർവീസ് റോഡുകളുടെ നിർമാണം കാലതാമസമില്ലാതെ പൂർത്തിയാക്കും. ഇതിനായി 15.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കരാർ നടപടി പൂർത്തിയായിട്ടുണ്ട്.

ബൈപ്പാസ് റോഡ് കൊടുങ്ങല്ലൂരിൽ ഗതാഗത രംഗത്ത് മാത്രമല്ല വ്യാപാരരംഗത്തും മറ്റു മേഖലകളിലും വലിയതോതിലുള്ള മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് ചടങ്ങിൽ അധ്യക്ഷതവഹിച്ച ടി.എൻ. പ്രതാപൻ എം.എൽ.എ. പറഞ്ഞു. യോഗത്തിൽ മുഖ്യമന്ത്രിയുടെ സന്ദേശം പി.എ. മാധവൻ എം.എൽ.എ. വായിച്ചു. മുൻ എം.പി. കെ.പി. ധനപാലൻ, മുൻ മന്ത്രി കെ.പി. രാജേന്ദ്രൻ, ചീഫ് എൻജിനീയർ കെ.പി. പ്രഭാകരൻ, നഗരസഭാ ചെയർപേഴ്സൺ ഉൾപ്പെടെയുള്ള നഗരസഭാ അംഗങ്ങൾ, മുൻ ചെയർമാന്മാർ, രാഷ്ട്രീയകക്ഷി നേതാക്കൾ സാമൂഹിക പ്രവർത്തകർ തുടങ്ങി ഒട്ടനവധിപേർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു.

600 ൽ അധികം യാത്രാ ബസ്സുകളും കണ്ടെയ്നർ ലോറികളുമടക്കം 100 കണക്കിന് ചരക്കു വാഹനങ്ങൾ കടന്നുപോകുന്ന കൊടുങ്ങല്ലൂർ നഗരത്തിലെ ഗതാഗതക്കുരുക്കിന് ഇതോടെ ശാപമോക്ഷമായി. ബൈപ്പാസ് റോഡിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള ആഘോഷ പരിപാടികളിലായിരുന്നു രണ്ടു ദിവസം കൊടുങ്ങല്ലൂർ നഗരം. വാദ്യമേളങ്ങളുടെ അകമ്പടിയോടെ ജനമൈത്രി പൊലീസ്, റസിഡന്റ്സ് അസോസിയേഷൻ, മർച്ചന്റ്സ് അസോസിയേഷൻ, കുടുംബശ്രീ, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ ഇതോടനുബന്ധിച്ച് സംഘടിപ്പിച്ച ഘോഷയാത്രയിൽ പങ്കെടുത്തു.

## സുരക്ഷയൊരുക്കി യാത്ര തുടങ്ങി...

ബൈപ്പാസിലൂടെയുള്ള യാത്രയ്ക്കായി പൊലീസ് സുരക്ഷാ സംവിധാനം ശക്തമാക്കി. രാവിലെ 7.30 മുതൽ വൈകിട്ട് 8.30 വരെ സിഗ്നൽ ലൈറ്റുകൾ പ്രവർത്തിക്കും. അനുവദനീയമായ വേഗപരിധി ലംഘിക്കുന്നവർ പൊലീസിന്റെ

ബൈപ്പാസിലേക്കുള്ള എല്ലാ ക്രോസ് റോഡുകളിലും ട്രാഫിക് പൊലീസ് ഉണ്ടാകും. ആവശ്യമായ സ്ഥലങ്ങളിലെല്ലാം ദിശാസൂചികകൾ സ്ഥാപിക്കും. ക്രോസ് റോഡുകളിൽ ഹമ്പ് ഇല്ലാത്ത സ്ഥലത്ത് ഉടൻ ഹമ്പ് സ്ഥാപിക്കും. ട്രാഫിക് സെൻസസ് എടുക്കുന്നതിനും പൊലീസ് പദ്ധതി തയാറാക്കിയിട്ടുണ്ട്. സിഗ്നൽ പാലിക്കാതെ പോകുന്ന വാഹനങ്ങൾ പിടികൂടുന്നതിനും ബൈപ്പാസിൽ സിസി ടിവി പ്രവർത്തിപ്പിക്കും. ടി.എൻ. പ്രതാപൻ എം.എൽ.എയുടെ നേതൃത്വത്തിൽ ദേശീയപാത അധികൃതർ പൊലീസ് എന്നിവർ ചേർന്നാണ് സുരക്ഷാ സംവിധാനം ഒരുക്കിയത്. ഇതോടൊപ്പം കൊടുങ്ങല്ലൂർ ബൈപ്പാസിന് വിദേശ മാതൃകയിൽ പ്രവേശന കവാടം നിർമിക്കുന്നതാണ്. ബൈപ്പാസ് തുടങ്ങുന്ന ചന്തപ്പുരയിലും അവസാനിക്കുന്ന കോട്ടപ്പുറത്തുമാണ് പ്രവേശന കവാടം ഒരുക്കുക. പ്രവേശനകവാടത്തിന്റെ മാതൃക ബൈപ്പാസ് ഉദ്ഘാടന ചടങ്ങിൽ മന്ത്രി ഇബ്രാഹിം കുഞ്ഞ് പ്രകാശനം ചെയ്തു.

*എം.എസ്. അലിക്കുഞ്ഞ്*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ*



**കൊടുങ്ങല്ലൂർ ചന്തപ്പുര ബൈപ്പാസ് റോഡ് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് ഉദ്ഘാടനം ചെയ്യുന്നു**



# ചെങ്ങന്നൂർ – ഏറ്റുമാനൂർ എം.സി. റോഡിന്റെ നിർമാണോദ്ഘാടനം നിർവഹിച്ചു

ചെങ്ങന്നൂർ-ഏറ്റുമാനൂർ എം.സി. റോഡിന്റെ നിർമാണോദ്ഘാടനം ചെങ്ങന്നൂർ പഴവന ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. എം.സി. റോഡ് വർഷങ്ങൾക്കു മുമ്പു തന്നെ ദേശീയ പാതയാകേണ്ടതായിരുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിർമ്മാണം പൂർത്തിയാകുന്നതോടെ ദീർഘകാലത്തെ ഗതാഗത ബുദ്ധിമുട്ടുകൾക്ക് പരിഹാരമാകുകയാണ്. നമ്മുടെ വികസനപ്രവർത്തനത്തിന്റെ മുഖമുദ്ര റോഡുകളാണ്. എട്ടു മാസം കൊണ്ട് ഇവിടത്തെ ചെറിയ പാലങ്ങളുടെയും ഒന്നര വർഷം കൊണ്ട് വലിയ പാലങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയതായി മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനഗതാഗതപദ്ധതിയുടെ ആദ്യഘട്ടത്തിൽ എം.സി. റോഡിന്റെ തിരുവനന്തപുരം (വെഞ്ഞാറമ്മൂട്)



ചെങ്ങന്നൂർ-ഏറ്റുമാനൂർ എം.സി. റോഡിന്റെ നിർമാണോദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

# എല്ലാ ജില്ലകളിലും നോർക്കാ – റൂട്ട്സ് ഓഫീസുകൾ ആരംഭിക്കും : മന്ത്രി കെ.സി. ജോസഫ്

പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നോർക്ക-റൂട്ട്സ് ഓഫീസുകൾ ആരംഭിക്കുമെന്ന് ഗ്രാമവികസന-വിവര പൊതുജന സമ്പർക്ക-നോർക്ക-സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

പാലക്കാട് കലക്ടറേറ്റിൽ നോർക്ക-റൂട്ട്സ് ജില്ലാ ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ ആറാമത്തെ ജില്ലാ ഓഫീസ് ആണ് പാലക്കാട് ആരംഭിച്ചത്.

വിദേശത്ത് നിന്ന് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന മലയാളികളുടെ സമഗ്ര പുനരധിവാസത്തിനാണ് സർക്കാർ മുൻഗണന നൽകുന്നത്. മടങ്ങി വരുന്നവർ പുനരധിവാസ പദ്ധതിയുടെ ഭാഗമായി ബാങ്ക് വായ്പയെടുത്ത് സ്വയം തൊഴിൽ ആരംഭിച്ചാൽ സർക്കാർ പത്ത് ശതമാനം സബ്സിഡി നൽകും. കൃത്യമായി ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി കൊടുക്കാൻ ഗവൺമെന്റ് ആലോചിക്കുന്നു. ഇതുമായി ബന്ധപ്പെട്ട അദാലത്ത് ഒക്ടോബറിൽ മലപ്പുറത്ത് നടത്തും. തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികളുടെ പുനരധിവാസം സാമൂഹികബാധ്യതയാണ്. ഗൾഫിലെ തൊഴിലാളികളുടെ ജീവിതം സ്വർഗതുല്യമല്ല. വിദേശത്തെ ദുരിതം നിറഞ്ഞ ജീവിത സാഹചര്യത്തിൽ തൊഴിലെടുക്കുന്ന സാധാരണക്കാരായ മലയാളികളാണ് നാടിന്റെ സമ്പദ്ഘടനയുടെ ശക്തി. മെഴുകുതിരി പോലെ എരിഞ്ഞ് ഇല്ലാതാകുന്ന പ്രവാസി മലയാളിയുടെ ദു:ഖം കേരളത്തിന്റെ ദു:ഖമാണ്. ലോകത്ത് എവിടെ ആഭ്യന്തര പ്രശ്നങ്ങളുണ്ടായാലും അത് പ്രവാസി മലയാളികളെ കൂടി ബാധിക്കുകയാണ്. അടുത്തിടെ ഇറാഖിലും ലിബിയയിലുമുണ്ടായ ആഭ്യന്തര സംഘർഷങ്ങൾ ഇതിന് തെളിവാണ്.



നോർക്ക പാലക്കാട് ജില്ലാ ഓഫീസ് മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

മുതൽ ചെങ്ങന്നൂർ വരെയും മൂവാറ്റുപുഴ മുതൽ അങ്കമാലി വരെയുമുള്ള ഭാഗം പൂർത്തിയാക്കിയിരുന്നു. രണ്ടാം ഘട്ടത്തിൽ ഏറ്റുമാനൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന കെ.എസ്.ടി.പി. രണ്ടാം ഘട്ടപ്രവർത്തനങ്ങൾക്ക് 2,403 കോടി രൂപയാണ് അടങ്കൽ കണക്കാക്കിയിട്ടുള്ളത്. ആകെ 363 കി.മീ. നീളം വരുന്ന ആറു പ്രധാനറോഡുകൾ ഈ ഘട്ടത്തിൽ സമഗ്രമായി വികസിപ്പിക്കും. മലബാർ മേഖലയിലെ മൂന്നു റോഡുകളുടെ നിർമ്മാണം 2013 ജൂണിൽ ആരംഭിച്ചു. രണ്ടാം ഘട്ടത്തിലാണ് ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ് ആധ്യക്ഷത വഹിച്ചു. ഗതാഗതമന്ത്രി തിരുവഞ്ചൂർ രാധകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. എം.പി.മാരായ കൊടിക്കുന്നിൽ സുരേഷ്, ആന്റോ ആന്റണി, എം.എൽ.എ.മാരായ പി.സി. വിഷ്ണുനാഥ്, മാത്യു ടി. തോമസ്, സി.എഫ്. തോമസ് എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

*-കെ.ആർ. പ്രമോദ് കുമാർ*

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ*

# കൂത്തുപറമ്പിൽ ക്ഷീരസംഗമം

പാൽ സംസ്കരിച്ച് വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ ആനന്ദ് മാതൃകയിലുള്ള ചില്ലിംഗ് പ്ലാന്റ് കൂത്തുപറമ്പ് മേഖലയിൽ സ്ഥാപിക്കുമെന്ന് കൃഷി-മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെപി മോഹനൻ അറിയിച്ചു. മൊകേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ കൂത്തുപറമ്പ് ബ്ലോക്ക് ക്ഷീര സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ക്ഷീരകർഷകരുടെ സംരക്ഷണവും പാൽ ഉൽപ്പന്ന വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ടുള്ള ബൃഹത്തായ പദ്ധതിയാണ് ആലോചിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ഇതിനായി ക്ഷീരസംഘങ്ങളേയും കർഷകരേയും പങ്കെടുപ്പിച്ച് യോഗം വിളിക്കും. മേഖലയിലെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കും. തുടർന്ന് കൃഷി-മൃഗസംരക്ഷണ മേഖലയിലെ വിദഗ്ധരേയും വെറ്ററിനറി സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരേയും പങ്കെടുപ്പിച്ച് റിപ്പോർട്ട് ചർച്ച ചെയ്യുകയും വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും. സംസ്ഥാനത്തെ ക്ഷീരകർഷകരെ സഹായിക്കാനും പാൽ ഉത്പാദനം വർദ്ധിപ്പിക്കാനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഗോവർദ്ധിനി പദ്ധതി പ്രകാരം ഒരു പഞ്ചായത്തിൽ 100 പശുക്കളെയെങ്കിലും കൂടുതലായി വളർത്തുന്ന പ്രവർത്തനം തുടങ്ങി. സംസ്ഥാനത്ത് ആകെ 72000 പശുക്കളെ ഇങ്ങനെ വിതരണം ചെയ്യും. ഇതുവഴി മൂന്നുവർഷം കൊണ്ട് പ്രതിദിനം50 ലക്ഷം ലിറ്റർ പാൽ അധികമായി ഉത്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു. മൊകേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടിപി രാജൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.പാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെപി വസന്തകുമാരി, ജില്ലാ പഞ്ചായത്ത് അംഗം പിവി രജീന്ദ്രനാഥ്, ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ തമ്പി മാത്യു, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഉത്തമൻ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ അശോകൻ, എ ദിനേശൻ, കെ കനകം, അരവിന്ദൻ മാസ്റ്റർ, കെ കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു. സികെ നാണു സ്വാഗതവും ക്ഷീര വികസന ഓഫീസർ എസ് ഹിത നന്ദിയും പറഞ്ഞു.

***ഇ.കെ.പത്മനാഭൻ,***

*അസി.എഡിറ്റർ,*

*ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കണ്ണൂർ.*

വിദേശത്ത് ജോലി സാധ്യത കുറഞ്ഞു വരുന്നു. സ്വദേശിവത്ക്കരണം കൂടുന്നു. സൗദിയിലെ നിതാഖത്ത് പോലെ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന മലയാളികളുടെ പ്രശ്നം ഗൗരവപൂർവ്വം കൈകാര്യം ചെയ്യും. പ്രവാസി മലയാളികളെ സഹായിക്കേണ്ട ബാധ്യതയുണ്ട്.

സംസ്ഥാന ബാങ്കിങ് അവലോകന സമിതിയോഗം 94000 കോടി രൂപ സംസ്ഥാനത്ത് പ്രവാസി മലയാളികളുടെ നിക്ഷേപമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിനാലാണ് പ്രവാസികളുടെ പുനരധിവാസത്തിന് സർക്കാർ പ്രത്യേക പരിഗണന നൽകുന്നത്. നോർക്ക -റൂട്ട്സ് ഓഫീസുകൾ പ്രവാസികളുടെ അത്താണിയായി മാറുമെന്ന് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഷാഫി പറമ്പിൽ എം.എൽ.എ. അധ്യക്ഷത വഹിച്ചു. എം.ബി. രാജേഷ് എം.പി. വിശിഷ്ടാതിഥിയായിരുന്നു. കെ.വി. വിജയദാസ് എം.എൽ.എ., പാലക്കാട് മുനിസിപ്പൽ ചെയർമാൻ പി.വി. രാജേഷ്, എ.ഡി.എം. കെ. ഗണേശൻ എന്നിവർ പ്രസംഗിച്ചു. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി. സുദീപ് സ്വാഗതവും നോർക്ക വകുപ്പ് അഡീഷണൽ സെക്രട്ടറി ആർ.എസ്. കണ്ണൻ നന്ദിയും പറഞ്ഞു.

***എം. മധുസൂദനൻ,***

*അസിസ്റ്റന്റ് എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാലക്കാട്*

# സസ്യമതിൽ
## പ്രകൃതി ജീവനത്തിന് ഒരു മാതൃക

ഔഷധസസ്യങ്ങൾ കൊണ്ട് വീടിന് ചുറ്റുമതിൽ തീർത്ത് മാതൃകയാവുകയാണ് കോഴിക്കോട് എലത്തൂർ സ്വദേശി മൊയ്തീൻകോയ. 25 വർഷം കൊണ്ട് നട്ടുനനച്ചു വളർത്തിയ സസ്യമതിൽ മൊയ്തീന്റെ വീടിനു ചുറ്റും സുരക്ഷയൊരുക്കുന്നു. പ്രിൻസ്, മണി പ്ലാന്റ്, വള്ളിച്ചെടി, തെച്ചി, ജമന്തി തുടങ്ങി 15 ഇനം ചെടികളും ഔഷധസസ്യങ്ങളും കൊണ്ടാണ് 62 മീറ്റർ നീളത്തിൽ മതിൽ തീർത്തത്. യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ കൃത്രിമ വളങ്ങളില്ലാതെ നാടൻ ശൈലിയിലാണ് പരിചരണം. പ്രകൃതിയുമായി ഇണങ്ങിയുള്ള ഈ സസ്യപരിപാലനത്തിന് ഏറെ ഗുണങ്ങളുണ്ടെന്ന് മൊയ്തീൻ സാക്ഷ്യപ്പെടുത്തുന്നു. രോഗപ്രതിരോധവും കുളിർമയുള്ള അന്തരീക്ഷവും സന്തുഷ്ടിയും ഈസി ഹൗസ് എന്ന മൊയ്തീന്റെ വീട്ടിൽ സഹജമാകുന്നു. ഭാര്യ റസിയയും മക്കളും മൊയ്തീനൊപ്പം സസ്യപരിചരണത്തിനുണ്ട്. ഒട്ടേറെപ്പേർ ഈ കൗതുക മതിൽ കാണാൻ ഈസി ഹൗസിലെത്തുന്നു.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്*



■ എം. ശ്രീനാഥൻ

പദപാഠം

വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം

# അടതാളത്തിൽ അടമഴ

അടയെന്നു കേൾക്കുമ്പോൾ ഒരു പലഹാരത്തെയാണ് പെട്ടെന്ന് ഓർമവരിക. ഇലകൊണ്ട് അടച്ച് ചുട്ടെടുക്കുന്നതുകൊണ്ട് ഇതിനെ ഇലയപ്പമെന്നും ചിലയിടങ്ങളിൽ ഓട്ടടയെന്നും അരിയടയെന്നും പറയും. പുളിയട എന്നൊരു പര്യായവുമുണ്ട്. അട പ്രഥമനും അടയാണ്. അടചേർത്തുണ്ടാക്കുന്ന ഒരു മധുര കറിയാണിത്. കറിയായല്ല ഇത് പരിഗണിക്കപ്പെടുന്നതെങ്കിലും അടക്കറിയെന്നത് അടപ്രഥമൻ തന്നെ. പാലടയുമുണ്ട്. ക്ഷേത്രങ്ങളിൽ നിവേദിക്കാനുള്ള അടയാണ് അടയമൃത്. മധുരക്കറി അല്ലെങ്കിലും അടമാങ്ങ ഉപ്പിലിട്ട് വെയിലത്ത് ഉണക്കി സൂക്ഷിക്കുന്ന ആഹാരവസ്തുവാണ്. അട ആഹാരവസ്തു മാത്രമല്ല. അട പൂട്ടും മൂടിയും അടപ്പുമാണ്. വിശ്രമം, അഭയം, വെറ്റില, ഇല, കൈക്കില, വിളക്ക്, മുട്ടയെ മൂടിവെച്ചുകൊണ്ടുള്ള പിടക്കോഴിയുടെ പതിയിരിപ്പ്, മറ, അടകല്ല്, കണ്ണ, ഈട്, പണയം, അടവ്, തേനറക്കൂട്, സാധനങ്ങൾ മറിഞ്ഞുപോകാതിരിക്കാൻ വെക്കുന്ന തട എന്നിങ്ങനെ ഭിന്നാർഥങ്ങൾ അടയ്ക്കുണ്ട്. സവിശേഷാർഥത്തിൽ അട ഒരുതരം താളമാണ്. നാട്ടുബദാമിനെയും അടയെന്നു പറയാറുണ്ട്. നാമമായി മാത്രമല്ല, അടയുടെ ഭാഷാപരമായ നിലനിൽപ്പ്. അതൊരു ക്രിയാധാതുവുമാണ്. അടയുക, അടയ്ക്കുക എന്നീ ക്രിയകളുടെ ധാതുവാണ് അട. വന്നുചേരുക, കൂടിച്ചേരുക, ലഭിക്കുക, പ്രാപിക്കുക, നിറയുക, പൂർത്തിയാകുക, ഗതിമുട്ടുക, കൊടുത്തുതീരുക, പണം ഒടുക്കുക, പ്രവർത്തനം നിർത്തുക, രക്ഷിക്കുക എന്നിങ്ങനെ വ്യത്യസ്തമായ അർഥങ്ങൾ ധാതുവെന്ന നിലയിൽ അട പങ്കിടുന്നുണ്ട്. അടയ്ക്ക് ഒരേസമയം ദ്രാവിഡവും സംസ്കൃതവുമായ വേരുകളുണ്ട്. മേൽപ്പറഞ്ഞ നാമാർഥവും ക്രിയാർഥവും ദ്രാവിഡമാണ്. സംസ്കൃതധാതുവായ അടയ്ക്ക് ചുറ്റിത്തിരിയുക, സഞ്ചരിക്കുക, നടക്കുക, നടനം, സഞ്ചാരം എന്നീ അർഥങ്ങളാണുള്ളത്. അടനം ഭിക്ഷാടനമാണ്. ഭിക്ഷയ്ക്കായുള്ള ചുറ്റിത്തിരിയലാണിത്. എങ്കിലും പദശേഷിയിൽ ദ്രാവിഡ അടക്കൂട്ടുകളാണ് മലയാളത്തിൽ അധികവും.

അടയ്ക്കുന്നതിനോ ലോഹം തട്ടി നീട്ടുന്നതിനോ ഉള്ള കല്ലാണ് അടകല്ല്. പലപ്പോഴുമിത് ഉരുക്കുകട്ടിയാണ്. ഗുജറാത്തിയിൽ അടകല്ലിനെ അടക്കോല് എന്നാണ് അറിയുക. തറച്ചിരിക്കുന്ന ആണിയും മറ്റും വലിച്ചെടുക്കാനുള്ള ഉപകരണമാണ് പറ്റുകൊരട് അഥവാ അടക്കൊരട്. അടക്കല(ള)ം ആശ്രയവും രക്ഷയും അഭയസ്ഥാനവും രക്ഷാസ്ഥാനവുമാണ്. അടയിരിക്കുന്ന കോഴി അടക്കോഴിയും പതിഞ്ഞരീതിയിലുള്ള താളം അടതാളവുമാണ്. തുഴയും വലിയ പങ്കായവും അടനമ്പാണ്.

അടയ്ക്കാനുപയോഗിക്കുന്ന അടപ്പലക ചോറുവാർക്കാനുപയോഗിക്കുന്നു. ചിലയിടത്തിത് ചുറ്റിലാമി എന്നറിയപ്പെടുന്നു. പിച്ചളയോ അലൂമിനിയമോ കൊണ്ടുണ്ടാക്കിയ അടപലകയെ ചിപ്പിലി എന്നാണ് പറയുന്നത്. അടക്കാനുള്ള ഇലയാണ് അടപ്പില. മുറ്റിയ വെറ്റിലയെയും അടപ്പിലയെന്നു പറയാറുണ്ട്. ഭര



ണിയും കുപ്പിയും മറ്റും മൂടിവെക്കാനുള്ള വസ്തുവാണ് അടപ്പ്. അടപ്പ് മൂടിയാണ്. എന്തുകൊണ്ട് അടക്കുന്നുവോ അത് മൂടി. അനുസ്വാരം, മറവ്, രഹസ്യം എന്നൊക്കെ അടപ്പിന് അർഥങ്ങളുണ്ട്. അടയ്ക്കുവാനുപയോഗിക്കുന്ന സാധനത്തെ അടമാനം എന്നും പറയാറുണ്ട്. ഈട്, പണയം, ജാമ്യം, മറവ്, അടവ് ഇത്യാദിയും അടമാനം തന്നെ. അടയോല പാട്ടച്ചീട്ടാണ്. തറ അടയത്തക്കരീതിയിൽ വളരുന്ന ഒരു വള്ളിയാണ് അടമ്പ്.

അടകുടിക്ക് സാമാന്യമായി അടുത്തകുടി, ചാർച്ചപ്പെട്ട കുടുംബം എന്നിങ്ങനെയാണ് അർഥം വരിക. സവിശേഷമായത് കുടികിടപ്പാണ്. അടിമകളും കുടിയാന്മാരും അടകുടിയരാണ്. മറ്റുള്ളവരുടെ ഭൂമിയിൽ കുടിവെച്ചു താമസിക്കുന്നത് കുടികിടപ്പാണ്. യഥാർഥത്തിൽ ചാർച്ചപ്പെട്ട കുടുംബമാകണമെന്നില്ല. എന്നാൽ അടുത്ത കുടിയാകാം. ജന്മാവകാശമില്ലാത്ത ഭൂമിയിലെ അടകുടിക്ക് കുടികിടപ്പവകാശം ലഭ്യമായത് കേരളത്തിലെ സവിശേഷമായ സാമൂഹിക അവസ്ഥയെ ഓർമിപ്പിക്കുന്നു.

അടമാറി ഞാറ്റടിയാണ്. ഞാറ്റടി ഞാറുവളർത്തുന്ന ചെറുവയലാണ്. നിരപ്പില്ലാതെ പൊങ്ങിയും താണുമുള്ള ഭൂമിക്കും അടമാറിയെന്നു പറയും. അടക്കിരാവ് ഒരുതരം നെല്ലാണ്. അടയോട് അതായത് വെറ്റിലയോട് ചേർത്തുപയോഗിക്കുന്നതുകൊണ്ടാണ് പാക്കിന് അടയ്ക്ക (അടകായ്) എന്ന പേരു വന്നത്. അടക്കാവ് അടയ്ക്കാക്കുരുവിയാണ്. അടമരം നാട്ടുബദാമും അടപതിയൻ ഒരു പച്ചമരുന്നുമാണ്. ഇടവിടാതെ ധാരധാരയായുള്ള പേമാരിയാണ് അടമഴ. വയലിൽ നിന്നും വെള്ളം ഒഴുകിപ്പോകാനുള്ള ചാലാണ് അടയൂണി. പൊന്നിലും മറ്റും ഉരുണ്ട ചെറുമണികൾ ഉണ്ടാക്കാനുള്ള അച്ചാണ് അടയച്ച്. അടപ്പം പുകയിലയും മറ്റും അടച്ചുവെക്കാനുപയോഗിക്കുന്ന ചെല്ലമാണ്. ക്ഷുരകന്മാരുടെ സഞ്ചിയെന്നും ഇതിനർഥമുണ്ട്. എല്ലാം, മുഴുവനും, ആകപ്പാടെ എന്നിങ്ങനെയുള്ള അർഥങ്ങളാണ് അടപടലത്തിനുള്ളത്.

ഈ മാസത്തിലെ പദപാഠത്തിൽ അടയോടൊപ്പമുള്ള സഞ്ചാരമാണ് നടത്തിയത്. അടയും അടചേർന്ന വാക്കുകളും മലയാളത്തിൽ സജീവമാണെന്നു കണ്ടു. പലഹാരമെന്നതിലുപരി അട മറ്റു പലതും കൂടിയാണെന്ന് ഈ പദപാഠം പങ്കിടുന്നു. ■



## പുസ്തക പരിചയം

# കേരളം കാലഘട്ടങ്ങളിലൂടെ

പരശുരാമൻ മഴു എറിഞ്ഞ് സൃഷ്ടിച്ചതാണ് കേരളം എന്നൊരു ഐതിഹ്യം നമുക്കുണ്ട്. അത് ഐതീഹ്യമാണെങ്കിലും നമുക്ക് വലിയൊരു ചരിത്രപശ്ചാത്തലമുണ്ട്. വളരെ പൗരാണികമായ ആചാരങ്ങളും വിശ്വാസങ്ങളും ഈ ആധുനിക കാലത്തിൽ കൊണ്ടുനടക്കുന്നവരാണ് നമ്മൾ. നമ്മുടെ സാമൂഹിക ചരിത്രത്തിന് കൃത്യമായ കാലഘട്ടങ്ങളുണ്ട്. ജാതി രൂപപ്പെടുന്നതിന് മുമ്പും അതിനുശേഷവും നമ്മുടെ സമൂഹം എങ്ങനെയായിരുന്നു എന്ന് നാം അറിയേണ്ടതുണ്ട്. കേരള ചരിത്രത്തെക്കുറിച്ച് അനേകം പുസ്തകങ്ങൾ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും വളരെ ലളിതമായി കേരള ചരിത്രം വിവരിക്കുന്ന പുസ്തകമാണ് 'കേരളം കാലഘട്ടങ്ങളിലൂടെ'




കേരളത്തെ കൂടുതൽ അടുത്തറിയുന്നതിന് സഹായകമായ ഗ്രന്ഥമാണ് കേരളം കാലഘട്ടങ്ങളിലൂടെ. പ്രാചീന ചരിത്രം മുതൽ ആധുനിക കാലഘട്ടംവരെയുള്ള ചരിത്രം വളരെ സരളമായ ഭാഷയിൽ ഇതിൽ വിവരിക്കുന്നു. ഗോത്ര വ്യവസ്ഥിതി മുതൽ ജന്മിത്ത വ്യവസ്ഥിതി വരെ, യൂറോപ്യൻ സാമ്രാജ്യത്വം, സ്വാതന്ത്ര്യത്തിലേക്ക് ഇങ്ങനെ മൂന്നു ഭാഗങ്ങളായി തിരിച്ചാണ് ചരിത്രം പറഞ്ഞിരിക്കുന്നത്. ഇവിടെ നിലനിന്നിരുന്ന കുടുംബവ്യവസ്ഥിതിയെക്കുറിച്ചും. പുതിയ മതങ്ങളുടെ കടന്നുവരവിന്റെ ചരിത്രവും വിദേശ ആധിപത്യത്തിന്റെ ചരിത്രവും വസ്തുതാപരമായി ഈ പുസ്തകത്തിലുണ്ട്. കൂടാതെ കേരളചരിത്രത്തിലെ പ്രധാന സംഭവങ്ങളുടെ കാലാനുക്രമനുസരിച്ചുള്ള സംഭവങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രസാധനം : ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്.

വില : 100 രൂപ

എം.വി. തോമസ്

# ഭരണഭാഷ: ഉദ്യമങ്ങളും ഫലപ്രാപ്തിയും



ഭരണഭാഷ

ഭാഷാടിസ്ഥാനത്തിൽ രൂപവത്കൃതമായ കേരള സംസ്ഥാനം എന്നേ അരനൂറ്റാണ്ട് പിന്നിട്ടു കഴിഞ്ഞു. സംസ്ഥാനത്ത് ഭരണഭാഷ മലയാളമാക്കുന്നതിനുള്ള പരിശ്രമങ്ങൾക്കും അത്രത്തോളം പഴക്കമുണ്ട്. മാറിമാറിവന്ന സർക്കാരുകൾ ഈ ഉദ്ദേശ്യത്തോടെ ഒട്ടേറെ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ശ്രദ്ധേയമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി. തന്മൂലം ഈ രംഗത്ത് കുറെയൊക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് സാധിച്ചു. ഈ കാലയളവിൽ ഭരണസംവിധാനത്തിന്റെ വിവിധമേഖലകളിൽ മലയാളത്തിന് ഔദ്യോഗികപദവി നല്കുന്നതിന് നാം നടത്തിയ ഉദ്യമങ്ങളും അവയുടെ ഫലപ്രാപ്തിയും വിലയിരുത്തേണ്ടതുണ്ട്.

## ആംഗലവത്കരണം

1947-ൽ ഇംഗ്ലീഷുകാർ ഇന്ത്യ വിട്ടതിനെത്തുടർന്ന് തിരുവിതാംകൂറും കൊച്ചിയും ഇന്ത്യൻ യൂണിയനിൽ ചേർന്നു. മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിത്തുടർന്നു. 1956 നവംബർ ഒന്നിന് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനവും മലബാർപ്രദേശവും സംയോജിപ്പിച്ച് അല്പം ചില രൂപഭേദങ്ങളോടെ കേരള സംസ്ഥാനം രൂപവത്കരിച്ചു. തുടർന്നുള്ള ആറുമാസക്കാലം ഈ സംസ്ഥാനത്ത് പ്രസിഡന്റ് ഭരണമാണ് നിലവിലിരുന്നത്. ബി. രാമകൃഷ്ണറാവു ഗവർണറും പി.എസ്. റാവു അഡ്വൈസറുമായിരുന്ന അക്കാലത്ത് ആംഗലവത്കരണപ്രക്രിയ ശക്തിപ്പെട്ടു. രാജഭരണത്തിന്റെ അവശിഷ്ടാധികാരങ്ങൾ പോലും അപ്രത്യക്ഷമായി മദിരാശി സംസ്ഥാനത്തുനിന്ന് കേരളസർവീസിലേക്ക് കുടിയേറിയ ആംഗലഭാഷാ പ്രവീണന്മാരായ ഉന്നതോദ്യോഗസ്ഥന്മാർ കേരളത്തിന്റെ ഭരണസിരാകേന്ദ്രങ്ങളിൽ പിടിമുറുക്കിയതോടെ ഈ പ്രക്രിയ ഏതാണ്ട് പൂർത്തിയായി. പിന്നീട് ഈ സംസ്ഥാനത്ത് നിയമവും നിയമനിർമാണവും ഉത്തരവുകളും കോടതി നടപടികളും ഒക്കെ ഇംഗ്ലീഷിലായി. ഉദ്യോഗപ്പേരുകളിൽപ്പോലും മാറ്റം സംഭവിച്ചു.

## ഔദ്യോഗിക നടപടികളുടെ തുടക്കം

1957 ഏപ്രിൽ അഞ്ചിന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിലാദ്യത്തെ ജനകീയ സർക്കാർ അധികാരമേറ്റു. പുതിയ സർക്കാർ കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചു. കോമാട്ടിൽ അച്യുതമേനോനായിരുന്നു കമ്മിറ്റിയുടെ അധ്യക്ഷൻ. 1958 ആഗസ്റ്റിൽ കമ്മിറ്റി, സർക്കാരിന് ശുപാർശകൾ സമർപ്പിച്ചു. "ജനങ്ങൾക്ക് വേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം ഏത് വിഷയം അധികരിച്ചുള്ളതായാലും ജനങ്ങളുടെ ഭാഷയിൽ തന്നെ വേണമെന്നുള്ളത് നിർവിവാദമായ സംഗതിയാണ്" എന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, തൊഴിൽ വകുപ്പ് തുടങ്ങി 17 വകുപ്പുകളിൽ ഭരണസംബന്ധമായ എല്ലാ എഴുത്തുകുത്തുകളും ഉടനെ തന്നെ മലയാളമാക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തു. രാജ്യത്തെ ജനസഞ്ചയവുമായി ദൈനംദിന സമ്പർക്കമുള്ള വകുപ്പുകളെന്ന നിലയിലാണ് ഇവയെ തിരഞ്ഞെടുത്തത്. പൊതുമരാമത്ത്, ആരോഗ്യം, വൈദ്യുതി തുടങ്ങിയ സാങ്കേതിക സ്വഭാവമുള്ള വകുപ്പുകൾക്ക് പ്രാമാണികരേഖകളുടെ വിവർത്തനത്തിനുവേണ്ടി ഒരു വർഷത്തെ സാവകാശം കൊടുക്കാവുന്നതാണെന്ന് കമ്മിറ്റി നിർദേശിച്ചു. അതനുസരിച്ച്, 1958 ൽ കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളമാവേണ്ടതായിരുന്നു. എന്നാൽ അതുണ്ടായില്ല.

## ധീരമായ നടപടികൾ

1965 ൽ ഏർപ്പെടുത്തിയ പ്രസിഡന്റ് ഭരണകാലത്ത് ഗവർണറായിരുന്ന എ.പി. ജയിൻ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന് ധീരമായ ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. കോമാട്ടിൽ അച്യുതമേനോന്റെ ശുപാർശകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ 1965 മെയ് അഞ്ചിന് മലയാറ്റൂർ രാമകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതാനും ഓഫീസുകളിൽ നിർദിഷ്ട ആവശ്യങ്ങൾക്ക് മലയാളം ഔദ്യോഗികഭാഷയായി ഉപയോഗിക്കണമെന്ന് 1965 ഒക്ടോബർ 19ന് സർക്കാർ നിർദേശിച്ചു. അങ്ങനെ പരിമിതമായ തോതിലാണെങ്കിൽപ്പോലും മലയാളം ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ആദ്യത്തെ ഉത്തരവുണ്ടായത് ഹിന്ദിഭാഷക്കാരനായ ഒരു ഗവർണറുടെ താത്പര്യം കൊണ്ടാണ്. ഔദ്യോഗികഭാഷാ സ്പെഷ്യൽ ഓഫീസറുടെ തുടർന്നുള്ള ശുപാർശകൾ അംഗീകരിച്ചുകൊണ്ടും മലയാളത്തിന്റെ ഉപയോഗം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടും 1966 ഏപ്രിൽ 19ന് ഉത്തരവിട്ടതും മറ്റൊരു ഉത്തരേന്ത്യനാണ് - ഗവർണർ ഭഗവാൻ സഹായ്. ഈ ഉത്തരവുകളൊക്കെ ഉണ്ടായിട്ടും ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്ന കാര്യത്തിൽ പറയത്തക്ക പുരോഗതിയൊന്നും ഉണ്ടായില്ല.

കേന്ദ്രസർക്കാരിന്റെ താത്പര്യപ്രകാരം ഭരണഭാഷമാറ്റം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 1968 ൽ കേരളത്തിൽ ഒരു ഔദ്യോഗികഭാഷാ കമ്മീഷൻ രൂപം കൊണ്ടു. എം. പ്രഭയായിരുന്നു കമ്മീഷന്റെ അധ്യക്ഷൻ. ഒരു ദശാബ്ദത്തിനുള്ളിൽ ഇന്ത്യൻ ഭരണഘടനയുൾപ്പെടെ നൂറ്റിയൻപതോളം പ്രധാനപ്പെട്ട കേന്ദ്രനിയമങ്ങളുടെ വിവർത്തനങ്ങൾ പ്രസാധനം ചെയ്യുവാൻ കമ്മീഷന് കഴിഞ്ഞു. അവയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നമ്മുടെ കോടതികളിൽ പ്രാമാണിക രേഖയായി ഈ വിവർത്തനങ്ങൾ ഇപ്പോഴും ഉപയോഗിക്കാറില്ല. 1968 ൽ തന്നെ രൂപം കൊണ്ട കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണഭാഷാമാറ്റത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തി. മാനവിക-വൈജ്ഞാനിക ശാഖകളിൽ സർവകലാശാല തലത്തിലുള്ള ഗ്രന്ഥങ്ങൾ നിർമിക്കുകയെന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യലക്ഷ്യമെങ്കിലും മലയാളം ഭരണഭാഷയാക്കാ

നുതകുന്ന ശബ്ദാവലികളും മറ്റും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മലയാളം ടൈപ്പ്റൈറ്ററിന്റെ കീബോർഡ് നിർമാണം, ഷോർട്ട്ഹാൻഡ് പരിഷ്കരണം, ലിപി പരിഷ്കരണം തുടങ്ങി ഭരണഭാഷാമാറ്റത്തിനുള്ള ഔദ്യോഗിക നടപടികളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻകയ്യെടുത്ത് പ്രവർത്തിച്ചു.

## ഔദ്യോഗികഭാഷാ നിയമം

സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഭരണഭാഷ മലയാളമാക്കുന്നതിലേക്ക് സുപ്രധാനമായ ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് 1969 ൽ കേരള ഔദ്യോഗികഭാഷാ (നിയമനിർമാണം) നിയമം പാസ്സാക്കിയതാണ്. നിയമനിർമാണത്തിന് ഇംഗ്ലീഷിനോടൊപ്പം മലയാളവും ഉപയോഗിക്കാവുന്നതാണെന്ന് അതിൽ വ്യവസ്ഥ ചെയ്തിരുന്നു. ഹൈക്കോടതിക്കു താഴെയുള്ള കോടതികളിൽ മലയാളം ഉപയോഗിക്കുന്നതിന് അനുവദിച്ചുകൊണ്ട് 1973 മെയ് മാസത്തിൽ ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഔദ്യോഗികഭാഷാ നിയമത്തിന് 1973 ൽ വരുത്തിയ ഭേദഗതി പ്രകാരം ചേർത്ത I 'എ' വകുപ്പിൽ ഇംഗ്ലീഷും മലയാളവും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷകൾ ആയിരിക്കുമെന്ന് അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. പ്രത്യേക ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ 'ബി' വകുപ്പ് സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഈ വകുപ്പിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ വകുപ്പുകളിൽ മലയാളം മാത്രം ഉപയോഗിക്കണമെന്ന് അനുശാസിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. എന്നാൽ പ്രസ്തുത വകുപ്പുകളുടെ മേലേത്തട്ടിൽ മുമ്പെന്നപോലെ ഇപ്പോഴും ഇംഗ്ലീഷ് തന്നെയാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്.

## പഞ്ചവത്സര പദ്ധതി

1976 ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എ.കെ. ആന്റണി കേരളത്തിന്റെ ഔദ്യോഗികഭാഷ പൂർണമായും മലയാളമാക്കുന്നതിന് ഒരു പഞ്ചവത്സരപദ്ധതി പ്രഖ്യാപിച്ചു. 1976 നവംബർ ഒന്ന് മുതൽ അഞ്ചു വർഷത്തിനകം സെക്രട്ടേറിയറ്റ് ഉൾപ്പെടെ ഉള്ള എല്ലാ ഓഫീസുകളിലെയും പബ്ലിക് സർവീസ് കമ്മീഷൻ, സർവകലാശാലകൾ, നിയമസഭ എന്നിവിടങ്ങളിലെയും കോടതികളിലെയും ഔദ്യോഗികഭാഷ മലയാളമാക്കുമെന്നായിരുന്നു പ്രഖ്യാപനം. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ ഒരു വിഭാഗമായ ഔദ്യോഗിക ഭാഷാവിഭാഗം 'ഭരണഭാഷ' എന്നൊരു മാസിക നല്ല നിലയിൽ നടത്തുകയും ഭരണ ഭാഷാപ്രയോഗപദ്ധതി, ഭരണശബ്ദസഹായി, ഭരണഭാഷാ സംബന്ധമായ ഉത്തരവുകളുടെ സമാഹാരം തുടങ്ങി കുറേ ലഘുഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനപ്പുറം ഈ പഞ്ചവത്സരപദ്ധതി ലക്ഷ്യത്തിന്റെ വിദൂരസ്ഥാനങ്ങളിൽപ്പോലും എത്തിയോ എന്ന കാര്യം സംശയമാണ്. 1995 ലും 2001 ലും മുഖ്യമന്ത്രി പദമേറ്റപ്പോഴും എ.കെ. ആന്റണി ഭരണഭാഷയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. ഭരണഭാഷാവകുപ്പിന്റെ ചുമതല 2001 ൽ പാർലമെന്ററികാര്യമന്ത്രി എം.എം. ഹസ്സനെ ഏല്പിക്കുകയും നവംബർ ഒന്നു മുതൽ ഒരാഴ്ച ഭരണഭാഷാവാരമായി ആഘോഷിക്കുന്നതിന് തുടക്കം കുറിക്കുകയും ചെയ്തതായിരുന്നു ഈ രംഗത്ത് അദ്ദേഹം സ്വീകരിച്ച ശ്രദ്ധേയമായ നടപടി. ഇപ്പോൾ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ മലയാളം ഭരണഭാഷയാക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 2012 നവംബർ ഒന്നു മുതൽ ഒരു വർഷം ഭരണഭാഷാ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്.

## മലയാളം നിയമസഭയിൽ

നമ്മുടെ ഭരണസംവിധാനത്തിന് നിയമനിർമാണം, ഭരണനിർവഹണം, നീതിനിർവഹണം എന്നിങ്ങനെ മൂന്ന് മേഖലകളാണല്ലോ ഉള്ളത്. ഈ മൂന്ന് മേഖലകളിലും പൂർണമായും മലയാളം ഉപയോഗിക്കുമ്പോൾ മാത്രമേ ഈ ഭാഷ കേരളത്തിലെ ഭരണഭാഷയായി എന്ന് പറയാനാവൂ. ഭാഗ്യവശാൽ കേരള നിയമസഭയുടെ നടപടികൾ ഇപ്പോൾ മലയാളത്തിലായിട്ടുണ്ട്. വി.എം. സുധീരൻ അധ്യക്ഷനായ നിയമസഭാ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ടിൽ (1983 ആഗസ്റ്റ്) എല്ലാ തലങ്ങളിലും ഭരണഭാഷയെന്ന നിലയിൽ മലയാളം ഉപയോഗിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിച്ചു. മറ്റ് നിയമസഭകളിൽ ചെയ്യുന്നതുപോലെ കേരള നിയമസഭയിലും തദ്ദേശഭാഷയിൽ തന്നെ ബില്ലുകൾ അവതരിപ്പിക്കുന്നതിന് ഇനിയും കാലതാമസം ഒട്ടും വരുത്താൻ പാടില്ല എന്ന ശുപാർശ സർക്കാർ കൈയോടെ അംഗീകരിച്ച് നടപ്പാക്കി. അടുത്തകാലത്ത് ഭരണഭാഷയ്ക്ക് വേണ്ടി ഒരു നിയമസഭാ സമിതി രൂപവത്കരിച്ചത് ഒരു പുതിയ കാൽവയ്പാണ്. എന്നാൽ കേരളത്തിന്റെ ഏക ഔദ്യോഗിക ഭാഷയായി മലയാളത്തെ അവരോധിക്കുന്ന ഒരു നിയമനിർമാണം ഇന്നേവരെ ഉണ്ടായിട്ടില്ല. മലയാളത്തെ കേരളത്തിന്റെ ഏക ഔദ്യോഗിക ഭാഷയും നിർബന്ധിത പഠനഭാഷയുമായി പ്രഖ്യാപിക്കുകയും ഇംഗ്ലീഷ്, ഹിന്ദി ന്യൂനപക്ഷഭാഷകൾ എന്നിവ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന സന്ദർഭങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്ന ഒരു നിയമമാണ് അടിയന്തരമായി ഉണ്ടാവേണ്ടത്.

## കോടതി ഭാഷ

സ്വാതന്ത്ര്യലബ്ധിവരെ കീഴ്ക്കോടതികളിൽ പൂർണമായും ഹൈക്കോടതികളിൽ ഭാഗികമായും മലയാളം ഉപയോഗിച്ചിരുന്ന കേരളത്തിൽ ഇന്ന് നീതിന്യായകോടതികളുടെ പടിക്കുപുറത്താണ് മലയാളത്തിന്റെ സ്ഥാനം. സിവിൽ നടപടിക്രമം 137-ാം വകുപ്പു പ്രകാരവും ക്രിമിനൽ നടപടിക്രമം 272-ാം വകുപ്പു പ്രകാരവും കീഴ്ക്കോടതികളിലെ ഭാഷ എന്തായിരിക്കണമെന്ന് നിർണയിക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിനുണ്ട്. ഇതു പ്രകാരം 1978 ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ കീഴ്ക്കോടതികളിൽ മലയാളം കൂടി ഉപയോഗിക്കുന്നതിന് അനുമതി നല്കി. മലയാളം നിർബന്ധമായും ഉപയോഗിക്കുന്നതിന് അതിൽ നിർദേശിച്ചിരുന്നില്ല. ഈ വിജ്ഞാപനം അനുസരിച്ച് തിരുവനന്തപുരത്ത് ഒരു ജഡ്ജി ചില വിധികൾ മലയാളത്തിൽ എഴുതുകയുണ്ടായി. അത്രയുമല്ലാതെ മറ്റൊന്നും ആ വിജ്ഞാപനം മുഖേന സംഭവിച്ചില്ല. സ്വന്തമായി അംഗീകൃത പ്രാദേശിക ഭാഷകൾ ഇല്ലാത്ത ചില വടക്കു കിഴക്കൻ സംസ്ഥാനങ്ങളെ ഒഴിച്ചു നിർത്തിയാൽ കീഴ്ക്കോടതികളിൽ പ്രാദേശികഭാഷ വിധിയെഴുത്തിന് ഉപയോഗിക്കാത്ത ഒരേ ഒരു സംസ്ഥാനം ഒരുപക്ഷേ കേരളമായിരിക്കും.

ഹൈക്കോടതിയുടെയും എല്ലാ കീഴ്ക്കോടതികളുടെയും വിധിപ്രസ്താവം ഉൾപ്പെടെ എല്ലാ കോടതികാര്യങ്ങളും മലയാളത്തിൽ തന്നെ നിർവഹിക്കുന്നതിന് വേണ്ട നടപടികൾ ശുപാർശ ചെയ്യുന്നതിന് വേണ്ടി ഹൈക്കോടതിയിലെ സിറ്റിങ് ജഡ്ജിയായിരുന്ന ജസ്റ്റിസ് കെ.കെ. നരേന്ദ്രന്റെ അധ്യക്ഷതയിൽ ഒരു സമിതി രൂപവത്കരിച്ച് 1985 മെയ് 24ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഉടനടി കീഴ്ക്കോടതികളിൽ പൂർണമായും മലയാളം നടപ്പാക്കുന്നതിന് 1987 ൽ സമിതി ശുപാർശ സമർപ്പിച്ചു. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും ഈ വഴിക്കുള്ള കാര്യമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണിത്.

പാടിയ ഗാനം മധുരകരം: പാടാത്ത ഗാനം മധുരതരം എന്നു പറഞ്ഞതുപോലെ ഭരണഭാഷ മലയാളമാക്കുന്നതിനുവേണ്ടി കഴിഞ്ഞ അരനൂറ്റാണ്ടിലേറെക്കാലമായി മാറിമാറി വന്ന സംസ്ഥാന സർക്കാരുകൾ എടുത്തിട്ടുള്ള നടപടികളൊക്കെ നല്ലവ തന്നെ. പക്ഷേ ഇനി എടുക്കാൻ പോകുന്ന നടപടികളാണ് ഈ രംഗത്ത് നിർണായകമാവുക. ■

*ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച ഭരണഭാഷ പ്രായോഗികതലത്തിൽ എന്ന പുസ്തകത്തിൽ നിന്ന്.*

ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# ഗാന്ധിജയന്തിയിലെ തുടക്കങ്ങൾ

ലഹരിരഹിതമായ രാജ്യമെന്ന ഗാന്ധിജിയുടെ സ്വപ്നം യാഥാർഥ്യമാക്കുന്നതിനുള്ള നിർണായകമായ ചുവടുവയ്പ്പ് നാം നടത്തിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ ബാറുകൾ പൂട്ടാനും ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണം കുറയ്ക്കാനും തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ നല്ലൊരു ശതമാനം നഷ്ടപ്പെടുത്തിക്കൊണ്ടുള്ള തീരുമാനമായിരുന്നു ഇത്. പക്ഷെ റവന്യൂവരുമാനം കുറഞ്ഞെങ്കിലും വികസനപ്രവർത്തനങ്ങൾക്ക് മുടക്കം വരാതെ നോക്കുവാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്.

സർക്കാർ ചില നികുതികൾ വർധിപ്പിച്ചിട്ടുണ്ട്. പക്ഷെ അത് സാധാരണക്കാരെ ഒരുവിധത്തിലും ബാധിക്കുന്നതല്ല. ഒരു മാസം 15000 ലിറ്ററിന് മുകളിൽ വെള്ളം ഉപയോഗിക്കുന്നവരുടെ നിരക്കാണ് കൂടിയത്. ആഡംബര വീടുകൾക്കും ആഢംബര കാറുകൾക്കും നികുതി കൂടും. ഏറെ നാളായി ഭൂമിയുടെ ന്യായവില വർധിപ്പിക്കണമെന്ന ആവശ്യം അംഗീകരിച്ചു. 50 ശതമാനമാണ് വർധിപ്പിച്ചത്. മദ്യനിരോധനത്തിലൂടെ സംഭവിച്ച നികുതിവരുമാനത്തിലെ കുറവ് സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെ പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

വികസന ക്ഷേമപ്രവർത്തനങ്ങൾ മുടക്കംവരാതെ മുന്നോട്ടുകൊണ്ടുപോകുവാൻ പുതിയ നികുതി മാർഗങ്ങൾ കണ്ടെത്തിയേ കഴിയൂ. പലവിധ കൂടിയാലോചനകൾ നടത്തിക്കൊണ്ടാണ് പുതിയ നികുതിസ്രോതസ്സുകൾ സർക്കാർ കണ്ടെത്തിയത്. വർധിപ്പിച്ച നികുതി ഒരുതരത്തിലും സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല.

വികസനക്ഷേമ പ്രവർത്തനങ്ങൾപോലെ തന്നെ പ്രാധാന്യമുള്ളതാണ് പരിസ്ഥിതിയുടെ സന്തുലനവും അതിന്റെ സംരക്ഷണവും. അത് ലക്ഷ്യംവെച്ചുകൊണ്ടാണ് സംസ്ഥാനത്ത് ഫ്ളക്സ് നിരോധിച്ചത്. പ്ലാസ്റ്റിക് നാം നേരത്തേ നിരോധിച്ചു. പക്ഷെ അത് ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നില്ല. വരും തലമുറയ്ക്കുവേണ്ടി പരിസ്ഥിതിയെ പരിരക്ഷിച്ചുനിലനിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. പ്ലാസ്റ്റിക് ഉയർത്തുന്ന വലിയ പരിസ്ഥിതി പ്രശ്നങ്ങൾ നമുക്കറിയാം. പ്ലാസ്റ്റിക് ഒരുതരത്തിലും ഇല്ലാതാകുന്നില്ല. അത് കാലങ്ങളോളം ഭൂമിയിൽത്തന്നെ പല രൂപത്തിൽ അവശേഷിക്കുന്നു. നമ്മുടെ നാട്ടിൽ ഫ്ളക്സിന്റെ ഉപയോഗം വളരെ അപകടകരമായ രീതിയിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. ഏതു ചെറിയ കാര്യത്തിനും വലിയ ഫ്ളക്സ് ബോർഡുകൾ അടിച്ച് എല്ലാ കവലകളിലും സ്ഥാപിക്കുകയെന്നത് നമ്മുടെ ശീലമായിക്കഴിഞ്ഞിരിക്കുന്നു. അത് ശക്തമായി നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ പരിസ്ഥിതിയെ നല്ലരീതിയിൽ ബാധിക്കും. ഇനിവരുന്ന തലമുറയോട് വലിയൊരു നീതികേടായിരിക്കും നാം ചെയ്യുന്നത്. ജനങ്ങളുടെ ക്ഷേമവും ഐശ്വര്യവും നിലനിർത്തുവാൻ പ്രതിജ്ഞാബദ്ധമായ സർക്കാരിന് ഇത്തരം കാര്യങ്ങൾ കണ്ടില്ലെന്നു നടിക്കാനാകില്ല. അതുകൊണ്ടാണ് ഈ ഗാന്ധിജയന്തി വാരാഘോഷകാലത്തുതന്നെ ഇത്തരം നിർണായക തീരുമാനം സർക്കാർ കൈക്കൊണ്ടത്. ഈ തീരുമാനങ്ങളുമായി എല്ലാവിഭാഗം ജനങ്ങളും സഹകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ■